بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാല്യം 3

ലക്കം 27

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ജൂലായ് 05/ഹി:ശം:1397 വഫാ 5/ഹി:ഖ:1439 ശവ്വാൽ 20


## അല്ലാഹുവിന്റെ വചനം

وَمَا تَفۡعَلُوۡا مِنۡ خَیۡرٍ یَّعۡلَمۡهُ اللّٰہُ ؕ
وَتَزَوَّدُوۡا فَاِنَّ خَیۡرَ الزَّادِ التَّقۡوٰی ۫
وَاتَّقُوۡنِ یٰۤاُولِی الۡاَلۡبَابِ

നന്മയുടെ ഏതുകാര്യം നിങ്ങൾ ചെയ്താലും അത് അല്ലാഹു അറിയുന്നു. യാത്രയ്ക്കു ആവശ്യമായ വിഭവങ്ങൾ കരുതിക്കൊള്ളുക. തീർച്ചയായും ഏറ്റവും നല്ല കരുതൽവിഭവം തഖ്വയാകുന്നു. ബുദ്ധിമാന്മാരേ! നിങ്ങൾ എന്നെ മാത്രം ഭയപ്പെടുക(2:198)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണ്ണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**ഈസബ്നുമർയം മരിച്ചുപോയിരിക്കുന്നുവെന്ന് നിങ്ങൾ ദൃഢമായും വിശ്വസിക്കുക.
കശ്മീരിൽ ശ്രീനഗറിലുള്ള ഖാൻയാർ തെരുവിൽ അദ്ദേഹത്തിന്റെ ഖബ്റുണ്ട്.
അല്ലാഹു തന്റെ പ്രിയപ്പെട്ട ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ മരണവാർത്ത നല്കിയിരിക്കുന്നു.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

അവൻ നിങ്ങളെ സ്വീകരിക്കുന്നതിന് നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങൾ ഋജുവാക്കിയും നാവുകളും കണ്ണുകളും ചെവികളും പരിശുദ്ധമാക്കിയും അവനിലേക്ക് വരിക. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹു നിങ്ങളിൽനിന്നാഗ്രഹിക്കുന്നത് ഇതാണ്: അതായത് അല്ലാഹു ഏകനാകുന്നു. മുഹമ്മദ്(സ)അവന്റെ നബിയും ഖാത്തമുൽഅമ്പിയാഉം എല്ലാവരെക്കാളും ശ്രേഷ്ഠനുമാകുന്നു. പ്രതിച്ഛായയായ രൂപത്തിൽ മുഹമ്മദിയ്യത്തിന്റെ പുതപ്പ് പുതപ്പിക്കപ്പെട്ട നബിയല്ലാതെ മറ്റൊരു നബിയും അദ്ദേഹത്തിനു ശേഷമില്ല. എന്തുകൊണ്ടെന്നാൽ ഭൃത്യൻ തന്റെ യജമാനനിൽനിന്ന് വേർപെട്ടവനല്ല. ശാഖ അതിന്റെ തായ്ത്തടിയിൽനിന്ന് വേർപ്പെട്ടതുമല്ല. അതുകൊണ്ട് തന്റെ യജമാനനിൽ പരിപൂർണമായി ലയിച്ചത് നിമിത്തം അല്ലാഹുവിൽനിന്ന് നബിയെന്ന പട്ടം ലഭിക്കുന്ന ഒരാൾ ഖത്തമുന്നുബുവ്വത്ത് എന്ന മഹത്തായ പദവിക്ക് ഒരു കോട്ടവും വരുത്തുന്നില്ല. നിങ്ങൾ കണ്ണാടിയിൽ നിങ്ങളുടെ പ്രതിരൂപം കാണുമ്പോൾ പ്രത്യക്ഷത്തിൽ രണ്ടായിക്കാണപ്പെടുന്നുണ്ടെങ്കിലും നിങ്ങൾ രണ്ടാകുന്നില്ല. ഒന്നുതന്നെയായിരിക്കും. മൂലവും (രൂപവും) പ്രതിരൂപവും തമ്മിലുള്ള വ്യത്യാസം മാത്രമേയുള്ളൂ. അതുപോലെതന്നെയാണ് അല്ലാഹു വാഗ്ദത്ത മസീഹിന്റെ കാര്യത്തിലും ഇച്ഛിക്കുന്നത്. വാഗ്ദത്ത മസീഹ് തന്റെ ഖബ്റിൽ മറയടക്കപ്പെടുമെന്ന് ഹദ്റത്ത് നബി(സ)തിരുമേനി അരുൾ ചെയ്തതിന്റെ രഹസ്യവും ഇതുതന്നെയാണ്. അത് ഞാൻ തന്നെയാകുന്നു. ഇതിൽ ദ്വിവിധത്വം വരുന്നില്ല. ഈസബ്നുമർയം മരിച്ചുപോയിരിക്കുന്നുവെന്ന് നിങ്ങൾ ദൃഢമായും വിശ്വസിക്കുക. കശ്മീരിൽ ശ്രീനഗറിലുള്ള ഖാൻയാർ തെരുവിൽ[1] അദ്ദേഹത്തിന്റെ ഖബ്റുണ്ട്. അല്ലാഹു തന്റെ പ്രിയപ്പെട്ട ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ മരണവാർത്ത നല്കിയിരിക്കുന്നു.

പ്രസ്തുത ആയത്തിന് മരണമെന്നല്ല മറ്റേതെങ്കിലും അർഥമാണുള്ളതെങ്കിൽ, ഈസാനബി മരിക്കുന്നതാണെന്നെവിടെയാണ് ഖുർആനിൽ പറയപ്പെട്ടിരിക്കുന്നത്? നമ്മുടെ എതിരാളികൾ കരുതുന്നതുപോലെ അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ചുള്ള ആയത്തുകൾക്ക് മറ്റൊരർഥമാണുള്ളതെങ്കിൽ അദ്ദേഹം എപ്പോഴെങ്കിലും മരണമടയുന്നതാണെന്ന് കാണിക്കുന്ന വല്ല വചനവും ഖുർആനിലുണ്ടോ? അല്ലാഹു നമ്മുടെ നബിയുടെ മരണത്തെക്കുറിച്ച് അറിയിച്ചുതന്നിരിക്കുന്നു. എന്നാൽ, ഈസാനബി മരിക്കുന്നതിനെക്കുറിച്ച് ഖുർആനിൽ എവിടേയും പ്രതിപാദിക്കുന്നില്ല. ഇതിലുള്ള രഹസ്യമെന്താണ്?

ഈസാനബിയുടെ മരണവാർത്ത *ഫലമ്മാ തവഫ്ഫയ്ത്തനീ കുൻത അൻതർറഖീബ അലയ്ഹിം*[2] എന്ന ആയത്തിൽ പറഞ്ഞിരിക്കുന്നുവെന്നാണെങ്കിൽ ഈ തിരുവചനം വളരെ സ്പഷ്ടമായി തെളിയിക്കുന്നത് ക്രിസ്ത്യാനികൾ വഴിപിഴയ്ക്കുന്നതിനുമുമ്പേ അദ്ദേഹം മരണപ്പെട്ടിരിക്കുന്നുവെന്നാണ്.[3] ഫലമ്മാ തവഫ്ഫയ്ത്തനീ എന്ന ആയത്തിന് ജീവനുള്ള ശരീരത്തോടുകൂടി ആകാശത്തിലേക്കുയർത്തി എന്നാണർഥമെങ്കിൽ എന്തുകൊണ്ട് ഖുർആനിൽ അദ്ദേഹം മരിക്കുന്നതിനെക്കുറിച്ച് ഒന്നും തന്നെ അല്ലാഹു സൂചിപ്പിക്കുന്നില്ല. അദ്ദേഹത്തിന്റെ ആകാശ ജീവിതമെന്ന മിഥ്യാവിശ്വാസം ലക്ഷക്കണക്കിനാളുകളെ നാശഗർത്തത്തിലാഴ്ത്തുകയുണ്ടായല്ലോ. അതായത് ദൈവം അദ്ദേഹത്തിന് സ്ഥായിയായ ജീവിതം നല്കിക്കൊണ്ട്, ജനങ്ങളെ ബഹുദൈവാരാധകരും നിർമതവാദികളും ആക്കിത്തീർത്തുവെന്ന് പറയേണ്ടിവരും! ഇത് ജനങ്ങളുടെ തെറ്റല്ല. ജനങ്ങളെ വഴിപിഴപ്പിക്കാൻ ദൈവംതന്നെ ചെയ്തതാണെന്ന് പറയേണ്ടിവരും! മസീഹിന്റെ മരണംമൂലമല്ലാതെ, കുരിശുവിശ്വാസത്തിന് നാശം സംഭവിക്കുകയില്ലെന്ന കാര്യം നന്നായിട്ടോർക്കുക. വിശുദ്ധഖുർആന്റെ അധ്യാപനത്തിനെതിരെ അദ്ദേഹം ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്ന് കരുതുന്നതുകൊണ്ട് ആർക്കെന്ത് പ്രയോജനമാണുള്ളത്. ഇസ്ലാംമതം ജീവിക്കണമെങ്കിൽ അദ്ദേഹം മരിച്ചതായി തെളിയിക്കുക. അല്ലാഹു തന്റെ വചനംമൂലം മസീഹിന്റെ മരണം പ്രകടമാക്കിയിരിക്കുന്നു. നബി(സ)തിരുമേനി മിഅ്റാജ് രാവിൽ അദ്ദേഹത്തെ മരിച്ചവരോടൊപ്പം ദർശിക്കുകയും ചെയ്തു. എന്നിട്ടും നിങ്ങൾ അംഗീകരിക്കുവാൻ തയ്യാറില്ലെങ്കിൽ അതെന്തൊരു ഈമാനാണ്? മനുഷ്യരുടെ നിവേദനങ്ങളെ ദൈവവചനങ്ങളേക്കാൾ മുന്തിക്കുന്നുവോ? എന്തൊരു മതമാണിത്? താൻ മരിച്ചവരായ മഹാത്മാക്കളുടെ ആത്മാക്കളിൽ ഈസാ നബിയുടെ ആത്മാവിനേയും കണ്ടുവെന്ന് നമ്മുടെ റസൂൽ തിരുമേനി(സ) സാക്ഷ്യം വഹിച്ചുവെന്നു മാത്രമല്ല സ്വയം മരണം വരിച്ചുകൊണ്ട് ഇതിനുമുമ്പേ സ്ഥായിയായി ആരും ജീവിച്ചിരിപ്പില്ലെന്ന് തെളിയിച്ചു കാണിക്കുകയും ചെയ്തു.

നമ്മുടെ എതിരാളികൾ വിശുദ്ധ ഖുർആനെ ഉപേക്ഷിക്കുന്നതുപോലെ റസൂൽതിരുമേനി (സ)യുടെ സുന്നത്തിനേയും ഉപേക്ഷിക്കുകയാണ്. കാരണം മരണം നമ്മുടെ നബിയുടെ സുന്നത്താണ്. ഈസാ(അ) ജീവിച്ചിരിപ്പുണ്ടെങ്കിൽ മരണത്തിൽ നമ്മുടെ നബി(സ) തിരുമേനി ക്ക് അപമാനമായിരുന്നേനെ. അതുകൊണ്ട് നിങ്ങൾ ഈസാനബിയുടെ മരണത്തിൽ വിശ്വസിക്കാത്തിടത്തോളം നിങ്ങൾ അഹ്‌ലു ഖുർആനുമല്ല, അഹ്‌ലുസ്സുന്നത്തുമല്ല. ഞാൻ ഹദ്റത്ത് ഈസാനബിയുടെ തേജോവിലാസത്തെ നിഷേധിക്കുന്നവനല്ല. എങ്കിലും മുഹമ്മദീ മസീഹ് മൂസവീ മസീഹിനേക്കാൾ ശ്രേഷ്ഠനാണെന്ന് അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. എന്നിരുന്നാലും മസീഹുബ്നുമർയമിനെ ഞാൻ ഒരുപാട് ബഹുമാനിക്കുന്നു. എന്തുകൊണ്ടെന്നാൽ മസീഹുബ്നുമർയം ഇസ്റായേലി സമുദായത്തിന് ഖാത്തമുൽഖുലഫാ(ഖലീഫമാരിൽ അതിശ്രേഷ്ഠൻ) ആയിരുന്നതുപോലെ ആത്മീയതയുടെ അടിസ്ഥാനത്തിൽ ഞാൻ ഇസ്ലാമിൽ ഖാത്തമുൽ ഖുലഫാ ആകുന്നു. മൂസാ(അ)യുടെ സമുദായത്തിൽ ഇബ്നുമർയം വാഗ്ദത്ത മസീഹായിരുന്നു. മുഹമ്മദീ സമുദായത്തിൽ ഞാൻ വാഗ്ദത്ത മസീഹാണ്. അതുകൊണ്ട് ഞാൻ അദ്ദേഹത്തെ ആദ

(ശേഷം പേജ് 15ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# അഹ്മദിയ്യാ ഫിഖ്ഹ്-1

## ഇസ്‌ലാമിക ശരീഅത്തും ഇബാദത്തും

വിശുദ്ധ ഖുർആൻ എന്തെങ്കിലും അസാധാരണമായ അധ്യാപനമല്ല അവതരിപ്പിക്കുന്നത്. പ്രത്യുത അല്ലാഹു മനുഷ്യന്റെ ഉള്ളിൽ വിവിധ കഴിവുകളുടെ രൂപത്തിൽ നിക്ഷേപിച്ചിട്ടുള്ള ആന്തരികമായ ശരീഅത്തിനെ(മതനിയമങ്ങളെ) ഓർമപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ആ ശരീഅത്തുമുഖേന മനുഷ്യന്റെ ആന്തരികമായ ശക്തികളുടെ പ്രത്യേകിച്ചും അതിന്റെ കാമാസക്തപരമായ ശക്തികളുടേയും വിദ്വേഷപരമായ ശക്തികളുടേയും പരിഷ്കരണവും രൂപാന്തരവുമുണ്ടാകുന്നു. ഇതിന്റെ ഫലമായി വിവിധ ധാർമികഗുണങ്ങൾ ജന്മം കൊള്ളുന്നു. ഉദാഹരണത്തിന് സഹിഷ്ണുത, ത്യാഗമനോഭാവം, ക്ഷമ, ഉള്ളതിൽ തൃപ്തിപ്പെടൽ, ദാനശീലത, ധീരത, അനുസരണം, ആത്മാർഥത, സത്യസന്ധത, വിശ്വസ്തത, അധ്വാനം, സൽകർമങ്ങൾ ചെയ്യാനുള്ള കഴിവുകൾ തുടങ്ങിയവ. ചുരുക്കിപ്പറഞ്ഞാൽ എന്തൊന്നാണോ പ്രകൃതി ശക്തി മനസ്സിൽ നിക്ഷേപിച്ചിരുന്നത് വിശുദ്ധ ഖുർആൻ അത് ഓർപ്പെടുത്തിത്തന്നു. വിശുദ്ധ ഖുർആൻ പറഞ്ഞു: **ഫീ കിതാബിൻ മക്നൂൻ** എല്ലാവർക്കും കാണാൻ കഴിയാതിരുന്നതും പ്രകൃതിഫലകത്തിൽ മറഞ്ഞിരുന്ന ഗ്രന്ഥവുമായ അതിനെ ഈ വഹ്‌യ് എല്ലാവരുടേയും മുമ്പിൽ തുറന്നു വെക്കുകയും അത് പൂർണമായും വിശദീകരിക്കുകയും ചെയ്തു. ഇതാണ് ഇസ്‌ലാമിക ശരീഅത്തും വിശുദ്ധ ഖുർആനിന്റെ കർമപരമായ അധ്യാപനത്തിന്റെ സങ്കല്പവും. ഇതിന്റെ വ്യാഖ്യാനവും വിശദീകരണവും ജീവിതത്തിന്റെ സകല വശങ്ങളിലും വലയം ചെയ്തിരിക്കുകയാണ്. അതിലെ ഒരു പ്രധാനഭാഗം ഇബാദത്തുമായി ബന്ധപ്പെട്ടതാണ്. അതാണ് നമ്മുടെ ചർച്ചയ്ക്കു വിധേയമായിട്ടുള്ളത്.

## ഇബാദത്തും അതിന്റെ അർഥവും

നിഘണ്ടുവിന്റെ അടിസ്ഥാനത്തിൽ ഇബാദത്ത് എന്നതിന്റെ അർഥം വിധേയനായിക്കൊണ്ട് ഉന്നത അസ്തിത്വത്തിന്റെ ഒപ്പത്തിനൊപ്പം നടക്കുക, അവനോടുള്ള ബന്ധം പ്രകടിപ്പിക്കുന്നതിന് ഗൗരവും കാണിക്കുക, അവന്റെ മാതൃകയായിത്തീരുക, അവനോടുള്ള അനസുരണത്തിൽ സ്വന്തം അസിത്വത്തെ ഉൾപ്പെടുത്തുക, അവന്റെ ദയാവായ്പിന്റെ ഗുണഗണങ്ങൾ പാടുക, അവന്റെ ഔദാര്യങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുക എന്നൊക്കെയാണ്. നമ്രതയും താഴ്മയും ഭയഭക്തിയും വണക്കവും വിനയഭാവവും വിധേയത്വവും അച്ചടക്കവും മര്യാദയും വിലയനവും ഉപകാരസ്മരണയുമെല്ലാം ആ അർഥങ്ങളുടെ നിർബന്ധഫലമാണെന്നത് പ്രകടമാണ്. വിലയനത്തിന്റെ ഈ സംഗ്രഹത്തെ ഒരു കവി ഇങ്ങനെ അവതരിപ്പിച്ചിരിക്കുന്നു: നിന്റെ അനന്തമായ വിശേഷഗുണങ്ങളും നിന്റെ ദാനശീലതയും ഔദാര്യവും നിന്റെ ഉപഹാരങ്ങളും സമ്മാനങ്ങളും എന്റെ മൂന്നു കാര്യങ്ങൾ ജയിച്ചടക്കിയിരിക്കുന്നു. അതായത് എന്റെ മനസ്സും എന്റെ നാവും എന്റെ ശരീരവും. മനസ്സ് നിന്റെ മഹത്വത്തെ അംഗീകരിക്കുന്നു. നാവ് നിന്റെ സ്തുതിഗീതങ്ങൾ പാടുന്നു. ശരീരം നിന്നോടുള്ള ആദരവിൽ കുനിഞ്ഞിരിക്കുന്നു.

അതിനാൽ ഇബാദത്തിന്റെ ഈ അർഥങ്ങളിൽനിന്ന് ഇബാദത്ത് അല്ലാഹുവിനുമാത്രമേ പാടുള്ളുവെന്നത് പ്രകടമാണ്. കാരണം എല്ലാ അടിസ്ഥാനത്തിലും സമ്പൂർണൻ അവനാണ്. സകല സവിശേഷഗുണങ്ങളും സമ്മേളിച്ചിട്ടുള്ളവനും സകല പോരായ്മകളിൽനിന്നും പരിശുദ്ധനുമാണ്. അവൻ റബ്ബുൽ ആലമീനാണ്. റഹ്മാനും റഹീമുമാണ്. മാലികി യൗമിദ്ദീനാണ്. അവനോടൊപ്പം എല്ലാ സകല വിജയങ്ങളുടേയും ഉറവിടമുണ്ട്. അവന്റെ ബന്ധം എല്ലാ ബന്ധങ്ങളെക്കാളും ശ്രേഷ്ഠമാണ്. അനുസരിക്കാൻ മനുഷ്യൻ നിർബന്ധിതനായിരിക്കുന്ന ഒരു അസ്തിത്വം അവൻ മാത്രമാണ്. അവൻ ശാശ്വതമായ ഉപകാരിയാണ്. അവൻ സ്തുതിക്കും നന്ദിക്കും അർഹനാണ്. അവന്റെ അനുഗ്രഹങ്ങളുടെ ഗുണഗണങ്ങൾ മനുഷ്യൻ പാടുന്നു. അവന്റെ ഔദാര്യങ്ങളിൽ ലയിച്ചിരിക്കുന്നു. അവന്റെ അനന്തമായ അഴക് പ്രേമം ഉദ്ദീപിപ്പിക്കുന്നതാണ്. അവന്റെ വർണത്തിൽ വിഭൂഷിതനാകുക എന്നത് മനുഷ്യന് അഭിമാനവും അലങ്കാരവുമാണ്. അവന്റെ തിരുസന്നിധിയിലെ മനുഷ്യത്വം കുനിയാവൂ. കാരണം അവന്റെ മുമ്പിൽ കുനിയുക എന്നത് മനുഷ്യത്വത്തിന്റെ ആകാശാരോഹണമാണ്. അവനെക്കൂടാതെ മറ്റാരുടെയെങ്കിലും മുമ്പിൽ കുനിയുക, അതിന്റെ സന്നിധിയിൽ വിനയവും വണക്കവും കാണിക്കുക എന്നത് മനുഷ്യത്വത്തിന് ചേർന്നതല്ല, മറിച്ച് അവനെ നിന്ദിക്കലാണ്.

## ഇബാദത്തിന്റെ ആവശ്യകത

ഇബാദത്ത് ഒരു വ്യർഥമായ കർമമാണെന്ന് കുറച്ചാളുകൾ പറയുന്നുണ്ട്. ഇതുമാത്രമല്ല അതിന്റെ ആവശ്യമില്ലെന്നും പറയുന്നു; ഇതൊരു നഷ്ടമുണ്ടാക്കുന്ന പ്രവൃത്തിയാണത്രെ! അതുമുഖേന മുഖസ്തുതിയുടേയും വ്യാജപ്രശംസയുടേയും ശീലമുണ്ടാകുകയും അല്ലെങ്കിൽ അത്യാശയും അത്യാഗ്രഹവും വർധിക്കുകയും ചെയ്യുമത്രെ! പക്ഷേ, ഈ എല്ലാ ആക്ഷേപവും നിരർഥമാണ്. അത്തരം ആക്ഷേപം ഉന്നയിക്കുന്നവർ വാസ്തവത്തിൽ മനുഷ്യപ്രകൃതിയെ കുറിച്ച് അജ്ഞരാണ്. യാഥാർഥ്യത്തിൽനിന്ന് വളരെ ദൂരെപോയി പതിച്ചവരാണ്. എന്തുകൊണ്ടെന്നാൽ, നമ്മൾ ഇബാദത്തിന്റെ ഉപര്യുക്ത അർഥങ്ങളിൽ ചിന്തിക്കുകയാണെങ്കിൽ ഈ ആക്ഷേപങ്ങളുടെ നിരർഥത സ്വയമേവ പ്രകടമാകുന്നതായിരിക്കും. അതിന്റെ യാഥാർഥ്യമൊന്നും അവശേഷിക്കുകയില്ല. പിന്നെ ഏതെങ്കിലും അഴകുള്ള വസ്തുക്കളോ മനോഹരമായ ദൃശ്യങ്ങളോ മുന്നിൽ വരുമ്പോൾ അനിയന്ത്രിതമായി അതിനെ സ്തുതിക്കാനും അതിന്റെ അടുത്തുപോകാനും എന്നല്ല ചിലസമയത്ത് അതിൽ ലയിക്കാനും മനസ്സ് മോഹിക്കാറുള്ളത് നമ്മൾ കാണുന്നതുപോലെ; അതിനെക്കൊണ്ട് നമുക്ക് എന്തെങ്കിലും നേട്ടമുണ്ടായാലും ഇല്ലെങ്കിലും വേണ്ടില്ല. ബന്ധമൊന്നുമില്ലാത്ത അവസ്ഥയിലും സൗന്ദര്യത്തെസംബന്ധിച്ച് മാനുഷികമായ പ്രകൃതിയുടെ അവസ്ഥ ഇതാകുമ്പോൾ സമ്പൂർണ സൗന്ദര്യവും തികവാർന്ന ഔദാര്യവും സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധവും മൂന്നും സമ്മേളിച്ചിരിക്കുമ്പോൾ സ്തുതിക്കാനും പ്രശംസിക്കാനും നന്ദി പ്രകടിപ്പിക്കാനും ഉപകാരം എടുത്തുപറയാനും എന്തുകൊണ്ട് മനസ്സ് അനിയന്ത്രിതമാകുകയില്ല? എന്തുകൊണ്ട് അവനിൽ ലയിക്കാൻ മനസ്സ് മോഹിക്കുകയില്ല? ഇബാദത്ത് അതായത് ഉപകാരം ചെയ്യുന്നവനെ സ്തുതിക്കാനും പ്രശംസിക്കാനും അവനിൽ വിലയം പ്രാപിക്കാനുമുള്ള മോഹം മനുഷ്യന്റെ പ്രകൃതിയുടെ ഒരു ഭാഗമാണെന്നതാണ് യാഥാർഥ്യം. അവന്റെ മനസ്സാക്ഷിയുടെ ഒരു ശബ്ദമാണ്. അത് അവന്റെ പരിണാമത്തിന്റെ കോണിപ്പടിയാണ്. ആ വഴിയിലൂടെ അവൻ തന്റെ ജന്മോദ്ദേശ്യംവരെ എത്തുന്നു.

ഇബാദത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം ദൈവത്തെ കണ്ടെത്തലാണ്. അതുമുഖേന അവന് ദൈവത്തെ തിരിച്ചറിയാനുള്ള അവസരം കിട്ടുന്നു. അല്ലാഹുവുമായുള്ള അവന്റെ ബന്ധത്തിന്റെ പ്രകടനമുണ്ടാകുന്നു. അവന്റെ ആത്മീയത അഭിവൃദ്ധിപ്പെടുന്നു. ശാന്തിയുടെ സമ്പത്ത് ലഭിക്കുന്നു. എത്രത്തോളമെന്നാൽ മനുഷ്യൻ യഥാർഥ അർഥത്തിൽ 'അബ്ദ്'(ദാസൻ)അതായത് ദൈവത്തെ പ്രദർശിപ്പിക്കുന്ന അസ്തിത്വമായിത്തീരുന്നു. അത് ആത്മീയതയുടെ ഒരു ഉന്നത സ്ഥാനമാണ്.

അതിനാൽ ഇബാദത്ത് ഒരു പിഴയല്ല. അതിൽ മുഖസ്തുതിയുടേയും ആത്മപ്രശംസയുടേയും ഒരു കാര്യവുമില്ല. അത്യാഗ്രഹത്തിന്റേയും അതിമോഹത്തിന്റേയും ഒരു പ്രലോഭനശൈലിയുമില്ല. ഇബാദത്തുകൊണ്ട് പ്രതാപവാനായ ദൈവത്തിന് എന്തെങ്കിലും വ്യക്തിപരമായ ഫലമൊന്നുമില്ല. അവന് അതിന്റെ ആവശ്യവുമില്ല. ആരും അവനെ ആരാധിക്കുന്നില്ലെങ്കിലും അവന്റെ ദൈവത്വത്തിന് ഒരു വ്യത്യാസവും വരികയില്ല; മനുഷ്യനെ സൃഷ്ടിക്കുന്നതുകൊണ്ട് അവന് വ്യക്തിപരമായ നേട്ടമൊന്നുമില്ലാത്തതുപോലെ ഇബാദത്തിന്റെ തേട്ടം അവന്റെ പ്രകൃതിയിൽ വെക്കുന്നതുകൊണ്ടും അതിനുവേണ്ടി അവന് മാർഗദർശനം നല്കുന്നതുകൊണ്ടും അവന് വ്യക്തിപരമായ നേട്ടമൊന്നുമില്ല. അവൻ തന്റെ ദാസരെ സൃഷ്ടിക്കുകയും പിന്നീട് അവർക്ക് മാർഗദർശനം നല്കുകയും ഇബാദത്തുമുഖേന തന്നെ സ്വയമേവ സമ്പൂർണമാക്കുന്നതിനുള്ള വഴികൾ അവനായി തുറക്കുകയും ചെയ്തിട്ടുള്ളത് അവന്റെ ഫള്‌ലും കറമും അവന്റെ പരിപാലനത്തിന്റെ കൃപാവരവും ഒന്നുമാത്രമാണ്.

ചുരുക്കത്തിൽ ആരാധനയിൽ ദാസന്റെ സ്വന്തം ഗുണവും സ്വന്തം ക്ഷേമവുമാണുള്ളത്. അതുകൊണ്ടാണ് **വമൻതസക്കാ ഫ ഇന്നമാ യതസക്കാ ലിനഫ്സിഹീ** എന്ന് അല്ലാഹു പറഞ്ഞത്. ആരാണോ പാപങ്ങളിൽ അകപ്പെടുന്നതിൽനിന്ന് രക്ഷപ്പെടുകയും പരിശുദ്ധി സ്വായത്തമാക്കുകയും ചെയ്യുന്നത് അവൻ സ്വന്തം നേട്ടത്തിനുവേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്.

## ഇബാദത്തിന്റെ പൊതുതത്ത്വം:

മുകളിൽ സൂചിപ്പിച്ചുകഴിഞ്ഞതുപോലെ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് അവൻ മുഖേന ഇരുലോകത്തിന്റേയും സ്രഷ്ടാവായ അസ്തിത്വത്തിന്റെ പ്രത്യക്ഷപ്പെടലും അവന്റെ വിശേഷഗുണങ്ങളുടെ വെളിപ്പെടലുമാണ്. പ്രകൃതിയുടെ രഹസ്യങ്ങളും ഈശ്വരശക്തിയുടെ ഗൂഢമായ കാര്യങ്ങളും പരസ്യമായി മുന്നിൽവരിക എന്നതാണ്. അതായത് മനുഷ്യൻ ദൈവത്തെ പ്രകടിപ്പിക്കുന്ന അസ്തിത്വമാകുക. ഇപ്രകാരം അവനെ വെളിപ്പെടുത്തുന്നവനായിക്കൊണ്ട് പ്രപഞ്ചസൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തേയും ലക്ഷ്യത്തേയും പൂർണമാക്കുക. ഇതുകൊണ്ടാണ് മനുഷ്യൻ 'അബ്ദ്' എന്ന് പറയപ്പെട്ടിട്ടുള്ളത്. കാരണം ഇബാദത്തിന്റെ ഒരു അർഥം ആരുടെയെങ്കിലും ചിത്രത്തെ സ്വീകരിക്കുക എന്നുമാണ്. മനുഷ്യന് എങ്ങനെയുള്ള ആധിപത്യപരമായ ശക്തികളും ഉന്നതമായ കഴിവുകളുമാണ് നല്കിപ്പെട്ടിരിക്കുന്നതെന്നാൽ അവന് അതിന്റെ സഹായത്താൽ ആ ദൈവഗുണങ്ങളുടെ പൂർണമായ ചിത്രം അവതരിപ്പിക്കാൻ കഴിയും. അവയെ തന്റെ ഉള്ളിൽ ഉണ്ടാക്കുന്നതിനുള്ള പൂർണമായ കഴിവ് അവനുണ്ട്.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **വമാ ഖലഖ്ത്തുൽ ജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ** (51:57) അതായത് എന്നെ ആരാധിക്കാൻവേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല. അവൻ എന്നെ വെളിപ്പെടുത്തുന്നതിന് നിമിത്തവും എന്റെ സിഫത്തുകൾ പ്രദർശിപ്പിക്കുന്നവനായിത്തീരുകയും ചെയ്യുന്നതിനുവേണ്ടി. **കുൻതു കൻസൻ മഖ്ഫിയൻ ഫഅറദ്ത്തു അൻ ഉഅ്റഫ** എന്ന ഖുദ്സിയായ ഹദീഥ് വ്യാഖ്യാനിക്കുന്നത് ആ വിശുദ്ധ വചനത്തെയാണ്. അല്ലാഹു പറയുന്നു: ഞാൻ ഒരു മറഞ്ഞിരുന്ന ഖജനാവായിരുന്നു. പിന്നീട് ഞാൻ തിരിച്ചറിയപ്പെടണമെന്നും ലോകത്ത് അറിയപ്പെടണമെന്നും തീരുമാനിച്ചു. അതുകൊണ്ട് ഞാൻ ആദമിനെ സൃഷ്ടിച്ചു. ഇതിന്റെ കൂടുതൽ വിശദീകരണം നബി(സ)തിരുമേനിയുടെ ഈ മാർഗനിർദേശത്തിലുണ്ട്: **ഇന്നല്ലാഹ ഖലഖ ആദമ അലാ സൂറത്തിഹീ** അതായത് അല്ലാഹു ആദമിനെ തന്റെ രൂപത്തിൽ സൃഷ്ടിച്ചു. ഈ മാർഗനിർദേശങ്ങളുടെ പൊരുൾ മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ തികവാർന്ന നിലയിലുള്ള വെളിപ്പെടലാണ്. കാരണം അവന് ദൈവഗുണങ്ങളെ പ്രകടിപ്പിക്കുന്നവനാകാൻ കഴിയും. ഈശ്വരശക്തിയുടെ രഹസ്യങ്ങളുടെ മീതെനിന്ന് മറ നീക്കാനുള്ള മാനസികമായ കഴിവുകളുമായാണ് അവൻ ജനിച്ചിട്ടുള്ളത്. ഇക്കാരണത്താലാണ് ഒരു കാര്യത്തിൽനിന്ന് മറ്റൊരു കാര്യം കണ്ടുപിടിക്കാനും പുതിയവകണ്ടുപിടിക്കാനും പുതിയപുതിയ വെളിപ്പെടുത്തലുകൾ നടത്താനുമുള്ള കഴിവുകൾ മനുഷ്യന് നല്കപ്പെട്ടിട്ടുള്ളത്. മറ്റൊരു സൃഷ്ടികൾക്കും അത് പ്രദാനം ചെയ്യപ്പെട്ടിട്ടില്ല. **(തുടരും)**

# ഖുത്ബ ജുമുഅ

**നോമ്പിന്റെ യാഥാർഥ്യം മനസ്സിലാക്കുകയും റമളാനിന്റെ ലക്ഷ്യം കരസ്ഥമാക്കാൻ ശ്രമിക്കുകയും അതായത് തഖ്‌വ അഥവാ ഹൃദയഭക്തി ഉണ്ടാക്കുകയും അതിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യുക എന്നത് അഹ്മദികളായ നമ്മുടെ ഉത്തരവാദിത്വമാണ്.**

**റമളാനിൽ നമ്മൾ ഹൃദയഭക്തി കരസ്ഥമാക്കുന്നതിനുവേണ്ടി ശ്രമിക്കുകയോ ശ്രമിക്കുന്നവരാകുകയോ ചെയ്യുമ്പോൾ നമ്മുടെ ആരാധനകളിലേക്ക് ശ്രദ്ധയുണ്ടാകും. നമ്മൾ ഹൃദയഭക്തിയിലൂടെ നടക്കാൻ ശ്രമിച്ചുകൊണ്ട് നോമ്പുപിടിക്കുകയാണെങ്കിൽ തിന്മകളിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രദ്ധയുണ്ടാകും. അല്ലാഹുവിന്റെ കല്പനകൾ അന്വേഷിച്ച് അതനുസരിച്ച് കർമം ചെയ്യാനും ശ്രദ്ധയുണ്ടാകും**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ ഉദ്ധരിച്ച് തഖ്‌വയുടെ പ്രാധാന്യത്തേയും അതിന്റെ തേട്ടങ്ങളേയും അതിന്റെ അനുഗ്രഹങ്ങളേയും കുറിച്ചുള്ള ചർച്ച**

**പാക്കിസ്താനിലെ അഹ്മദികൾക്ക് നല്ല അവസ്ഥകളുണ്ടാകുന്നതിനും മറ്റു മുസ്‌ലീംൾക്കുവേണ്ടിയും മുഴുലോകത്തിനുവേണ്ടിയും ദുആ ചെയ്യാൻ ആഹ്വാനം അല്ലാഹു മുസ്‌ലിംകളുടെമേലും കരുണ ചൊരിയുമാറാകട്ടെ. അവരുടെ നേതൃത്വത്തിനും ഉലമാക്കൾക്കും ബുദ്ധിയും ബോധവും നല്കുമാറാകട്ടെ. അവർ കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്നവരാകട്ടെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 മെയ്18/1397 ഹിജ്റത്ത് 18**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-
يٰٓأَيُّهَا الَّذِيْنَ اٰمَنُوْا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِيْنَ مِنْ قَبْلِكُمْ لَعَلَّكُمْ
تَتَّقُوْنَ (البقرة:184)

വിശ്വാസികളേ! നിങ്ങൾക്ക് മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കാൻവേണ്ടി. (2:184)

അല്ലാഹുവിന്റെ കൃപയാൽ നമുക്ക് മറ്റൊരു റമളാൻ മാസത്തിൽക്കൂടി കടന്നുപോകാനുള്ള തൗഫീഖ് ലഭിക്കുകയാണ്. അത് ഇന്നലെ മുതൽ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ഈ മാസത്തിൽ മുസ്‌ലിംകളിലെ വലിയൊരു വിഭാഗമാളുകൾ നോമ്പെടുത്ത് മസ്ജിദിൽ നമസ്കരിക്കാനും തറാവീഹിനും വരുന്നു. ഈ ഭാഗത്തേക്ക് ശ്രദ്ധയുണ്ടാകുന്നു. നമ്മുടെ മസ്ജിദുകളിലും ഈ ദിനങ്ങളിൽ സാധാരണദിവസങ്ങളെ അപേക്ഷിച്ച് കൂടുതലാളുകൾ വരുന്നു. ഞാനോതിയ ആയത്ത് ഈയിടെയായി എം.ടി. എയിൽ തിലാവത്ത് ചെയ്യപ്പെടുന്നു. ഈ നോമ്പു നിർബന്ധമാക്കപ്പെട്ടതാണെന്നും അതിന്റെ ഉദ്ദേശ്യം തഖ്‌വ അഥവാ ഹൃദയഭക്തിയാണെന്നും അധികമായി ഓർമിപ്പിക്കുന്നതിനാണിത്. നോമ്പ് മുമ്പേയുള്ള മതങ്ങളിലും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. അതിന്റെ ഉദ്ദേശ്യവും ഹൃദയഭക്തിയായിരുന്നു. ഇന്ന് ആ മതങ്ങളുടെ അധ്യാപനം യഥാർഥ അവസ്ഥയിലല്ല. അതനുസരിച്ചുള്ള കർമങ്ങളുമില്ല. അവരിൽ ഹൃദയഭക്തിയുമില്ല. പക്ഷേ, ഇസ്‌ലാം അനശ്വരമായ മതമാണ്. ലോകാവസാനംവരെ നിലനില്ക്കുന്ന മതമാണ്. അതിന്റെ അധ്യാപനവും അനശ്വരമാണ്. വിശുദ്ധഖുർആൻ ലോകത്തിന്റെ മുക്കിലും മൂലയിലും ഇന്നതിന്റെ തനതായ അവസ്ഥയിൽ സുരക്ഷിതമാണ്. തഖ്‌വയിലൂടെ നടക്കുന്നവർക്ക് സന്മാർഗമാണ്. അല്ലെങ്കിൽ അതിന്റെ അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്യുന്നവർ എപ്പോഴും ഹൃദയഭക്തിയിലൂടെ നടക്കുന്നവരായിരിക്കും. അവർക്ക് ഒരു മാർഗദർശനമാണ്. അവസാനകാലത്ത് നമ്മുടെ പരിഷ്കരണത്തിനും വിശുദ്ധഖുർആന്റെ പ്രചാരണത്തിനും അതനുസരിച്ച് കർമങ്ങൾ ചെയ്യാൻ പറയുന്നതിനും വഴി കാണിക്കുന്നതിനും വേണ്ടി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. അദ്ദേഹത്തെ വിശ്വസിക്കാൻ നമുക്ക് സൗഭാഗ്യവും നല്കി. അതിനാൽ നോമ്പിന്റെ യാഥാർഥ്യം മനസ്സിലാക്കുകയും റമളാന്റെ ലക്ഷ്യം കരസ്ഥമാക്കാൻ ശ്രമിക്കുകയും അതായത് തഖ്‌വ അഥവാ ഹൃദയഭക്തി ഉണ്ടാക്കുകയും അതിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യുക എന്നത് അഹ്മദികളായ നമ്മുടെ ഉത്തരവാദിത്വമാണ്.

ഈ ആയത്തിന്റെ അടുത്ത ആയത്തുകളിൽ നോമ്പുകളെ സംബന്ധിച്ച കല്പനകളുടെ ഭാഗങ്ങളും വിവരിക്കപ്പെട്ടിരിക്കുന്നു. അതിന്റെ വിശദീകരണങ്ങളും വിവരിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിനേയും അല്ലാഹുവിന്റെ കല്പനകൾ വിശ്വസിക്കുന്നതിനേയും ദുആ ഇരക്കുന്നതിനേയും സംബന്ധിച്ചും വിവരണമുണ്ട്. എന്നാൽ, അവ എല്ലാറ്റിന്റേയും ചുരുക്കം ഈ ആയത്തിന്റെ ഒരൊറ്റ വാക്കിൽ വിവരിച്ചിരിക്കുന്നു. ലക്ഷ്യം തഖ്‌വ അഥവാ ഹൃദയഭക്തിയാണ്. അതുകൊണ്ട് എന്നെന്നേക്കുമായി ഇതനുസരിച്ചുള്ള കർമം നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കുന്നതിൽ നിങ്ങൾക്ക് എളുപ്പമുണ്ടാക്കുന്നതിനും അല്ലാഹുവിന്റെ കല്പനകളനുസരിച്ചുള്ള പ്രവർത്തനത്തിനും അവന്റെ ആരാധനകളിലേക്ക് ശ്രദ്ധ തിരിച്ച് ഈമാനിൽ പ്രത്യേകം ശ്രദ്ധിക്കുക.

റമളാനിൽ നമ്മൾ ഹൃദയഭക്തി കരസ്ഥമാക്കുന്നതിനുവേണ്ടി ശ്രമിക്കുകയോ ശ്രമിക്കുന്നവരാകുകയോ ചെയ്യുമ്പോൾ നമ്മുടെ ആരാധനകളിലേക്ക് ശ്രദ്ധയുണ്ടാകും. നമ്മൾ ഹൃദയഭക്തിയിലൂടെ നടക്കാൻ ശ്രമിച്ചുകൊണ്ട് നോമ്പുപിടിക്കുകയാണെങ്കിൽ തിന്മകളിൽനിന്ന് രക്ഷപ്പെടാനുള്ള ശ്രദ്ധയുണ്ടാകും. അല്ലാഹുവിന്റെ കല്പനകൾ അന്വേഷിച്ച് അതനുസരിച്ച് കർമം ചെയ്യാനും ശ്രദ്ധയുണ്ടാകും. നമ്മൾ തിന്മകളിൽനിന്ന് രക്ഷപ്പെടുന്നില്ലെങ്കിൽ – ആ തിന്മകൾ നമ്മെ ബാധിക്കുന്നതാകട്ടെ അല്ലെങ്കിൽ മറ്റുള്ളവരെ ബുദ്ധിമുട്ടിൽ അകപ്പെടുത്തുന്നതാവട്ടെ – അത് ഉപേക്ഷിക്കുന്നതുകൊണ്ട് മാത്രമാണ് നോമ്പിന്റെ ലക്ഷ്യം പൂർണമാവുന്നത്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ, അത് ഉപേക്ഷിക്കുന്നില്ലെങ്കിൽ നോമ്പിന്റെ ലക്ഷ്യം പൂർത്തിയാകുകയില്ല. ഇതാണ് ഹൃദയഭക്തി. നോമ്പ് പിടിച്ചിട്ടും നമ്മളിൽ അഹങ്കാരവും സ്വന്തം പ്രവർത്തനങ്ങളിലും കാര്യങ്ങളിലും പൊങ്ങച്ചവും സ്വാർഥപരമായ ശീലവും ജനങ്ങളെക്കൊണ്ട് പ്രശംസിപ്പിക്കണമെന്ന മോഹവും കീഴിലുള്ളവരെക്കൊണ്ട് സ്വാഗതം ചെയ്യിക്കണമെന്ന ആഗ്രഹവുമുണ്ടെങ്കിൽ അതൊന്നും ഹൃദയഭക്തിയല്ല. നോമ്പുപിടിച്ചുകൊണ്ട് കലഹങ്ങളിൽനിന്നും വഴക്കുകളിൽനിന്നും കളവിൽനിന്നും കുഴപ്പങ്ങളിൽനിന്നും നമ്മൾ മാറിനില്ക്കുന്നില്ലെങ്കിൽ ഇതും ഹൃദയഭക്തിയല്ല. നോമ്പ് പിടിച്ചിട്ട് ആരാധനാകർമങ്ങളിലും ദുആകളിലും സൽകർമങ്ങളിലും സമയം ചെലവഴിക്കുന്നില്ലെങ്കിൽ അത് ഹൃദയഭക്തിയല്ല; നോമ്പിന്റെ ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല. റമളാനിൽ തിന്മകൾ ഉപേക്ഷിക്കുന്നതിലും നന്മകൾ സ്വീകരിക്കുന്നതിലുമാണ് നോമ്പിന്റെ ലക്ഷ്യം പൂർത്തിയാകുന്നത്. മനുഷ്യൻ അതിൽ ഉറച്ചുനില്ക്കാൻ ശ്രമിക്കുമ്പോൾ യഥാർഥത്തിൽ നോമ്പിന്റെ ലക്ഷ്യം പ്രാപിക്കുന്നവനാകും. ഇല്ലെങ്കിൽ വെറുതെ വിശപ്പ് സഹിക്കുകയാണ്. ഈ ലക്ഷ്യം കരസ്ഥമാക്കുന്നില്ലെങ്കിൽ, നബി(സ) തിരുമേനി പറഞ്ഞത് അല്ലാഹുവിന് നിങ്ങൾ വിശന്നിരിക്കുന്നതുകൊണ്ട് ഒരു ഉദ്ദേശ്യവുമില്ലെന്നാണ്.(സ്വഹീഹുൽ ബുഖാരി, കിതാബുസ്സൗം, ഹദീഥ് 1903)

ചിലയാളുകൾ നോമ്പിന്റെ പേരിൽ വഞ്ചിക്കുകയും ചെയ്യുന്നു; വിശന്നിരിക്കുകയുമില്ല. തങ്ങൾ നോമ്പുള്ളവരാണെന്ന് പ്രകടിപ്പിക്കുന്നു; പക്ഷേ, നോമ്പുണ്ടാകുകയില്ല. അവർക്ക് തങ്ങളുടെ ഭക്ഷണത്തിലും പാനീയത്തിലും നിയന്ത്രണവുമില്ല; അവർക്ക് കുറച്ച് മണിക്കൂറുകൾപോലും അല്ലാഹുവിനുവേണ്ടി ഭക്ഷണപാനീയങ്ങൾ തടഞ്ഞുനിറുത്താൻ കഴിയുന്നില്ല. അത്തരക്കാർക്ക് മറ്റു കാര്യങ്ങളിൽ തങ്ങളുടെ ആത്മാവിനെ നിയന്ത്രിക്കാനെങ്ങനെയാണ് കഴിയുക. ഇന്നലെ നടന്ന കാര്യമാണ്. ഇവിടെ മുസ്‌ലിംകളുടെ നോമ്പിനെ കുറിച്ച് ഒരു പത്രത്തിൽ ഒരു വിലയിരുത്തൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇവിടത്തെ ഭൂരിഭാഗം യുവാക്കളും കാണിക്കുന്നതിനുവേണ്ടി മാത്രമാണ് നോമ്പ് പിടിക്കുന്നതെന്നും, നോമ്പിന്റെ ഉദ്ദേശ്യം അവർക്ക് അറിയുക തന്നെയില്ലെന്നും അദ്ദേഹം പറയുന്നു.

ഒരു ക്രിസ്ത്യാനി അല്ലെങ്കിൽ നിരീശ്വരവാദി ഒരു യുവാവുമായി അഭിമുഖം നടത്തി. ആ യുവാവ് പറഞ്ഞു: ഞാൻ ഇടയത്താഴം കഴിച്ച് എന്റെ വീട്ടുകാരോടൊപ്പം നോമ്പ് പിടിച്ചിരിക്കുന്നു. വളരെ കൃത്യമായി ഞങ്ങളുടെ വീട്ടിൽ ഇടയത്താഴത്തിന്റേയും നോമ്പു തുറക്കുന്നതിന്റേയും ഒരുക്കങ്ങൾ ചെയ്യുന്നു. എന്റെ ഉമ്മായ്ക്ക് 64 വയസ്സുണ്ട്. പ്രമേഹരോഗിയുമാണ്. നോമ്പും പിടിക്കുന്നുണ്ട്. അങ്ങനെയൊക്കെയായിട്ടും നോമ്പു തുറക്കുന്നതിന് പലതരത്തിലുള്ള ഭക്ഷണസാധനങ്ങളുണ്ടാക്കുന്നു. ഞങ്ങൾ ഇപ്പോൾ പോയി നോമ്പു തുറക്കുന്നതാണ്. പക്ഷേ, വാസ്തവമെന്താണെന്നാൽ, ആ യുവാവ് പറഞ്ഞു: സാമൂഹികമായ സമ്മർദ്ദമോ അല്ലെങ്കിൽ വീട്ടുകാരെ കാണിക്കുന്നതിനോ വേണ്ടിയാണ് ബാഹ്യമായി ഞാൻ ഇങ്ങനെ ചെയ്യുന്നത്; നോമ്പ് പിടിക്കുന്നത്. ഞാൻ ഇന്ന് ഇടയത്താഴം കഴിച്ചു. എന്നാൽ, ഇന്ന് ഉച്ചയ്ക്ക് ഇപ്പോൾ ഫിഷും ചിപ്സും തിന്നിട്ടാണ് വരുന്നത്. ആ യുവാവ് പറഞ്ഞു. ഇവിടെ ഇംഗ്ലണ്ടിൽ എന്നെപോലെ ആയിരക്കണക്കിന് യുവാക്കൾ ഇത്തരം നോമ്പുപിടിക്കുന്നവരായുണ്ട്.

ഇതാണ് ചിലയാളുകളുടെ നോമ്പിന്റെ യാഥാർഥ്യം. ചിലർ പകൽ മുഴുവൻ വിശന്നിരുന്നാലും നമസ്കാരങ്ങളിലേക്കും ആരാധനകളിലേക്കും ശ്രദ്ധിക്കുന്നില്ല; ഒന്നോ അരയോ നമസ്കരിച്ച് മതിയെന്ന് കരുതുന്നു. അല്ലാഹുവിന്റെ വിധിവിലക്കുകളിലേക്ക് ഒരു ശ്രദ്ധയുമില്ല. അത്തരം നോമ്പ് നിങ്ങൾ ഹൃദയഭക്തി സ്വീകരിക്കുക എന്ന അല്ലാഹു പറഞ്ഞ ഉദ്ദേശ്യം പൂർത്തിയാക്കുന്നതല്ല.

അതിനാൽ അഹ്മദികളായ നമുക്ക് വളരെ വലിയ ചുമതലയാണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം, നിങ്ങളുടെ നോമ്പുകളെ അല്ലാഹു കല്പിച്ചതുപ്രകാരം നിറവേറ്റാൻ ശ്രമിക്കുക. തഖ്‌വ എന്താണെന്ന് മനസ്സിലാക്കാൻ ശ്രമിക്കുക; നമ്മൾ എങ്ങനെയാണ് അത് സ്വായത്തമാക്കേണ്ടത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവിധ അവസരങ്ങളിൽ തഖ്‌വയെക്കുറിച്ചും മുത്തഖിയാരാണെന്നതിനെക്കുറിച്ചും നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. യഥാർഥമായ ദാഹവും രുചിയും യഥാർഥത്തിൽ തഖ്‌വ കൊണ്ടാണുണ്ടാകുന്നത്. ഭൗതികമായ രുചികളിൽ ദാഹമുണ്ടാകുകയില്ല. എങ്ങനെയാണ് നമ്മൾ നന്മകൾ ചെയ്യേണ്ടത്? യഥാർഥ മുസ്‌ലിമാകുന്നതിന്, നമ്മുടെ എല്ലാ ജോലിയും അല്ലാഹുവിന്റെ ഇഷ്ടവും അവന്റെ സന്തോഷവും കരസ്ഥമാക്കുന്നതിനുവേണ്ടി ചെയ്യേണ്ടതാണ്. ഈയൊരു കാര്യമാണ് മുഅ്മിനും കാഫിറും തമ്മിൽ വ്യത്യാസമുണ്ടാക്കുന്നത്. അല്ലാഹുവിനെ കുറിച്ചുള്ള ജ്ഞാനത്തിൽ മനുഷ്യൻ അഭിവൃദ്ധിപ്പെടണമെന്നും അവിടന്ന് നമ്മളോടു പറഞ്ഞു. വരുന്ന ഓരോ ദിവസവും നമ്മെ അല്ലാഹുവിനെ കുറിച്ചുള്ള ജ്ഞാനത്തിൽ മുന്നോട്ടുകൊണ്ടുപോകുന്നതായിരിക്കണം; ഒരു സ്ഥലത്തുതന്നെ നില്ക്കുന്നതാകരുത്. അല്ലെങ്കിൽ സാമൂഹികമായ സമ്മർദ്ദം കാരണത്താൽ കാണിക്കുന്നതിനുവേണ്ടി നോമ്പു പിടിക്കുന്നവരാകരുത്; ഞാൻ ഇപ്പോൾ ഉദാഹരണം പറഞ്ഞതുപോലെ!

ഇപ്പോൾ ഞാൻ തഖ്‌വായെ സംബന്ധിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിവിധ ഉദ്ധരണികൾ സമർപിക്കുന്നതാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും, തഖ്‌വയിലൂടെ നടക്കാൻ ഉപദേശിച്ചുകൊണ്ടും തഖ്‌വ എല്ലാ പുരാതന ദിവ്യ ഗ്രന്ഥങ്ങളുടേയും ചുരുക്കമാണെന്ന് ഓർമിപ്പിച്ചുകൊണ്ടും തന്റെ ഒരു ഇൽഹാമിനെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളോടു പറയുന്നു:

"ഇന്നലെ (1899 ജൂൺ 22ലെ ജൽസയെ കുറിച്ചാണ് പറയുന്നത്) നിരവധി തവണ അല്ലാഹുവിൽനിന്ന് ഇൽഹാമുണ്ടായി; നിങ്ങൾ മുത്തഖികളാകുക. തഖ്‌വയുടെ സൂക്ഷ്മമായ വഴികളിലൂടെ നടക്കുക; എന്നാൽ, അല്ലാഹു നിങ്ങളോടൊപ്പമുണ്ടാകും."അവിടന്ന് പറഞ്ഞു: 'ഇതുകൊണ്ട് എന്റെ മനസ്സിൽ വലിയ വേദനയുണ്ടാകുന്നു; നമ്മുടെ ജമാഅത്ത് സത്യമായ ഹൃദയഭക്തിയും പരിശുദ്ധിയും സ്വായത്തമാക്കാൻ ഞാനെന്താണ് ചെയ്യേണ്ടത്.' അവിടന്ന് പറഞ്ഞു: 'ഞാൻ എത്രമാത്രമാണ് ദുആ ചെയ്യുന്നത്. ദുആ ചെയ്ത് ചെയ്ത് ക്ഷീണിച്ചുപോകുന്നു. ചില ഘട്ടങ്ങളിൽ അബോധാവസ്ഥയും നാശവുംവരെ കാര്യമെത്തുന്നു.' അവിടന്ന് പറഞ്ഞു: 'ഒരു ജമാഅത്ത് അല്ലാഹുവിന്റെ ദൃഷ്ടിയിൽ മുത്തഖിയാകാത്തിടത്തോളം അല്ലാഹുവിന്റെ സഹായം അവരോടൊപ്പമുണ്ടാകുകയില്ല.' അവിടന്ന് പറഞ്ഞു: 'എല്ലാ ദിവ്യഗ്രന്ഥങ്ങളുടേയും തൗറാത്തിന്റേയും ഇഞ്ചീലിന്റേയും അധ്യാപനങ്ങളുടെ സംക്ഷിപ്തമാണ് തഖ്‌വ. വിശുദ്ധഖുർആൻ ഒരൊറ്റ വാക്കിൽ അല്ലാഹുവിന്റെ മഹത്തായ പ്രീതിയും പൂർണമായ സംതൃപ്തിയും പ്രകടിപ്പിച്ചു; അതായത് തഖ്‌വ എന്ന പദത്തിൽ!' അവിടന്ന് പറഞ്ഞു: 'ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്ന സത്യവാന്മാരായ മുത്തഖികളേയും അല്ലാഹുവുമായുള്ള ബന്ധം ഭേദിച്ചവരേയും എന്റെ ജമാഅത്തിൽനിന്ന് വേർപെടുത്തിയാലോ എന്നും ചില മതപരമായ ജോലികൾ അവരെ ഏല്പിച്ചാലോ എന്നും ഞാൻ ആലോചിക്കുകയാണ്. പിന്നീട് ഞാൻ ഭൗതികമായ ആഗ്രഹങ്ങളിൽ ദുഃഖത്തിലും വിഷമത്തിലും അകപ്പെട്ടു കഴിയുന്നവരേയും രാപകൽ ശവമായ ദുൻയാവിന്റെ അന്വേഷണത്തിൽ ജീവൻ ചെലവാക്കുകയും ചെയ്യുന്നവരെ ഒട്ടും വകവെക്കുകയില്ല.'(മൽഫൂദാത്ത് വാള്യം 1, പേജ് 303, 1985 ലണ്ടൻ പതിപ്പ്)

ഈ വേദനയായിരുന്നു അദ്ദേഹത്തിന്റേത്. തന്റെ ജമാഅത്തിലെ എല്ലാ വ്യക്തികളും തഖ്‌വയിലൂടെ നടക്കുന്നവരാകണം. അല്ലാതെ ഭൗതികതയുടെ വിഷമം എപ്പോഴും അവരെ തിന്നുകൊണ്ടിരിക്കരുത്.

തഖ്‌വയിലൂടെ നടക്കുന്നതു തന്നെയാണ് യഥാർഥത്തിൽ ശരീഅത്തിന്റെ സാരാംശം എന്ന കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടും ദുആകൾ സ്വീകരിക്കപ്പെടണമെങ്കിൽ തഖ്‌വയിലൂടെ നടക്കുക എന്ന് ഉപദേശിച്ചുകൊണ്ടും അവിടന്ന് പറയുന്നു: 'തഖ്‌വയുടെ വഴി സ്വീകരിക്കേണ്ടതാണ്. കാരണം ശരീഅത്തിന്റെ സാരം എന്നു പറയുന്നത് തഖ്‌വ തന്നെയാണ്.' (അഹ്മദികളെ സംബോധന ചെയ്തുകൊണ്ടാണ് പറയുന്നത്). "ശരീഅത്തിനെ ഹ്രസ്വമായ നിലയിൽ വിവരിക്കുകയാണെങ്കിൽ ശരീഅത്തിന്റെ കാമ്പ് തഖ്‌വ മാത്രമായിരിക്കും. തഖ്‌വയുടെ പദവികളും നിലകളും അനവധിയുണ്ട്. എന്നാൽ, സത്യാന്വേഷിയായിക്കൊണ്ട് പ്രാരംഭമായ നിലകളേയും ഘട്ടങ്ങളേയും സുസ്ഥിരമായും ആത്മാർഥതയോടും കൂടി തരണം ചെയ്താൽ അവന് ആ വിശ്വാസവും സത്യമായ അന്വേഷണവും കാരണത്താൽ ഉന്നതപദവികൾ കരസ്ഥമാകുന്നതാണ്."അതിനാൽ ദൃഢവിശ്വാസിയായിക്കൊണ്ട്, എല്ലാ നന്മയിലേക്കും -അത് ചെറുതാവട്ടെ വലുതാവട്ടെ- ശ്രദ്ധിക്കേണ്ടത് നിർബന്ധമാണ്.

അവിടന്ന് പറയുന്നു: 'അല്ലാഹു പറയുന്നു, *ഇന്നമാ യതഖബ്ബലുല്ലാഹു മിനൽ മുത്തഖീൻ* അല്ലാഹു മുത്തഖികളുടെ ദുആകൾ സ്വീകരിക്കുന്നു.(5:28) ഇത് അവന്റെ വാഗ്ദാനമാണ്. അവൻ വാഗ്ദാനം ലംഘിക്കുകയില്ല. *ഇന്നല്ലാഹ ലായുഖ്‌ലിഫുൽ മീആദ്*(3:10) എന്ന് അവൻ പറഞ്ഞതുപോലെ. ദുആ സ്വീകരിക്കുന്നതിന് തഖ്‌വ നിബന്ധനയാണ്.' (അടിസ്ഥാനപരമായ നിബന്ധനയാണ്. അതിനെ വേർപ്പെടുത്താൻ സാധ്യമല്ല. ദുആ സ്വീകരിക്കപ്പെടാൻ തഖ്‌വ എന്തായാലും നിർബന്ധമാണ്). അവിടന്ന് പറഞ്ഞു: 'ഒരു മനുഷ്യൻ അശ്രദ്ധനും വഴിതെറ്റിയും കൊണ്ട് ദുആ സ്വീകരിക്കപ്പെടണമെന്ന് ആഗ്രഹിച്ചാൽ അവൻ അജ്ഞനും അറിവില്ലാത്തവനുമല്ലേ? അതുകൊണ്ട് നമ്മുടെ ജമാഅത്ത് ദുആ സ്വീകാര്യതയുടെ സന്തോഷവും രുചിയും കരസ്ഥമാക്കാനും അധികമായ ഈമാനിൽനിന്ന് ഭാഗമെടുക്കാനും സാധിക്കുന്നിടത്തോളം അവരിലോരോരുത്തരും തഖ്‌വയുടെ വഴികളിൽ ചുവട് വെക്കുക.'(മൽഫൂദാത്ത് വാള്യം 1, പേജ് 108-109, 1985 ലണ്ടൻ പതിപ്പ്)

റമളാനിൽനിന്ന് ഫലമെടുക്കുന്നതിനുള്ള അടിസ്ഥാനപരമായ കുറിപ്പടി നമ്മുടെ നോമ്പും നമ്മുടെ എല്ലാ കർമവും തഖ്‌വ കരസ്ഥമാക്കുന്നതിനുവേണ്ടിയായിരിക്കുക എന്നതാണ്. ദുആകൾ സ്വീകരിക്കപ്പെടുന്നില്ലെന്ന് ധാരാളമാളുകൾ പറയാറുണ്ട്; തങ്ങൾ ഒരുപാട് ദുആകൾ ചെയ്തു, എന്നാൽ സ്വീകരിക്കപ്പെട്ടില്ല. അവർ തങ്ങളുടെ ഉള്ളിൽ ദീൻ അതിജയിച്ചുനില്ക്കുകയാണോ, തഖ്‌വയിലൂടെ നടക്കുന്നവരാണോ, ഭൗതികതയുടെ കലർപ്പ് കൂടുതലുണ്ടോ എന്ന് ആദ്യമേ നോക്കേണ്ടതാണ്; ദുആ സ്വീകാരത്തിന് ഇതും ഒരു നിബന്ധനയാണ്.

അവിടന്ന് പറയുന്നു: 'യഥാർഥത്തിൽ മുത്തഖികൾക്ക് ധാരാളം വാഗ്ദാനങ്ങളുണ്ട്. അല്ലാഹു മുത്തഖികളുടെ വലിയാകുന്നതിനെക്കാൾ കൂടുതൽ മറ്റെന്താണ് വേണ്ടത്. തങ്ങൾ ദൈവസന്നിധിയിൽ അടുത്തവരാണെന്ന് പറയുകയും മുത്തഖിയല്ലാതിരിക്കുകയും ചെയ്യുന്നവർ അസത്യവാന്മാരാണ്. എന്നല്ല ദുഷ്കർമവും കുറ്റകൃത്യവും ചെയ്ത് ജീവിക്കുന്നു. ദ്രോഹം ചെയ്യുന്നു. കോപിക്കുന്നു. വിലായത്തിന്റേയും ദൈവസാമീപ്യത്തിന്റേയും പദവികൾ തങ്ങൾക്കുണ്ടെന്ന് പറയുന്നു.' (ഇവർ നാമധാരികളായ പുണ്യവാളന്മാരാണ്). "കാരണം അല്ലാഹു മുത്തഖിയായിരിക്കണമെന്ന് നിബന്ധന അതിനോടൊപ്പം വെച്ചിരിക്കുന്നു. (വലിയ്യോടൊപ്പം മുത്തഖിയായിരിക്കേണ്ടത് നിബന്ധനയാണ്). അവിടന്നു പറയുന്നു: 'മറ്റൊരു നിബന്ധനയും വെക്കുന്നുണ്ട്. അല്ലെങ്കിൽ മുത്തഖികളുടെ ഒരു അടയാളം പറയുന്നുവെന്ന് പറയാം. *ഇന്നല്ലാഹ മഅല്ലദീനത്തഖൗ* മുത്തഖിയോടൊപ്പമാണ് അല്ലാഹു. അതായത് അവരെ സഹായിക്കുന്നു. അല്ലാഹു ഒപ്പമുണ്ടെന്നതിന്റെ തെളിവ്, അവന്റെ സഹായത്തിൽനിന്നാണ് ലഭിക്കുന്നത്.' (അല്ലാഹു സഹായിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ അല്ലാഹു നമ്മോടൊപ്പമുണ്ടെന്ന് മനസ്സിലാക്കിക്കൊള്ളുക). വിലായത്തിന്റെ ആദ്യത്തെ കവാടം അങ്ങനെതന്നെ അടഞ്ഞുപോയി. തെറ്റുകുറ്റങ്ങളുടേയും ദൈവസഹായത്തിന്റേയും രണ്ടാമത്തെ കവാടം ഈ രീതിയിലും അടഞ്ഞു.' (അല്ലാഹു സംസാരിക്കുമെന്ന വാഗ്ദാനം അവസാനിച്ചുപോയി. ആ കവാടം അടഞ്ഞുപോയി. ഇപ്പോൾ ഇക്കൂട്ടർ അല്ലാഹുവിന്റെ സഹയത്തിന്റെ കവാടവും അടയ്ക്കാൻ ആഗ്രഹിക്കുകയാണ്). "ഓർമിക്കുക! അല്ലാഹുവിന്റെ സഹായം ഒരിക്കലും അവിശുദ്ധരും ആജ്ഞാലംഘകരുമായവർക്ക് ലഭിക്കുകയില്ല. അതിന്റെ ആശ്രയം തഖ്‌വയിലാണ്. അല്ലാഹുവിന്റെ സഹായം മുത്തഖിയ്ക്കു തന്നെയാണ്.' അവിടന്ന് പറഞ്ഞു: 'പിന്നീടൊരു വഴിയുണ്ട്. മനുഷ്യൻ ബുദ്ധിമുട്ടുകളിലും വിപത്തുകളിലും അകപ്പെടാറുണ്ട്. വിവിധ ആവശ്യങ്ങളാണ് വെച്ചുപുലർത്തുന്നത്. അവ പരിഹാരിക്കുന്നതിനും തുടരുന്നതിനും വേണ്ടിയും തഖ്‌വയെത്തന്നെ അടിസ്ഥാനപരമായ കാര്യമാക്കുക. (പരിഹരിക്കണമെങ്കിൽ, തഖ്‌വ മാത്രമേയുള്ളൂ. അതുമുഖേന അത് പൂർത്തിയാക്കാം. അല്ലെങ്കിൽ സൽഫലമുളവാകാം). അവിടന്ന് പറയുന്നു: 'സാമ്പത്തികമായ ഞെരുക്കത്തിൽനിന്നും മറ്റു ഞെരുക്കങ്ങളിൽനിന്നും മോക്ഷത്തിനുള്ള വഴി തഖ്‌വ തന്നെയാണ്.' അവിടന്ന് പറഞ്ഞു: '*മൻയ്യത്തഖില്ലാഹ യജ്അല്ലഹു മഖ്റജൻ വ യർസുഖ്ഹു മിൻ ഹയ്ഥു ലായഹ്തസിബ്* (65:3-4). അല്ലാഹു മുത്തഖിയ്ക്ക് എല്ലാ പ്രയാസങ്ങളിൽനിന്നും പുറത്തുവരാനുള്ള ഒരു കവാടമുണ്ടാക്കുന്നു. അദൃശ്യകരംകൊണ്ട് അതിൽനിന്ന് രക്ഷപ്പെടാനുള്ള കാര്യഹേതുക്കൾ അവന് ലഭ്യമാക്കിക്കൊടുക്കുന്നു. അവനറിയാത്ത വഴിയിലൂടെ അവന് ജീവിതവിഭവം നല്കുന്നു. (അതുകൊണ്ട് ഈ ദുആയും ധാരാളം ചെയ്യുകയും ഓർമവെക്കുകയും ചെയ്യേണ്ടതാണ്. *മൻയ്യത്തഖില്ലാഹ യജ്അല്ലഹു മഖ്റജൻ വ യർസുഖ്ഹു മൻഹയ്ഥു ലാ യഹ്തസിബ്* ഇത് എപ്പോഴും മനുഷ്യൻ ഓർമവെക്കുകയാണെങ്കിൽ തഖ്‌വയിലൂടെ നടക്കുന്നതിലേക്ക് ശ്രദ്ധ ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്). പറഞ്ഞു: 'ഇനി ചിന്തിച്ചുനോക്കുക. മനുഷ്യൻ ഈ ലോകത്ത് ആഗ്രഹിക്കുന്നതെന്താണ്. ഈ ലോകത്തുള്ള മനുഷ്യന്റെ ഏറ്റവും വലിയ ആഗ്രഹം, അവന് സുഖവും സൗഖ്യവും ലഭിക്കുക എന്നതാണ്. അതിനുവേണ്ടി അല്ലാഹു ഒരേയൊരു വഴിയേ നിശ്ചയിച്ചിട്ടുള്ളൂ; അതിന് തഖ്‌വയുടെ വഴി എന്നാണ് പറയുന്നത്. മറ്റു വാക്കുകളിൽ ഇതിന് വിശുദ്ധഖുർആന്റെ വഴി എന്നു പറയുന്നു. അല്ലെങ്കിൽ അതിന് സ്വിറാത്തെ മുസ്തഖീം എന്ന് പേര് വെക്കുന്നു. അവിശ്വാസികളുടെ കൈയിലും സ്വത്തും മുതലും സമ്പത്തുമുണ്ടെന്നും അവർ തങ്ങളുടെ സുഖകരമായ ജീവിതത്തിൽ മുഴുകിയവരും മത്തുപിടിച്ചവരുമാണെന്നും ആരും പറഞ്ഞേക്കരുത്.' അവിടന്ന് പറഞ്ഞു: 'ഞാൻ നിങ്ങളോടു സത്യമായും പറയുന്നു. അവർ ലോകത്തിന്റെ കണ്ണിൽ

"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."
(ഖുത്ബ ജുമുഅ, 2017 മെയ് 5)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തുകടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

എന്നല്ല, നിന്ദ്യരായ ലൗകികരുടേയും ഭൗതികപൂജകരുടേയും കണ്ണിൽ സുഖസമൃദ്ധിയിലുള്ളവരാണെന്ന് അറിയപ്പെടുന്നു. എന്നാൽ, വാസ്തവത്തിൽ അവർ ഒരു ജ്വലനത്തിലും ദുഃഖത്തിലും അകപ്പെട്ടവരാണ്. നിങ്ങൾ അവരുടെ ബാഹ്യരൂപമാണ് കണ്ടത്. എന്നാൽ, ഞാൻ അത്തരക്കാരുടെ ഖൽബിലാണ് ദൃഷ്ടി ഊന്നുന്നത്. അവർ ഒരു എരിതീയിലും ചങ്ങലകളിലും ആമങ്ങളിലും ബന്ധിക്കപ്പെട്ടിട്ടുള്ളവരാണ്. അഗ്നിയിൽ എരിഞ്ഞുകൊണ്ടിരിക്കുന്നവരാണ്. ചങ്ങലകളിൽ വരിഞ്ഞുകെട്ടപ്പെട്ടവരാണ്. *ഇന്നാ അഅ്തദനാ ലിൽ കാഫിരീനെ സലാസിലൻ വ്വ അഗ്‌ലാലൻ വ്വസഈറ.*(76:5) (തീർച്ചയായും നാം അവിശ്വാസികൾക്ക് ചങ്ങലകളും വളയങ്ങളും നരകവും തയ്യാറാക്കിവെച്ചിരിക്കുന്നു). അവിടന്ന് പറയുന്നു: 'അവർക്ക് നന്മയിലേക്ക് വരാനെ കഴിയുകയില്ല. അല്ലാഹുവിൽനിന്ന് ഇടപ്പെട്ടിരിക്കുന്ന ആമങ്ങൾ കാരണത്താൽ മൃഗങ്ങളെക്കാളും കന്നുകാലികളേക്കാളും അധഃപതിച്ചുകൊണ്ടുപോകുന്നു. അവരുടെ കണ്ണുകൾ എപ്പോഴും ഭൗതികതയിലേക്കാണുള്ളത്. ഭൂമിയിലേക്ക് കുനിഞ്ഞുകൊണ്ടുപോകുന്നു. പിന്നെ ഉള്ളിൽത്തന്നെ ഒരു എരിച്ചിലും പുകച്ചിലും ഉണ്ടാകുന്നു. ധനത്തിൽ കുറവു വന്നാലോ ഉദ്ദേശ്യത്തിൽ വിജയമുണ്ടാകാതെ വന്നാലോ വിഷമിക്കുകയും എരിയുകയും ചെയ്യുന്നു. എത്രമാത്രമെന്നാൽ, ചില നേരങ്ങളിൽ മാനസികരോഗിയും ഭ്രാന്തനുമായി ത്തീരുന്നു. അല്ലെങ്കിൽ കോടതികൾ കയറിയിറങ്ങി നടക്കുന്നു.' പറഞ്ഞു: 'നിർമതക്കാരൻ എരിതീയിൽനിന്ന് മുക്തനായിരിക്കുകയില്ല. (തന്റെ തീയിൽ കത്തിക്കൊണ്ടിരിക്കും. ഇത്തരം പല ദൃശ്യങ്ങളും നമുക്ക് കാണാൻ കഴിയുന്നു. ഇത്തരത്തിലുള്ള സംഭവങ്ങൾ പത്രങ്ങളിൽ വായിച്ചിട്ടുണ്ട്). പറഞ്ഞു: 'ഇതുകൊണ്ട് അവർക്ക് ധൈര്യവും സമാധാനവും ഉണ്ടാകുകയില്ല. ഇതാണ് അവരുടെ ഭൗതികസുഖത്തിന്റേയും സംതൃപ്തിയുടേയും നിർബന്ധഫലം. മദ്യപാനി ഒരു കുപ്പി കുടിച്ച് മറ്റൊന്ന് ചോദിക്കുന്നു. ചോദിച്ചുകൊണ്ടേപോകുന്നു. മനഃസ്താപം പോലെ ഒന്നിലായിരിക്കും ഉണ്ടാകുക. അപ്രകാരം തന്നെ ലൗകികരും എരിതീയിൽ എരിഞ്ഞുകൊണ്ടിരിക്കുന്നു. അതിന്റെ തീ പെട്ടെന്ന് അണയുകയില്ല. സത്യമായ ഐശ്വര്യം യഥാർഥത്തിൽ ഒരു മുത്തഖിയ്ക്കാണുണ്ടാകുന്നത്. അവന് രണ്ട് സ്വർഗമുണ്ടെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണ്.' (മൽഫൂദാത്ത് വാള്യം 1, പേജ് 420–421, 1985 ലണ്ടൻ പതിപ്പ്)

യഥാർഥമായ സന്തോഷത്തിന്റേയും ആനന്ദത്തിന്റേയും അച്ചുതണ്ട് തഖ്‌വയിലാണെന്ന കാര്യം കൂടുതൽ വിശദീകരിച്ചുകൊണ്ട് പറയുന്നു: 'മുത്തഖിയ്ക്ക് സത്യമായ സന്തോഷം ഒരു ചെറ്റക്കുടിലിൽപോലും പ്രാപിക്കാവുന്നതാണ്. ലൗകികരും ഭൗതികാഢംബര പൂജകരുമായവരുടെ മണിമാളികയിലും അതു കിട്ടുകയില്ല. കിട്ടിയതിൽ സംതൃപ്തിയും ഹൃദയഭക്തിയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കണമെന്ന ഉദ്ദേശ്യവുമുണ്ടെങ്കിൽ കുറഞ്ഞവസ്ഥകളിലും മനുഷ്യൻ ജീവിച്ചുപോകുന്നതാണ്. സമാധാനവും ആനന്ദവുമുണ്ടാകുകയും ചെയ്യുന്നു; വലിയ വലിയ സമ്പന്നർക്ക് ഈ ആനന്ദം ലഭിക്കുകയില്ല.' അവിടന്ന് പറയുന്നു: "എത്രത്തോളം ഭൗതികാനുഗ്രഹം കൂടുതൽ ലഭിക്കുന്നുവോ അത്രത്തോളം ബലാകളും കൂടുതലായി മുന്നിൽവരുന്നു. അതിനാൽ ഓർക്കുക, ആത്മീയസുഖവും ആനന്ദാനുഭൂതിയും ഭൗതികരുടെ ഓഹരിയിൽ വന്നിട്ടില്ല. ധനത്തിന്റെ ആധിക്യവും നല്ലനല്ല വസ്ത്രങ്ങളും ഭക്ഷണങ്ങളും ആർക്കെങ്കിലും സന്തോഷത്തിന് കാരണമാകുമോ? ഒരിക്കലുമില്ല. മറിച്ച്, അതിന്റെ അച്ചുതണ്ട് തഖ്‌വയിലാകുന്നു. ഈ എല്ലാ കാര്യങ്ങളിൽനിന്നും സത്യസന്ധമായ ഹൃദയഭക്തി കൂടാതെ ഒരു ആത്മീയസുഖവും സന്തോഷവും കിട്ടുകയില്ലെന്ന് മനസ്സിലാകുന്നു. തഖ്‌വയ്ക്ക് ധാരാളം വകുപ്പുകളുണ്ടെന്ന് മനസ്സിലാക്കിയിരിക്കേണ്ടതാണ്; എട്ടുകാലിയുടെ വലപോലെ അത് വ്യാപിച്ചിരിക്കുന്നു.' (അതായത് എട്ടുകാലിയുടെ വലപോലെ അത് വ്യാപിച്ചിരിക്കുന്നു, അതിസൂക്ഷ്മമായ നൂലുകളാണിത്). 'സമ്പൂർണ തഖ്‌വ മനുഷ്യന്റെ ശാരീരികാവയവങ്ങളാണ്'. അതായത് എല്ലാ മാനുഷികമായ അവയവങ്ങളും വിശ്വാസാദർശങ്ങൾ, നാവ്, സ്വഭാവം തുടങ്ങിയവയുമായി ബന്ധപ്പെട്ടതാണ്. (മൽഫൂദാത്ത് വാള്യം 1, പേജ് 421–422, 1985 ലണ്ടൻ പതിപ്പ്) (വിശ്വാസങ്ങളിലും തഖ്‌വ ഉണ്ടാകണം. നാവിലും തഖ്‌വ ഉണ്ടാകണം. സാധാരണ സ്വഭാവങ്ങളിലും തഖ്‌വ ഉണ്ടാകണം).

നോമ്പിനെ സംബന്ധിച്ച് ഒരു ഹദീഥുമുണ്ട്. നബി (സ) തിരുമേനി പറഞ്ഞു: നോമ്പുകാരൻ തന്റെ നാവിനെ എപ്പോഴും പരിശുദ്ധമാക്കിവെക്കുക. ആരെങ്കിലും അവനുമായി വഴക്കിടാൻ വന്നാൽത്തന്നെ താൻ നോമ്പുകാരനാണെന്ന് പറഞ്ഞ് ഒഴിവാകണം. എനിക്ക് നീ പറഞ്ഞതിന് മറുപടി തരാൻ പറ്റുകയില്ല.(ബുഖാരി കിതാബുസ്സൗം, ബാബാ ഹൽ യഖൂലു ഇന്നീ സ്വാഇമുൻ ഇദാ ശുത്തിമ)

അവിടന്ന് പറഞ്ഞു: 'ആപത്കരമായ കാര്യം നാവിൽനിന്നാണുണ്ടാകുന്നത്. ചിലപ്പോൾ ഹൃദയഭക്തിയെ അകറ്റി ഒരു കാര്യം പറയുന്നു. മനസ്സിൽ താനിങ്ങനെ പറഞ്ഞു അങ്ങനെ പറഞ്ഞുവെന്ന് പറഞ്ഞ് സന്തോഷിക്കുന്നു. വാസ്തവത്തിൽ അക്കാര്യം ദോഷകരമായിരിക്കും. ഇവിടെ എനിക്കൊരു അനുകരണം ഓർമവന്നു. ഒരു മഹാത്മാവിനെ ഏതോ ലൗകികൻ ഭക്ഷണത്തിന് ക്ഷണിച്ചു.' 'ഈ അതിസൂക്ഷ്മമായ കാര്യവും നോക്കേണ്ടതാണ്. വലിയ വലിയ ചീത്തകൾ വിളിച്ചും വഴക്കും കലഹവും മാത്രം ശ്രദ്ധിച്ചാൽപോരാ. മറിച്ച് സ്വാർഥതയും പ്രദർശനപരതയുമുണ്ട്. നാവിനു പറ്റുന്ന തെറ്റുകളും നാവു കാരണത്താലുണ്ടാകുന്ന പാപങ്ങളും നാവുകൊണ്ട് തഖ്‌വയിലുണ്ടാകുന്ന കുറവും ശ്രദ്ധിക്കണം. ഇക്കാര്യങ്ങളും അതിൽ വരുന്നുണ്ട്). അവിടന്ന് പറഞ്ഞു:'ഒരു മഹാത്മാവിനെ ഏതോ ലൗകികൻ ഭക്ഷണത്തിന് ക്ഷണിച്ചു. ആ മഹാത്മാവ് ഭക്ഷണം കഴിക്കാൻ ചെന്നപ്പോൾ, ആ അഹങ്കാരിയായ ലൗകികൻ തന്റെ ജോലിക്കാരനോട്, ആദ്യം ഞാൻ ഹജ്ജിനു പോയപ്പോൾ കൊണ്ടുവന്ന ഭക്ഷണത്തളിക കൊണ്ടുവരാൻ പറഞ്ഞു. പിന്നീട് രണ്ടാമത്തെ ഹജ്ജിനുപോയപ്പോൾ കൊണ്ടുവന്ന ഭക്ഷണത്തളിക കൊണ്ടുവരാൻ പറഞ്ഞു. പിന്നീട് മൂന്നാമത്തെ ഹജ്ജിനുപോയപ്പോൾ കൊണ്ടുവന്ന ഭക്ഷണത്തളികയും കൊണ്ടുവരണേ എന്നു പറഞ്ഞു. ആ മഹാത്മാവ് ആ ലൗകികനോട് പറഞ്ഞു. നീ വളരെ കരുണാർഹനാണ്. ഈ മൂന്നു വാക്യങ്ങളിൽ നീ നിന്റെ മൂന്നു ഹജ്ജും നശിപ്പിച്ചുകളഞ്ഞു.' (ലോകത്തെ കാണിക്കുന്നതിനുവേണ്ടിയുള്ള ഹജ്ജായിരുന്നു നീ ചെയ്തത്; അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിയായിരുന്നില്ല. തഖ്‌വയിൽനിന്ന് അകന്നുപോയിരുന്നു). അവിടന്ന് പറഞ്ഞു: 'ആ മഹാത്മാവ് പറഞ്ഞു: 'നീ ഇതുകൊണ്ടുദ്ദേശിക്കുന്നത് മൂന്ന് ഹജ്ജ് ചെയ്തുവെന്ന് എന്നെ അറിയിക്കുകയായിരുന്നു. അതുകൊണ്ടാണ് നാവ് സൂക്ഷിക്കണമെന്ന് അല്ലാഹു പഠിപ്പിച്ചത്. നിരർഥവും അനവസരവും അനാവശ്യവുമായ കാര്യങ്ങളിൽനിന്ന് പിന്മാറുക.'(മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്നതിൽനിന്നു നാവിനെ തടയുക എന്നു മാത്രമല്ല കല്പന. സ്വന്തം പൊങ്ങച്ചവും സ്വാർഥതയും, പ്രദർശനപരതയും നന്മകളിൽനിന്ന് അകറ്റിക്കളയുന്നതാണ്; തഖ്‌വയിൽനിന്ന് അകറ്റിക്കളയുന്നവനായിത്തീരുന്നു. ഇതിന്റെ അടിസ്ഥാനത്തിലും നമ്മൾ ചിന്തിക്കേണ്ടതാണ്).

അവിടന്ന് പറഞ്ഞു: 'നോക്കൂ! അല്ലാഹു ഇയ്യാക്ക നഅ്ബുദു എന്ന പാഠം നല്കിയിരിക്കുന്നു. മനുഷ്യൻ തന്റെ ശക്തിയിൽ വിശ്വാസമർപ്പിക്കാനും അങ്ങനെ അല്ലാഹുവിൽനിന്ന് അകന്നുപോകാനും സാധ്യതയുണ്ടായിരുന്നു. അതുകൊണ്ടാണ് അതിനോടൊപ്പംതന്നെ ഇയ്യാക്കനസ്തഈൻ എന്ന അധ്യാപനവും നല്കിയിട്ടുള്ളത്. ഈ ആരാധന താൻ നിർവഹിക്കുന്നത് സ്വന്തം കഴിവും ശക്തിയും കൊണ്ടാണെന്ന് മനസ്സിലാക്കരുത്. അങ്ങനെ ഒരിക്കലുമല്ല. അല്ലാഹുവിന്റെ സഹായമില്ലാത്തിടത്തോളം സ്വയം പരിശുദ്ധനായ അവൻ തൗഫീഖും ശക്തിയും നല്കാത്തിടത്തോളം ഒന്നും നടക്കുകയില്ല. ഇവിടെ ഇയ്യാക്ക അഅ്ബുദു അല്ലെങ്കിൽ ഇയ്യാക്ക അസ്തഈൻ എന്നു പറഞ്ഞില്ല. കാരണം അതിൽ സ്വന്തം ആത്മാവിനെ പൊന്തിച്ചു പറയുന്നതിന്റെ നാറ്റമുണ്ടാകുന്നു. (താൻ കുറച്ചുചെയ്തുകൊണ്ടിരിക്കുന്നുവെന്ന പ്രകടനം ഉണ്ടാകുന്നു). 'ഇത് തഖ്‌വയ്ക്ക് വിരുദ്ധമാണ്.' പറയുന്നു: "തഖ്‌വയുള്ളവൻ സകലമനുഷ്യരേയും എടുക്കുന്നു. നാവുകൊണ്ടുതന്നെ മനുഷ്യൻ തഖ്‌വയിൽനിന്ന് അകന്നുപോകുന്നു.' (അതായത് തഖ്‌വാ എല്ലാ കാര്യങ്ങളിലും നിർബന്ധമാണ്. നാവുണ്ട്; അതുമുഖേന മനുഷ്യൻ തഖ്‌വയിൽനിന്ന് അകന്നുപോകുന്നു). 'നാവുകൊണ്ട് അഹങ്കരിക്കുന്നു. നാവുകൊണ്ടുതന്നെ ഫിർഔനിന്റെ ഗുണം വന്നുചേരുന്നു.' (ആളുകൾ വളരെ വലിയ ആളുകൾ വാദമുന്നയിക്കാൻ തുടങ്ങുന്നു). 'ഇപ്രകാരം നാവു കാരണത്താൽ മറഞ്ഞുചെയ്യുന്ന കാര്യങ്ങൾ പ്രദർശനപരതയിലേക്ക് പരിവർത്തനം ചെയ്യപ്പെടുകയും നാവുകൊണ്ടുള്ള നഷ്ടം വളരെ പെട്ടെന്നുണ്ടാകുകയും ചെയ്യുന്നു.' അവിടന്ന് പറയുന്നു: 'ഹദീഥ് ശരീഫിൽ വന്നിരിക്കുന്നു. ആരാണോ, നാഭിയുടെ താഴെയുള്ള അവയവത്തേയും നാവിനേയും ഉപദ്രവത്തിൽനിന്ന് രക്ഷിക്കുന്നത് അവന് സ്വർഗം കൊടുക്കുക എന്നത് എന്റെ ബാധ്യതയാണ്. കളവുപോലെ അത്രയധികം നഷ്ടം ഹറാമായത് തിന്നുന്നത് വരുത്തുകയില്ല. ഇതിൽനിന്ന് ഹറാമായത് തിന്നുന്നത് നല്ല കാര്യമാണെന്ന് ആരും മനസ്സിലാക്കരുത്.' (കളവും തെറ്റായ കാര്യം പറയുന്നതും നഷ്ടമുണ്ടാക്കുന്ന കാര്യമാണ്. ഹറാം തിന്നുന്നത് നല്ല കാര്യമാണെന്ന് മനസ്സിലാക്കരുത്). 'അങ്ങനെ ആരെങ്കിലും മനസ്സിലാക്കുകയാണെങ്കിൽ അത് അക്ഷന്തവ്യമായ തെറ്റാണ്.' അവിടന്ന് പറയുന്നു: 'ഒരാൾ നിർബന്ധിതാവസ്ഥയിൽ പന്നിയിറച്ചി തിന്നുകയാണെങ്കിൽ അതു വേറെ കാര്യമാണെന്നാണ് ഞാൻ ഉദ്ദേശിച്ചത്.' (നിർബന്ധിതനാണെങ്കിൽ അനുവാദമുണ്ട്. അല്ലാഹു അനുവാദം തന്നിട്ടുണ്ട്). 'എന്നാൽ, അവൻ തന്റെ നാവുകൊണ്ട് പന്നിയിറച്ചി തിന്നുകൊള്ളുക എന്ന് ഫത്‌വ നല്കുകയാണെങ്കിൽ ഇസ്‌ലാമിൽനിന്ന് അകന്നുപോകുന്നു.' (ഏതവസ്ഥയിലും പന്നിയിറച്ചി തിന്നുന്നത് അനുവദനീയമാണെന്ന് ഫത്‌വ നല്കുന്നവൻ ഇസ്‌ലാമിൽനിന്ന് അകന്നുപോയി). അവിടന്ന് പറയുന്നു: അല്ലാഹു ഹറാമാക്കിയതിന് ഇങ്ങനെ അവൻ ഹലാലാക്കുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് നാവുകൊണ്ടുള്ള നഷ്ടം ഭയാനകമാണെന്നാണ്. അതുകൊണ്ട് മുത്തഖി തന്റെ നാവിനെ വളരെയധികം നിയന്ത്രിക്കുന്നു. തഖ്‌വയ്ക്ക് വിരുദ്ധമായ ഒരു കാര്യവും അവന്റെ നാവിൽനിന്ന് പുറത്തുവരികയില്ല.' അവിടന്ന് പറയുന്നു: 'അതിനാൽ നിങ്ങൾ നിങ്ങളുടെ നാവിന്മേൽ ഭരണം നടത്തുക. അല്ലാതെ അതും ഇതും പറഞ്ഞ് നാവ് നിങ്ങളുടെമേൽ ഭരണം നടത്തരുത്.'(മൽഫൂദാത്ത് വാള്യം 1, പേജ് 421–423, 1985 ലണ്ടൻ പതിപ്പ്)

നോമ്പുകളിൽ ദിക്റെ ഇലാഹിയിൽ വർദ്ധനയുണ്ട്. ധാരാളമാളുകൾക്കുണ്ടായിട്ടുണ്ട്. അതു ചെയ്യുമ്പോൾ വർദ്ധന ഉണ്ടാകുന്നതിനോടൊപ്പം നോമ്പിന്റേയും തഖ്‌വയുടേയും ഉദ്ദേശ്യം പൂർത്തിയാകുന്നതിന് അനാവശ്യമായ കാര്യങ്ങൾ പറയുന്നതിൽ കുറവുണ്ടാകേണ്ടതാണ്. അതിനുവേണ്ടി ശ്രമിക്കേണ്ടതാണ്.

പിന്നീട് അവിടന്ന് പറയുന്നു: 'തങ്ങൾ തഖ്‌വയിലും പരിശുദ്ധിയിലും എത്രത്തോളം അഭിവൃദ്ധിപ്പെട്ടുവെന്ന് എപ്പോഴും നോക്കേണ്ടതാണ്. അതിന്റെ നിലവാരം വിശുദ്ധ ഖുർആനാണ്. മുത്തഖികളുടെ അടയാളങ്ങളിൽ ഒരു അടയാളം അല്ലാഹു വെച്ചിട്ടുള്ളത്, അവൻ മുത്തഖിയെ വെറുക്കപ്പെട്ട ലോകത്തുനിന്ന് സ്വതന്ത്രനാക്കി അവന്റെ ജോലികൾക്ക് സ്വയം ജാമ്യക്കാരനായിത്തീരുന്നുവെന്നതാണ്. *വമൻയ്യത്തഖില്ലാഹ യജ്അലലഹു മഖ്‌റജൻ വ യർസുഖുഹു മൻഹയ്ഥു ലാ യഹ്തസിബു* എന്ന് പറഞ്ഞതുപോലെ!(65:3–4) ആരാണോ അല്ലാഹുവിനെ ഭയപ്പെടുന്നത് അല്ലാഹു എല്ലാ ഓരോ മുസീബത്തിലും അവനുവേണ്ടി വഴി തുറന്നുകൊടുക്കുന്നു. അവന് സങ്കല്പിക്കാൻപോലും കഴിയാത്ത വഴിയിലൂടെ ജീവിതവിഭവത്തിനുള്ള സാധനസാമഗ്രികൾ ഉണ്ടാക്കുന്നു. അല്ലാഹു മുത്തഖിയെ അനാവശ്യമായ കാര്യങ്ങൾക്ക് ആശ്രിതനാക്കുകയില്ല. അതായത് സാധാനസാമഗ്രികൾ നല്കുന്നു. അനാവശ്യമായ ആവശ്യങ്ങളും ആഗ്രഹങ്ങളും മനസ്സിലുണ്ടാക്കുകയില്ല. അവയുടെ ആശ്രിതനാക്കുകയില്ല. അതിന്റെ വിചാരമേ ഉണ്ടാകുകയില്ല. ഇതും തഖ്‌വയുടെ അടയാളമാണ്. അല്ലാഹു മുത്തഖിയോടു കാണിക്കുന്ന ഒരു പെരുമാറ്റത്തിന്റെ അടയാളമാണിത്.' പറഞ്ഞു: 'ഉദാഹരണത്തിന് ഒരു കച്ചവടക്കാരൻ ചതിയിലൂടെ അല്ലാതെ തന്റെ കാര്യം മുമ്പോട്ടുപോകുകയില്ലെന്ന് ധരിക്കുന്നു. അതുകൊണ്ട് അയാൾ

വഞ്ചനയിൽനിന്ന് പിന്മാറുന്നില്ല. കളവ് പറയാൻ നിർബന്ധിതനാണെന്ന് അയാൾ പറയുന്നു. പക്ഷേ, ഇക്കാര്യം ഒരിക്കലും സത്യമല്ല. അല്ലാഹു മുത്തഖിയുടെ സ്വയം സംരക്ഷകനാണ്. സത്യത്തിന് വിരുദ്ധമായതു ചെയ്യാൻ നിർബന്ധിതമാകുന്ന അവസരങ്ങൾ അവനുണ്ടാക്കുകയില്ല. അതായത് കളവ് പറയേണ്ട ആവശ്യംതന്നെ ഉണ്ടാകുകയില്ല. ഓർമിക്കുക! അല്ലാഹുവിനെ ആരെങ്കിലും ഉപേക്ഷിച്ചാൽ, അല്ലാഹു അവനേയും ഉപേക്ഷിച്ചു. പരമകാരുണികൻ ഉപേക്ഷിച്ചാൽ തീർച്ചയായും ശയ്ത്വാൻ തന്റെ ബന്ധം സ്ഥാപിക്കുന്നതാണ്.' അവിടന്ന് വീണ്ടും പറയുന്നു: 'അല്ലാഹു ദുർബലനാണെന്ന് മനസ്സിലാക്കരുത്. അവൻ വലിയ ശക്തനാണ്. അവനിൽ ഏതെങ്കിലും കാര്യത്തിൽ വിശ്വാസമർപ്പിച്ചാൽ അവൻ തീർച്ചയായും നിങ്ങളെ സഹായിക്കുന്നതാണ്. *വമൻ യത്തവക്കൽ അലല്ലാഹി ഫഹുവ ഹസ്ബുഹു.* (ആരാണോ അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നത് അവൻ അയാൾക്ക് മതിയായവനായിത്തീരുന്നു). 'പക്ഷേ, ആരാണോ ഈ വചനങ്ങളുടെ ആദ്യസംബോധിതരായിരുന്നത് അവർ ദീനിന്റെ വക്താക്കളായിരുന്നു. അവരുടെ എല്ലാ ചിന്തകളും ദീനീപരമായ കാര്യങ്ങൾക്കുവേണ്ടി മാത്രമായിരുന്നു. ഭൗതിക കാര്യങ്ങൾ അവർ അല്ലാഹുവിനെ ഏല്പിച്ചിരുന്നു. അതുകൊണ്ടാണ് താൻ നിങ്ങളോടൊപ്പമുണ്ടെന്ന് പറഞ്ഞ് അല്ലാഹു അവരെ സമാധാനപ്പെടുത്തിയത്. ചുരുക്കിപ്പറഞ്ഞാൽ അല്ലാഹു മുത്തഖിയെ ദീനീ കാര്യങ്ങൾക്ക് തടസം നില്ക്കുന്ന ആ വിപത്തുകളിൽനിന്ന് മോചിപ്പിക്കുന്നു എന്നത് തഖ്‌വയുടെ അനുഗ്രഹങ്ങളിൽപെട്ട ഒന്നാണ്.'(മൽഫൂദാത്ത് വാല്യം 1, പേജ് 12–13, 1985 ലണ്ടൻ പതിപ്പ്)

അതായത് തഖ്‌വ ശരിയായതാണെങ്കിൽ ഭൗതികമായ പ്രയാസങ്ങളും അല്ലാഹു ദീനീകാര്യങ്ങളിൽ തടസമുണ്ടാക്കാതിരിക്കാൻ അകറ്റികൊടുക്കുന്നു. അതിനാൽ ഇതിന്റെ അടിസ്ഥാനത്തിലും തങ്ങളുടെ ഭൗതികജോലികൾ ദീനീപ്രവർത്തനത്തിൽ പങ്കെടുക്കാൻ പറ്റാത്തതാണെന്ന് പറയുന്നവരുടേത് ശരിയായ തഖ്‌വയാണെങ്കിൽ അല്ലാഹു ഭൗതികമായ പ്രശ്നങ്ങളും സ്വയമേ പരിഹരിച്ചുകൊടുക്കുന്നതാണ്. പിന്നീട് ദീനീസേവനത്തിന് തൗഫീഖ് കിട്ടുന്നു.

നന്മകൾ ചെയ്യുന്നവരോട് അല്ലാഹു എങ്ങനെയാണ് പെരുമാറുന്നതെന്നും നന്മകൾക്ക് രണ്ട് ഭാഗമുണ്ടെന്നും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'മനുഷ്യൻ എത്രത്തോളം നന്മകൾ ചെയ്യുന്നുവോ അതിന് രണ്ടുഭാഗമുണ്ട്. ഒന്ന് നിർബന്ധമായത്, രണ്ട് ഐച്ഛികമായത്.' (നിർബന്ധമായത് നിങ്ങൾ ചെയ്തേപറ്റൂ. ഒന്ന് നഫ്ൽ അഥവാ ഐച്ഛികമാണ്). 'ഫർളുകൾ അതായത് മനുഷ്യനുമേൽ നിർബന്ധമാക്കപ്പെട്ടത്. ഉദാഹരണത്തിന് കടം വീട്ടുക.' (ആരിലെങ്കിലും നിന്ന് കടം വാങ്ങിയത് തിരിച്ചുകൊടുക്കുക). 'അല്ലെങ്കിൽ നന്മയ്ക്കു പകരം നന്മ ചെയ്യുക.' (ഇതും നിർബന്ധകടമയാണ്. ആരെങ്കിലും നന്മ ചെയ്താൽ അതിനു പകരം ചെയ്യുക എന്നത് നന്മയോ ഔദാര്യമോ അല്ല. മറിച്ച് അത് നിങ്ങളുടെ നിർബന്ധകടമയാണ്. ഇതരന്റെ അവകാശമാണ്). അവിടന്ന് പറഞ്ഞു: 'ആ നിർബന്ധകടമകൾക്ക് പുറമെ എല്ലാ ഓരോ നന്മയുടേയുമൊപ്പം ഐച്ഛിക കർമങ്ങളുണ്ട്.' (അതായത് അവന് അവകാശപ്പെട്ട നന്മയേക്കാൾ അധികം അവനോടു നന്മ ചെയ്യുക. നന്മയ്ക്ക് പകരം നന്മ ചെയ്യുന്നതിന് പുറമെ നന്മ ചെയ്യുക. ആരെങ്കിലും നന്മ ചെയ്താൽ അയാളുടെ നന്മയ്ക്ക് പകരം നന്മ ചെയ്യുക എന്നാൽ ഒരു നന്മയായി. സമാസമം. പക്ഷേ അതിനേക്കാൾ കൂടുതൽ നന്മ ചെയ്യുക എന്നത് അവകാശത്തേക്കാൾ മികച്ചതാണ്). പറഞ്ഞു: 'ഇത് നഫ്ലുകളാണ്.' (നഫ്ലുകളായിത്തീരുന്നു. 'ഇത് നിർബന്ധകാര്യങ്ങളിൽ വന്നുപോയിട്ടുള്ള പോരായ്മകൾ നിറവേറ്റുന്നതിനുവേണ്ടിയുള്ളതാണ്.' (അത് പൂർത്തീകരിക്കപ്പെടുകയും അതിന്റെ പാരമ്യതയിലെത്തുകയും ചെയ്യുന്നു). 'അല്ലാഹുവിന്റെ വലിയ്യുമാരും ദീനീപരമായ നിർബന്ധകാര്യങ്ങളുടെ പൂർത്തീകരണം നഫ്ലുകൾ കൊണ്ടാണ് നികത്തിയിരുന്നതെന്ന് ഈ ഹദീഥിൽ വിവരിച്ചിരിക്കുന്നു. ഉദാഹരണത്തിന് സക്കാത്ത് അതിന് പുറമെ അവർ ദാനധർമങ്ങളും ചെയ്തിരുന്നു. അല്ലാഹു അത്തരക്കാരുടെ വലിയ്യ് ആയിത്തീരുന്നു. അല്ലാഹു പറയുന്നു, അവന്റെ സുഹൃത്ത്ബന്ധം എത്രത്തോളമാകുന്നുവെന്നാൽ, അവന്റെ കൈയും കാലും തുടങ്ങി അവൻ സംസാരിക്കുന്ന നാവുവരെയായിത്തീരുന്നു.'

വീണ്ടും അവിടന്ന് പറയുന്നു: മനുഷ്യൻ ശാരീരികേച്ഛകളിൽനിന്ന് പരിശുദ്ധനായിത്തീരുമ്പോൾ ശാരീരികേച്ഛകൾ വിട്ട് അല്ലാഹുവിന്റെ ഉദ്ദേശ്യങ്ങൾക്കുള്ളിൽ നടക്കുമ്പോൾ അവന്റെ ഒരു കർമവും അനുവദനീയമല്ലാത്തതാകുകയില്ല. മറിച്ച് എല്ലാ ഓരോ കർമവും അല്ലാഹുവിന്റെ ഉദ്ദേശ്യമനുസരിച്ചായിരിക്കും. മനുഷ്യൻ പ്രശ്നങ്ങളിലകപ്പെടുമ്പോൾ അവന്റെ കർമം ദൈവഹിതം അനുസരിച്ചായിരിക്കില്ലെന്ന് നമുക്ക് എപ്പോഴും കാണാൻ സാധിക്കുന്നതാണ്.'(അല്ലാഹുവിന്റെ ഇഷ്ടത്തിന് വിരുദ്ധമാകുമ്പോൾ അവിടെ പ്രശ്നങ്ങൾ തലപൊക്കുന്നു)."ദൈവഹിതം അതിനു വിരുദ്ധമായിരിക്കും. അങ്ങനെയുള്ള വ്യക്തി സ്വന്തം വികാരങ്ങൾക്കു കീഴ്പ്പെട്ടു കൊണ്ടായിരിക്കും നടക്കുന്നത്. ഉദാഹരണമായി കോപത്തിന് വിധേയനായി അയാൾ ചെയ്തു കൂട്ടുന്ന പ്രവൃത്തി കാരണം ക്രിമിനൽ കേസുകളിൽവരെ അയാളെ കൊണ്ടെത്തിക്കുന്നു. അതേസമയം, അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ നിർദേശമനുസരിച്ചല്ലാതെ ഒന്നും ചെയ്യുകയില്ലെന്ന് ഉറച്ച തീരുമാനം എടുക്കുന്ന വ്യക്തിക്ക് തീർച്ചയായും അല്ലാഹുവിന്റെ ഗ്രന്ഥം നിർദേശം നല്കുന്നതാണ്.(അല്ലാഹുവിന്റെ ഗ്രന്ഥം നോക്കാതെ ഒന്നും ചെയ്യുകയില്ല. ഒരു ജോലിയും എടുക്കുകയുമില്ല). നിങ്ങളുടെ എല്ലാ ഓരോ കാര്യങ്ങളിലും അല്ലാഹുവിന്റെ ഗ്രന്ഥത്തിലേക്ക് മടങ്ങിയാൽ അല്ലാഹുവിന്റെ ഗ്രന്ഥം അഭിപ്രായം പറഞ്ഞുതരുമെന്നത് ദൃഢതരമായ കാര്യമാണ്. *വലാ റത്ബിൻ വ്വലാ യാബിസിൻ ഇല്ലാ ഫീ കിതാബിൻമ്മുബീൻ* (6:60) (ഒരു ധാന്യമണിയോ, പച്ചയോ ഉണങ്ങിയതോ ആയ വസ്തുക്കളോ സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്താതെയില്ല. അതായത് വിശുദ്ധഖുർആൻ എല്ലാ നന്മയും തിന്മയും തുറന്നനിലയിൽ വിവരിച്ചുതന്നു. അതനുസരിച്ച് പ്രവർത്തിക്കുന്നവൻ സുരക്ഷിതനായിരിക്കും). അവിടന്ന് പറഞ്ഞു: 'നമ്മൾ ദൈവഗ്രന്ഥത്തോടു അഭിപ്രായം ചോദിക്കുമെന്ന് തീരുമാനിച്ചാൽ തീർച്ചയായും അഭിപ്രായം കിട്ടുന്നതായിരിക്കും.' (ഭൗതികജോലികളിൽ ജനങ്ങൾക്ക് വരുന്ന പരീക്ഷണം ഒന്നുകിൽ അവർ എന്തെങ്കിലും തെറ്റായ പ്രവൃത്തി ചെയ്യുന്നതുകൊണ്ടാണ്; അവർ അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നില്ല. വിശുദ്ധഖുർആൻ നോക്കാതെ നടക്കുമ്പോൾ, അവന്റെ കല്പനകൾ മുമ്പിൽവെക്കാതെ എന്തെങ്കിലും പണിയെടുക്കുമ്പോൾ മനുഷ്യൻ ബുദ്ധിമുട്ടുകളിൽ അകപ്പെടുന്നു. ദീനീപരമായ കാര്യങ്ങളിൽ അല്ലാഹു പരീക്ഷണങ്ങളിൽ ഇടുന്നു എന്ന വ്യത്യാസമുണ്ടാകേണ്ടതാണ്. അതിനെക്കുറിച്ച് അല്ലാഹു പറയുന്നത് ആ പരീക്ഷണവും നന്മകളെ പരീക്ഷിക്കുന്നതിനുവേണ്ടിയാണെന്നാണ്. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞത്, നബിമാരാണ് ഏറ്റവും കൂടുതൽ അത്തരം പരീക്ഷണങ്ങളിലൂടെ കടന്നുപോകുന്നതെന്ന്! ഒന്നു ഭൗതികമായ കാര്യങ്ങളാണ്. അതിൽ മനുഷ്യൻ ബുദ്ധിമുട്ടുകളിൽപെടുന്നു. അവൻ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു. ഇക്കാരണത്താലാണ് പരീക്ഷണങ്ങൾ വരുന്നത്). ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: 'പക്ഷേ, തങ്ങളുടെ വികാരങ്ങൾക്ക് അടിപെടുന്നവൻ തീർച്ചയായും നഷ്ടത്തിൽത്തന്നെ അകപ്പെടുന്നതാണ്.' (വികാരങ്ങൾക്ക് അടിപ്പെട്ട് ഭൗതികമായ കാര്യങ്ങളിൽ നഷ്ടം പേറേണ്ടിവരുന്നു എന്ന കാര്യം കൂടുതൽ വ്യക്തമായി). ചില നേരങ്ങളിൽ അവൻ ഇവിടെ വിചാരണയിൽ വീഴും. അതിനെതിരെ അല്ലാഹു പറഞ്ഞു: എന്നോടൊപ്പം സംസാരിച്ചും നടന്നും ജോലി ചെയ്യുന്ന വലിയ്യ് അതിൽ ലയിച്ചിരിക്കുന്നു. ലയനം എത്രത്തോളം കുറയുന്നുവോ അത്രത്തോളം അവൻ അല്ലാഹുവിൽനിന്ന് അകലത്താണ്. എന്നാൽ, അവന്റെ സായൂജ്യം അല്ലാഹു പറഞ്ഞതുപോലെയാണെങ്കിൽ അവന്റെ ഈമാൻ അളക്കാൻ പറ്റുകയില്ല. അവനെ പിന്തുണച്ചുകൊണ്ട് അല്ലാഹു പറയുന്നു: *മൻ ആദ ലീ വലിയ്യൻ ഫഖദ് ആദൻതുഹു ബിൽഹർബി* ആരാണോ എന്റെ വലിയ്യുമായി യുദ്ധം ചെയ്യുന്നത് അവൻ ഞാനുമായാണ് യുദ്ധം ചെയ്യുന്നത്.' (നന്മയുടെ കാര്യത്തിൽ ഇത്തരം കാര്യങ്ങൾ വരുമ്പോൾ അല്ലാഹു സ്വയം വലിയ്യിനെ സഹായിക്കുന്നു. ശത്രുക്കളെ ഒരു നേരത്ത് പരാജയപ്പെടുത്തുകയും ചെയ്യുന്നു). മുത്തഖിയുടെ പ്രൗഢി എത്രത്തോളം ഉന്നതമാണെന്ന് ഇനി നോക്കുക. അവന്റെ പദവി എത്രത്തോളം ഉദാത്തമാണ്. ദൈവസവിധത്തിൽ അവന്റെ സാമീപ്യം എങ്ങനെയുള്ളതാണെന്നാൽ, അവനെ ബുദ്ധിമുട്ടിക്കുക എന്നത് അല്ലാഹുവിനെ ബുദ്ധിമുട്ടിക്കലാണ്. അപ്പോൾ അല്ലാഹു അവന്റെ എത്രമാത്രം സഹായിയും പിന്തുണക്കുന്നവനുമായിരിക്കും.' (മൽഫൂദാത്ത്, വാല്യം 1, പേജ് 13–15, 1985 ലണ്ടൻ പതിപ്പ്)

നമ്മൾ വിനയത്തിലും ലാളിത്യത്തിലും ജീവിക്കണമെന്ന് ഉപദേശിച്ചുകൊണ്ട് വാഗ്ദത്ത മസീഹ്(അ) പറയുന്നു: "തഖ്‌വ അവലംബിക്കുന്നവർ തങ്ങളുടെ ജീവിതത്തെ സുദാരിദ്ര്യത്തിലും ദരിദ്രന്റെ അവസ്ഥപോലുള്ള അവസ്ഥയിലും നയിക്കണമെന്നത് നിബന്ധനയാണ്. തഖ്‌വയുടെ ഒരു ശാഖയാണിത്. ഇതിലൂടെയാണ് അനാവശ്യമായ കോപാവേശങ്ങളെ നേരിടേണ്ടത്. വലിയ വലിയ ജ്ഞാനികളുടെയും സിദ്ദീഖുകളുടെയും ഒടുവിലത്തെ പ്രയാസമേറിയ ഘട്ടം എന്നു പറയുന്നത് കോപത്തിൽ നിന്ന് രക്ഷപ്പെടലാണ്. അഹങ്കാരവും തൻപ്രമാണിത്തവും കോപത്തിൽ നിന്നാണ് ഉണ്ടാകുന്നത്.'(അതായത് പൊങ്ങച്ചവും അഹങ്കാരവും ദ്വേഷം കാരണത്താലാണുണ്ടാകുന്നത്). 'ഇപ്രകാരംതന്നെ ചിലപ്പോൾ കോപംതന്നെയും അഹങ്കാരത്തിന്റേയും ഗർവ്വിന്റേയും ഫലമായുണ്ടാകുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യൻ തന്നെ മറ്റുള്ളവരുടെമേൽ മുന്തിക്കുമ്പോഴാണ് കോപമുണ്ടാകുന്നത്. എന്റെ ജമാഅത്തിലെ ആളുകൾ പരസ്പരം ചെറിയവരും വലിയവരുമായി ഗണിക്കുന്നതും പരസ്പരം നിന്ദാദൃഷ്ടിയോടെ നോക്കുന്നതും ഞാൻ ഇഷ്ടപ്പെടുന്നില്ല. ആരാണ് വലിയവൻ, ആരാണ് ചെറിയവൻ എന്ന് അല്ലാഹുവിന്നറിയാം. ഇത് ഒരു വിധത്തിലുള്ള തരംതാഴ്ത്തലാണ്. ഇതിന്റെ ഉള്ളിൽ നിന്ദ്യതയുണ്ട്. ഈ നിന്ദിക്കൽ വിത്തുപോലെ വളരുകയും അവന്റെ നാശത്തിന് നിമിത്തമാകുകയും ചെയ്യുമോ എന്ന ആശങ്കയുണ്ട്. ചിലയാളുകൾ വലിയ ആളുകളുമായി വളരെ മര്യാദയോടുകൂടി പെരുമാറുന്നു. എന്നാൽ, നിർധനന്റെ കാര്യം നിർധനതയോടുകൂടി കേൾക്കുന്നവനാണ് വലിയവൻ; അവനെ സന്തോഷിപ്പിക്കുക. അവൻ പറയുന്നകാര്യത്തെ ആദരിക്കുക. വിഷമമുണ്ടാക്കുന്ന, ശുണ്ഠിപിടിപ്പിക്കുന്ന കാര്യം പറയാതിരിക്കുക. അല്ലാഹു പറയുന്നു:*വലാ തനാബസൂ ബിൽഅൽഖാബി ബിഅ്സൽ ഇസ്മുൽഫുസൂഖു ബഅ്ദൽഈമാൻ* (49:12) (നിങ്ങൾ പരസ്പരം ചീത്തപ്പേര് വിളിക്കുകയുമരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനുശേഷം അനുസരണത്തിൽനിന്ന് അകന്നുപോകുന്നത് ചീത്തപ്പേരിനു കാരണമാകുന്നതാണ്) *വമൻല്ലം യത്തുബ് ഫഉലാഇക്ക ഹുമുള്ളാലിമൂൻ* ആരാണോ പശ്ചാത്തപിച്ചു മടങ്ങാത്തത്, ഇക്കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് അവർ തന്നെയാണ് അക്രമികൾ.'

അവിടന്ന് പറയുന്നു: 'നിങ്ങൾ പിണങ്ങി പരിഹാസപ്പേരുകൾ വിളിക്കരുത്; അതു ദുർവൃത്തരുടേയും കുറ്റവാളികളുടേയും പ്രവൃത്തിയാണ്. മറ്റുള്ളവരെ പരിഹസിക്കുന്നവൻ പരിഹസിക്കപ്പെടാതെ മരിക്കുകയില്ല. തങ്ങളുടെ സഹോദരന്മാരെ നിന്ദ്യരായി ഗണിക്കരുത്. ഒരേ അരുവിയിൽനിന്ന് എല്ലാവരും ജലപാനം ചെയ്യുന്ന സ്ഥിതിക്ക് കൂടുതൽ ജലം വിധിക്കപ്പെട്ടിരിക്കുന്നതാർക്ക് എന്ന് ആരറിഞ്ഞു? ഭൗതിക തത്ത്വങ്ങളിലൂടെ ആരും ബഹുമാന്യനാകുകയില്ല. അല്ലാഹുവിന്റെ പക്കൽ വലിയവൻ മുത്തഖിയാണ്. *ഇന്ന അക്റമക്കും ഇൻദല്ലാഹി അത്ഖാക്കും ഇന്നല്ലാഹ അലീമുൻ ഖബീർ*(49:14) (മൽഫൂദാത്ത് വാല്യം 1, പേജ് 36, 1985 ലണ്ടൻ പതിപ്പ്) (തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽവെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു). അല്ലാഹുവിന് എല്ലാ യാഥാർഥ്യങ്ങളും അറിയാം. പ്രദർശനപരതയോടുകൂടിയ തഖ്‌വയാണോ യഥാർഥമായ തഖ്‌വയാണോ എന്നും അവനറിയാം. അതിനാൽ അല്ലാഹു അറിയുന്നവനാകുമ്പോൾ നമ്മൾ വലിയ ഭയത്തോടും ആത്മപരിശോധന നടത്തിക്കൊണ്ടും യഥാർഥ തഖ്‌വ സ്വായത്തമാക്കാൻ ശ്രമി

ക്കേണ്ടതാണ്. അല്ലാഹു കല്‍പിച്ചിട്ടുള്ളത് സ്വീകരിക്കേണ്ടതാണ്.

ഒരു സത്യവിശ്വാസിക്ക്, തഖ്‌വയില്‍ പദമൂന്നുന്നവന് വിജയം ലഭിക്കുമ്പോള്‍ അവന്റെ പ്രകടനം എന്തായിരിക്കുമെന്നും ഒരു അവിശ്വാസി ആ വിജയം എങ്ങനെ പ്രകടിപ്പിക്കുന്നുവെന്നും വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ അടിസ്ഥാനപരമായ തത്ത്വം എപ്പോഴും മുന്നില്‍ വെക്കുക. മുഅ്മിന് എന്തെങ്കിലും വിജയം നല്‍കപ്പെടുമ്പോള്‍ അവന്‍ ലജ്ജിക്കുകയും അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യുന്നു. ഇതാണ് മുഅ്മിനിന്റെ ജോലി. (അതായത് എല്ലാ കാര്യവും അല്ലാഹുവിലേക്ക് മടക്കുകയും അവനെ സ്തുതിക്കുകയും ചെയ്യുന്നു). അല്ലാഹു കൃപ ചെയ്തു. ആ രീതിയില്‍ അവന്‍ ചുവട് മുന്നോട്ടുവെക്കുന്നു. എല്ലാ പരീക്ഷണങ്ങളിലും ഉറച്ചുനിന്ന് വിശ്വാസം ആര്‍ജിക്കുന്നു. ബാഹ്യമായി നോക്കുമ്പോള്‍ ഒരു ഹിന്ദുവിന്റേയും മുഅ്മിനിന്റേയും വിജയം ഒരുവിധത്തില്‍ സാദൃശ്യമുള്ളതാണ്. പക്ഷേ, ഓര്‍ക്കുക! അവിശ്വാസിയുടെ വിജയം മാര്‍ഗഭ്രംശത്തിന്റെ വഴിയാണ്. മുഅ്മിനിന്റെ വിജയത്താല്‍ അവന് അനുഗ്രഹങ്ങളുടെ കവാടം തുറക്കുന്നു. കാഫിറിന്റെ വിജയം മാര്‍ഗഭ്രംശത്തിലേക്കേ കൊണ്ടുപോകൂ; അത് അവന്‍ ദൈവത്തിലേക്ക് മടങ്ങുന്നില്ല എന്നതുകൊണ്ടാണ്. മറിച്ച് തന്റെ അധ്വാനത്തേയും ബുദ്ധിയേയും കഴിവിനേയും അവന്‍ ദൈവമാക്കുന്നു. എന്നാല്‍, മുഅ്മിന്‍ ദൈവത്തിലേക്കു മടങ്ങി ദൈവവുമായി ഒരു പുതിയ പരിചയമുണ്ടാക്കുന്നു. ഈ രീതിയില്‍ എല്ലാ വിജയത്തിനും ശേഷം അവന് ദൈവവുമായി ഒരു പുതിയ ഇടപാട് ആരംഭിക്കുന്നു. അവനില്‍ മാറ്റമുണ്ടാകാന്‍ തുടങ്ങുന്നു. *ഇന്നല്ലാഹ മഅല്ലദീനത്തഖൗ* ദൈവം മുത്തഖിയോടൊപ്പമുണ്ടാകുന്നു. വിശുദ്ധഖുര്‍ആനില്‍ തഖ്‌വ എന്ന പദം ധാരാളം സ്ഥലങ്ങളില്‍ വന്നിട്ടുണ്ടെന്ന കാര്യം ഓര്‍ക്കുക. ആദ്യത്തെ പദം നോക്കിയാണ് ഇതിന് അര്‍ഥം വെക്കുന്നത്. ഇവിടെ 'മഅ' എന്ന പദം വന്നിരിക്കുന്നു. അതായത് ആരാണോ അല്ലാഹുവിനെ മുന്തിക്കുന്നത്, ലോകത്തുള്ള എല്ലാത്തരം നിന്ദ്യതകളില്‍നിന്നും അക്രമങ്ങളില്‍നിന്നും രക്ഷപ്പെടാന്‍ ആഗ്രഹിക്കുന്നത്, അവന് മുത്തഖിയാകുക എന്ന ഒരേയൊരു വഴിയേയുള്ളൂവെന്നുള്ളത് എന്റെ ഈമാനാണ്. പിന്നീട് അവന് ഒരുതരത്തിലുള്ള കുറവുമില്ല. മുഅ്മിനിന്റെ വിജയങ്ങള്‍ അവനെ മുമ്പോട്ടു കൊണ്ടുപോകുന്നു. അവന്‍ അവിടെത്തന്നെ നില്‍ക്കുകയില്ല.' വീണ്ടും അവിടന്ന് പറയുന്നു: 'അധികമാളുകളുടേയും അവസ്ഥകള്‍ ഗ്രന്ഥങ്ങളില്‍ എഴുതിയിട്ടുണ്ട്; ആദ്യമൊക്കെ ദുന്‍യാവുമായി ബന്ധപ്പെട്ടിരുന്നു, അതുമായി സുദൃഢബന്ധമായിരുന്നു. പക്ഷേ, അവര്‍ എന്തോ ദുആ ചെയ്തു; അത് സ്വീകരിക്കപ്പെട്ടു. അതിനുശേഷം അവരുടെ അവസ്ഥ ആകെ മാറിപ്പോയി. അതുകൊണ്ട് തങ്ങളുടെ ദുആകളുടെ സ്വീകാര്യതയിലും വിജയങ്ങളിലും അഹങ്കരിക്കരുത്. പ്രത്യുത അല്ലാഹുവിന്റെ കൃപയേയും കരുണയേയും വിലമതിക്കുക. (ദുആ സ്വീകരിച്ചുവെന്നത് അല്ലാഹുവിന്റെ കൃപയാണ്. അക്കാര്യത്തില്‍ സന്തോഷിക്കുന്നതിനും അഹങ്കരിക്കുന്നതിനും പകരം അല്ലാഹുവിന്റെ കൃപകളില്‍ ദൃഷ്ടി ഊന്നുക) അവിടന്ന് പറയുന്നു: 'വിജയത്തില്‍ മനക്കരുത്തും ഉത്സാഹത്തില്‍ ഒരു പുതിയ ജീവിതവുമുണ്ടാകുന്നു. ആ ജീവിതത്തില്‍നിന്ന് ഫലമെടുക്കേണ്ടതാണ്. അതുമുഖേന അല്ലാഹുവിനെ കുറിച്ചുള്ള തിരിച്ചറിവില്‍ അഭിവൃദ്ധിപ്പെടേണ്ടതാണ്. (വിജയം കിട്ടി അല്ലെങ്കില്‍ ദുആ സ്വീകരിക്കപ്പെട്ടു. അപ്പോള്‍ അല്ലാഹുവിനെ കുറിച്ചുള്ള തിരിച്ചറിവ് വര്‍ധിക്കേണ്ടതാണ്. അവനെക്കുറിച്ച് ജ്ഞാനമുണ്ടാകേണ്ടതാണ്) "കാരണം ഏറ്റവും അധികം പ്രയോജനപ്പെടുന്ന ഉന്നതപദവിയിലുള്ള കാര്യം ഈശ്വരീയജ്ഞാനമാണ്.' (മഅ്രിഫത്തെ ഇലാഹി) ഇത് അല്ലാഹുവിന്റെ കൃപയിലും ഉദാരതയിലും ചിന്തിക്കുന്നതുകൊണ്ടാണ് ഉണ്ടാകുന്നത്. അല്ലാഹുവിന്റെ കൃപയെ തടയാന്‍ ആര്‍ക്കും സാധ്യമല്ല.' പറയുന്നു: പട്ടിണിയും മനുഷ്യനെ മുസീബത്തില്‍ ഇടാറുണ്ട്. അതുകൊണ്ടാണ് അല്‍ഫഖ്റു സവാദുല്‍ വജ്ഹി എന്ന് ഹദീഥില്‍ വന്നിരിക്കുന്നത് (അതായത് പട്ടിണി മുഖങ്ങള്‍ മോശമാക്കുന്നു. അല്ലെങ്കില്‍ കറുപ്പിക്കുന്നു. അല്ലെങ്കില്‍ പട്ടിണി കാരണത്താല്‍ മനുഷ്യന്‍ ദീനില്‍നിന്ന് ചിലപ്പോള്‍ അകന്നുപോകുന്നു.' അവിടന്ന് പറയുന്നു: 'തങ്ങളുടെ പട്ടിണികൊണ്ട് നിരീശ്വരവാദികളായ ആളുകളെ ഞാന്‍ നേരില്‍ കണ്ടിട്ടുണ്ട്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'വിശ്വാസി ഏതുപ്രയാസത്തിലും ദൈവത്തില്‍ ദുര്‍ഭാവന വെച്ചു പുലര്‍ത്തുന്നതല്ല. ആ പ്രയാസങ്ങളെ തന്റെ വീഴ്ചകളുടെ ഫലമായി ഗണിച്ചുകൊണ്ട് അവന്‍ അല്ലാഹുവിനോട് കാരുണ്യവും അനുഗ്രഹവും തേടുന്നു. അവന്റെ ദുആകള്‍ സ്വീകരിക്കപ്പെട്ട് ആ കാലം കഴിഞ്ഞു പോകുന്നതോടെ അവന്‍ തന്റെ താഴ്ന്ന അവസ്ഥയെ വിസ്മരിക്കുന്നതല്ല. മറിച്ച്, അതിനെ ഓര്‍മിച്ചു കൊണ്ടിരിക്കുന്നതാണ്. ചുരുക്കത്തില്‍ ഇതില്‍ വിശ്വാസമുണ്ടെങ്കില്‍, അല്ലാഹുവിനെ പ്രയോജനപ്പെടണമെങ്കില്‍ തഖ്‌വയുടെ മാര്‍ഗം സ്വീകരിക്കുക. വിജയത്തിന്റേയും സന്തോഷവത്തിന്റേയും നേരത്ത് തഖ്‌വ കൈക്കൊള്ളുന്നവന്‍ ഭാഗ്യവാനാണ്. വഞ്ചിതനായി അവനിലേക്ക് കുനിയാത്തവന്‍ ദൗര്‍ഭാഗ്യവാനാണ്." (മല്‍ഫൂദാത്ത്, വാല്യം 1, പേജ് 155–157 1985 ലണ്ടന്‍ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു തഖ്‌വ അവലംബിക്കുന്നവരെ സഹായിക്കുന്നു തിന്മയെ വെടിയുന്നതിനെയാണ് തഖ്‌വാ എന്നു പറയുന്നത്. മുഹ്സിനൂന്‍ എന്നു പറയുന്നത് തിന്മ മാത്രം വെടിയുന്നവനെയല്ല. പ്രത്യുത നന്മയും കൂടി ചെയ്യുന്നവനെയാണ്. പിന്നെ ലില്ലദീന അഹ്സനുല്‍ ഹുസ്നാ എന്നും പറഞ്ഞിരിക്കുന്നു. ആ നന്മകളും നല്ലവണ്ണം ചെയ്യുന്നു. അവിടന്ന് ഈ ആയത്തിനെ വിശദീകരിക്കുകയാണ്. *ഇന്നല്ലാഹ മഅല്ലദീനത്തഖൗ വല്ലദീനഹും മുഹ്സിനൂന്‍* തീര്‍ച്ചയായും അല്ലാഹു തഖ്‌വാ കൈക്കൊള്ളുന്നവരുടെ കൂടെയാണ്. അവര്‍ പിന്നീട് നന്മകള്‍ ചെയ്യുന്നവരുമാണ്.' അവിടന്ന് പറയുന്നു:'എനിക്ക് *ഇന്നല്ലാഹ മഅല്ലദീനത്തഖൗ വല്ലദീനഹും മുഹ്സിനൂന്‍* എന്നത് ആവര്‍ത്തിച്ചാവര്‍ത്തിച്ച് വഹ്‌യുണ്ടായി. എത്ര തവണ ഉണ്ടായെന്നാല്‍ അതെണ്ണിക്കണക്കാക്കാന്‍ എനിക്ക് കഴിയില്ല. അല്ലാഹുവിനറിയാം രണ്ടായിരം പ്രാവശ്യമുണ്ടായിട്ടുണ്ടാകും. ഇതുകൊണ്ടുള്ള ഉദ്ദേശ്യം കേവലം ഈ ജമാഅത്തില്‍ ചേര്‍ന്നുവെന്നതു മാത്രം പോര എന്ന് ജമാഅത്തിലുള്ളവര്‍ മനസ്സിലാക്കുക എന്നതാണ്. അല്ലെങ്കില്‍ കേവലം സദ്വിചാര വിശ്വാസത്തില്‍ തൃപ്തിപ്പെടരുത് എന്നാണ്. അല്ലാഹുവിന്റെ സഹവാസവും സഹായവും ലഭിക്കുന്നത് സത്യസന്ധമായ തഖ്‌വാ ഉണ്ടാകുകയും പിന്നെ നന്മ അതിനോടൊപ്പം ഉണ്ടാകുകയും ചെയ്യുന്ന നേരത്താണ്.'(മല്‍ഫൂദാത്ത് വാല്യം 8 പേജ് 371, 1985 ലണ്ടന്‍ പതിപ്പ്)

ഇതുസംബന്ധമായി അവിടന്ന് വീണ്ടും പറയുന്നു: *ഇന്നല്ലാഹ മഅല്ലദീനത്തഖൗ വല്ലദീനഹും മുഹ്സിനൂന്‍* (16:129)അല്ലാഹുവും മനുഷ്യന്റെ നിത്യക്കുറിപ്പു പുസ്തകം(ഡയറി) വെക്കുന്നുണ്ട്. അതുകൊണ്ട് മനുഷ്യനും തന്റെ അവസ്ഥകള്‍ രേഖപ്പെടുത്തുന്ന നിത്യക്കുറിപ്പു പുസ്തകം തയ്യാറാക്കേണ്ടതാണ്. നന്മയില്‍ എവിടംവരെ ചുവടു മുമ്പോട്ടു വെച്ചിട്ടുണ്ടെന്ന് അതില്‍ ചിന്തിക്കേണ്ടതാണ്. മനുഷ്യന്റെ ഇന്നും നാളെയും സമമാകാന്‍ പാടില്ല. മനുഷ്യന്റെ ഇന്നും നാളേയും നന്മയില്‍ സമമായാല്‍ അവന്‍ നഷ്ടത്തിലാണ്. മനുഷ്യന്‍ അല്ലാഹുവിനെ അംഗീകരിക്കുന്നവനും അവനില്‍ പരിപൂര്‍ണമായി വിശ്വസിക്കുന്നവനുമാണെങ്കില്‍ ഒരിക്കലും അവനെ നഷ്ടപ്പെടുത്തിക്കളയുകയില്ല. എന്നല്ല അവനൊരുവനുവേണ്ടി ലക്ഷക്കണക്കിനാളുകളെ രക്ഷപ്പെടുത്തുന്നതാണ്." അവിടന്ന് ഉദാഹരണം നല്‍കുന്നു: ഔലിയാവുല്ലായില്‍പ്പെട്ട ഒരാളുണ്ടായിരുന്നു. അദ്ദേഹത്തെ കുറിച്ച് പറയുന്നു അദ്ദേഹം കപ്പലില്‍ യാത്ര ചെയ്യുകയായിരുന്നു. കടലില്‍ കൊടുങ്കാറ്റടിച്ചു. കപ്പല്‍ മുങ്ങുന്ന വക്കിലെത്തി. അദ്ദേഹത്തിന്റെ ദുആ കൊണ്ടു എല്ലാവരേയും രക്ഷിച്ചു. ആ ദുആയുടെ നേരത്ത് 'നിനക്കുവേണ്ടി നാം എല്ലാവരേയും രക്ഷിച്ചിരിക്കുന്നു'എന്ന് അദ്ദേഹത്തിന് ഇല്‍ഹാമുണ്ടായി.' അവിടന്ന് പറയുന്നു: 'ഈ കാര്യങ്ങള്‍ കേവലം നാക്കുകൊണ്ടു മാത്രമുള്ള പ്രവര്‍ത്തനത്താല്‍ കരസ്ഥമാകുകയില്ല.' മറിച്ച് അതിനുവേണ്ടി അധ്വാനിക്കേണ്ടിവരും. (മല്‍ഫൂദാത്ത് വാല്യം 10 പേജ് 137–138 1985 ലണ്ടന്‍ പതിപ്പ്)

അവിടന്ന് പറഞ്ഞു: *ഇന്നീ ഉഹാഫിളു കുല്ല മന്‍ ഫിദ്ദാരി* എന്ന വാഗ്ദാനം അല്ലാഹു എന്നോടും ചെയ്തിട്ടുണ്ട്. (മല്‍ഫൂദാത്ത് വാല്യം 10 പേജ് 138, 1985 ലണ്ടന്‍ പതിപ്പ്)

പക്ഷേ, ഇതിനുവേണ്ടി നിങ്ങള്‍ക്കും ആദ്യം തഖ്‌വാ കൈക്കൊള്ളേണ്ടിവരും. അവിടന്ന് ഇങ്ങനേയും പറഞ്ഞു: എന്റെ ദുആ സ്വീകരിക്കപ്പെടുന്നതിന് സ്വയം നിങ്ങളെ ദുആകളുടെ അനുസാരികളാക്കേണ്ട ആവശ്യമുണ്ട്. അപ്പോള്‍ എന്റെ ദുആ സ്വീകരിക്കപ്പെടും. അതിന് തഖ്‌വാ നിര്‍ബന്ധമാണ്.

അല്ലാഹു നമുക്ക് ഈ റമളാന്‍ മാസത്തില്‍ തഖ്‌വയോടുകൂടി നോമ്പനുഷ്ഠിക്കാനും ഇബാദത്തുകള്‍ ചെയ്യാനും മറ്റു കടമകള്‍ നിര്‍വഹിക്കാനുമുള്ള തൗഫീഖ് നല്‍കുമാറാകട്ടെ. ഈ റമളാന്‍ ജമാഅത്തിനും മുസ്‌ലിംകള്‍ക്കും എല്ലാ വിധത്തിലും അനുഗ്രഹപൂര്‍ണമായിത്തീരട്ടെ. ലോകത്തിനു വേണ്ടിയും പ്രത്യേകിച്ച് ദുആ ചെയ്യുക. പാക്കിസ്താനിലെ ജമാഅത്തിന്റെ അവസ്ഥ എന്നു പറയുന്നത് നിത്യവും അവിടെ അക്രമം ഏറിവരികയാണ്. അവര്‍ക്കുവേണ്ടി പ്രത്യേകം ദുആ ചെയ്യുക. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നോമ്പിന്റെ കടമകള്‍ നിറവേറ്റുന്നതോടൊപ്പം തഖ്‌വയില്‍ ചരിക്കുന്നതിന്റെ കടമയും നിറവേറ്റുന്നവരാകട്ടെ. ദുആകളിലേക്ക് ശ്രദ്ധിക്കുന്നവരാകട്ടെ. ഇപ്രകാരംതന്നെ അല്ലാഹു മുസ്‌ലിംകളുടെമേലും കരുണ ചൊരിയുമാറാകട്ടെ. അവരുടെ നേതൃത്വത്തിനും ഉലമാക്കള്‍ക്കും ബുദ്ധിയും ബോധവും നല്‍കുമാറകട്ടെ. അവര്‍ കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്നവരാകട്ടെ. ഓരോ ദിവസവും ഇന്ന് യുദ്ധത്തിന്റെ തീ ജ്വലിക്കാന്‍പോകുന്നുവെന്നും ഇന്ന് അവസാനിക്കുമെന്നുമുള്ള പുതിയ വാര്‍ത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. ലോകം ദ്രുതഗതിയില്‍ യുദ്ധത്തിലേക്കു കുതിക്കുന്നതു കാണുമ്പോള്‍ അതു തടയപ്പെടുന്ന ലക്ഷണമൊന്നും കാണുന്നില്ല. അതുകൊണ്ട് അല്ലാഹു പ്രത്യേകിച്ചും മുസ്‌ലിംകളെയും അഹ്മദികളെയും ഈ യുദ്ധത്തിന്റെ ദോഷഫലങ്ങളില്‍ നിന്ന് സംരക്ഷിക്കുമാറാകട്ടെ. മനുഷ്യകുലത്തെ പൊതുവിലും ദോഷഫലങ്ങളില്‍ നിന്ന് രക്ഷിക്കുമാറാകട്ടെ. അല്ലാഹുവിന്റെ പക്കല്‍ ഇനിയും ഇവരുടെ പരിഷ്കരണം സാധ്യമാണെങ്കില്‍, ഇവരുടെ പരിഷ്കരണത്തിനും ദൈവത്തെ തിരിച്ചറിയാനുമുള്ള മാര്‍ഗം സാധ്യമാണെങ്കില്‍, ഇവര്‍ ദൈവത്തെ തിരിച്ചറിയാനും നാശത്തില്‍നിന്ന് രക്ഷപ്പെടാനുമുള്ള സാഹചര്യം അല്ലാഹു ഉണ്ടാക്കുമാറാകട്ടെ.

## ഭ്രാന്തനും ചില കാര്യങ്ങള്‍ കാണാന്‍ കഴിയും

ഹദ്റത്ത് മസീഹ് മൗഊദ്(അ) കേള്‍പിക്കാറുണ്ടായിരുന്നു, ഒരിക്കല്‍ അവിടന്ന് ലാഹോറില്‍പോയി. ശാഹ്ദരയില്‍ ഒരു ഉന്മാദി(മജ്ദൂബ്) താമസിക്കുന്നുണ്ടെന്നും അവിടെ പോകണമെന്നും ചില സ്നേഹിതന്മാര്‍ പറഞ്ഞു. എന്നാല്‍, മറ്റു ചില സ്നേഹിതന്മാര്‍ അതിനെ എതിര്‍ത്തു. അയാള്‍ വൃത്തികെട്ട ചീത്തകള്‍ പറയുന്ന ആളാണെന്നും അയാളുടെ അടുത്ത് പോകരുതെന്നും അവര്‍ പറഞ്ഞു. എന്നാല്‍, പോകണമെന്ന് ആഗ്രഹിച്ചവര്‍ പറഞ്ഞു: 'അങ്ങയ്ക്ക് ഇല്‍ഹാമുണ്ടാകുന്നു, അയാള്‍ എന്താണ് പറയുന്നതെന്ന് നോക്കേണ്ടതാണ്.(അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇല്‍ഹാം പരിശോധിക്കുന്നതിനുവേണ്ടി അവര്‍ കണ്ട ഒരേയൊരു മാനദണ്ഡം പോകുക എന്നതായിരുന്നു. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) അത് നിഷേധിച്ചുകൊണ്ടിരുന്നു. എന്നാല്‍, ആ സ്നേഹിതന്മാര്‍ നിര്‍ബന്ധിച്ച് ഒരിക്കല്‍ അവിടെ കൊണ്ടുപോയി. അവിടന്ന് പറഞ്ഞു, ഞങ്ങള്‍ അവിടെ എത്തിയപ്പോള്‍ അയാള്‍ ചീത്ത പറഞ്ഞ് പറഞ്ഞ് പെട്ടെന്ന് നിശബ്ദനായി. അയാളുടെ അടുത്ത് ഒരു തണ്ണിമത്തന്‍ വെച്ചിരുന്നു. അതെടുത്ത് എന്റെ മുന്നില്‍വച്ചുകൊണ്ട് പറഞ്ഞു, ഇത് അങ്ങയ്ക്കുള്ള ഉപഹാരമാണ്. ബാഹ്യമായ കാര്യങ്ങള്‍ മാത്രം നോക്കുന്ന ചിലരുടെ വിശ്വാസം അതോടെ വര്‍ധിച്ചു. എന്നാല്‍, ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, അയാള്‍ ഭ്രാന്തനായിരുന്നു. ചില സമയങ്ങളില്‍ ഭ്രാന്തന്മാര്‍ക്കും ബുദ്ധിമാന്മാര്‍ കാണാത്ത ചിലകാര്യങ്ങള്‍ കാണാന്‍ കഴിയും. അയാള്‍ ലോകത്ത് നിന്ന് വിച്ഛേദിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തില്‍ അയാള്‍ ചില സമയങ്ങളില്‍ അദൃശ്യകാര്യങ്ങള്‍ കാണുകയാണ്.'

**(അല്‍ഫള്ല്‍ 1938 ജൂലായ് 28 പേജ് 4 വാല്യം 26 നമ്പര്‍ 171)**

# ഖുത്‌ബ ജുമുഅ

**അവസാനകാലത്ത് നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുമെന്നാണ് വിശുദ്ധ ഖുർആനിൽനിന്ന് നമുക്ക് വ്യക്തമാകുന്നത്. നുബുവ്വത്തിന്റെ സരണിയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുമെന്നും അതു ശാശ്വതമായിരിക്കുമെന്നും ഹദീഥുകളിൽനിന്നും നമുക്ക് മനസ്സിലാകുന്നു. തനിക്കു ശേഷം ഖിലാഫത്ത് ഉണ്ടായിരിക്കുമെന്നും അത് എന്നെന്നും നിലനിൽക്കുന്നതായിരിക്കുമെന്നും ഹദ്റത്ത് മസീഹ് മൗഊദും(അ) തുറന്ന നിലയിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ, ഖിലാഫത്തിന്റെ വാഗ്ദാനത്തിൽനിന്ന് അനുഗ്രഹം തേടുന്നതിനും ഈ അനുഗ്രഹത്തിൽ ഭാഗഭാക്കാകുന്നതിനും തങ്ങളുടെ അവസ്ഥകളും അതോടൊപ്പം മാറ്റേണ്ടതുണ്ടെന്നും അല്ലാഹു അതിനോടൊപ്പം ഈ വചനങ്ങളിൽ മുസ്‌ലീംകൾക്ക് വ്യക്തമാക്കികൊടുത്തിരിക്കുന്നു. മുസ്‌ലിം എന്നു വിളിക്കപ്പെടുന്നതുകൊണ്ടും വെറും ബാഹ്യമായ വിശ്വാസം പ്രകടമാക്കിയതുകൊണ്ടും ഖിലാഫത്തിന്റെ അനുഗ്രഹത്തിന് അർഹമാക്കുകയില്ല. ഇബാദത്തിന്റെ കടമ നിറവേറ്റുന്നതിനും ശിർക്കിൽനിന്ന് വിട്ടുനില്ക്കുന്നതിനും നമസ്കാരം നിലനിറുത്തുകയും സക്കാത്ത് നല്കുകയും റസൂലിനെ അനുസരിക്കുകയും ചെയ്യുക എന്നും അല്ലാഹു മുസ്‌ലിംകളെ ഉപദേശിക്കുന്നു. അപ്പോഴേ നിങ്ങൾക്ക് അല്ലാഹുവിന്റെ കാരുണ്യം നേടാനാവൂ.**

**റസൂലിനെ അനുസരിക്കുന്നതുകൊണ്ടുള്ള ഒരു ഉദ്ദേശ്യം ഐക്യത്തിന്റെ മാലയിൽ കോർക്കപ്പെടുക എന്നതാണ്. അതും ഖിലാഫത്തില്ലാതെ നടക്കുകയില്ല.**

**രണ്ടു ദിവസം മുമ്പേ സിയാൽക്കോട്ടിൽ ജമാഅത്തിന്റെ മസ്ജിദിന്റേയും അതിനോടൊപ്പമുണ്ടായിരുന്ന വീടിന്റേയുംമേൽ പോലീസിന്റേയും ഭരണകർത്താക്കളുടേയും നേതൃത്വത്തിൽ മൗലവിമാരും അവരുടെ ചില ശിങ്കിടികളും ആക്രമണം നടത്തുകയും തകർക്കുകയും മസ്ജിദിന്റെ ഗുമ്പദും മിനാരവും വീഴ്ത്തുകയും ചെയ്തു. മറ്റു മസ്ജിദുകളും തങ്ങൾ ആക്രമിച്ച് നിലംപരിശാക്കുമെന്ന് പരസ്യപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.**

**ഏതുവരെ നബി(സ)തിരുമേനിയുടെ പ്രവചനപ്രകാരം സ്ഥാപിതമായ ഖിലാഫത്തിൽ വിശ്വസിക്കുന്നില്ലയോ അതുവരെ ഇവർ ഇത്തരം പ്രവർത്തനങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നതാണ്. അവരിൽനിന്ന് ഒരു വിധത്തിലുള്ള നന്മയും പ്രതീക്ഷിക്കാൻ കഴിയില്ല.**

**നമ്മുടെ വികാരത്തെ സംബന്ധിച്ച് പറയുമ്പോൾ എതിരാളികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തെ ഒരു സ്മാരകത്തിന് കേടുവരുത്തി. സർക്കാർ അത് പിടിച്ചെടുത്തിരിക്കുകയാണ്. എന്നത്തേയുംപോലെ ഇതിനുള്ള നമ്മുടെ മറുപടി ഇന്നമാ അശ്കൂ ബസ്സീ വ ഹുസ്നീ ഇലല്ലാഹ് എന്നാണ്. 'എന്റെ മനോവ്യഥയും വ്യസനവും ഞാൻ അല്ലാഹുവിന്റെ സന്നിധിയിൽ ബോധിപ്പിക്കുന്നു'(12:87) എന്നതുതന്നെയാണ്; ഇതുതന്നെയാണ് ആയിരിക്കേണ്ടതും! നമുക്ക് അതിനോടു വൈകാരികമായ ബന്ധമുണ്ടെന്നത് ശരിതന്നെ. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള ഉദാത്തമായ ബന്ധത്തിന്റെ പ്രകടനം കേവലം കെട്ടിടങ്ങളുടെ സംരക്ഷണത്തിലല്ല; മറിച്ച് ആ മഹാത്മാവിന്റെ അധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിലാണ്;അദ്ദേഹത്തിനുശേഷം ഖിലാഫത്തു വ്യവസ്ഥിതിയുമായി കൂടിച്ചേർന്നിരിക്കുന്നതിലാണ്. ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽ നിന്ന് പ്രയോജനം ഉൾക്കൊള്ളുന്നതിനു വേണ്ടി അല്ലാഹു പറഞ്ഞു തന്നിട്ടുള്ള കാര്യങ്ങൾ സ്വായത്തമാക്കുന്നതിലാണ്; സ്വന്തം ഇബാദത്തുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിലാണ്; അല്ലാഹുവിന്റെ കല്പനകൾ പ്രാവർത്തികമാക്കുന്നതിലാണ്; അനുസരണത്തിന്റെ നിലവാരം വർധിപ്പിക്കുന്നതിലാണ്. അതിനാൽ അതിനുവേണ്ടി നമ്മൾ ശ്രമിക്കേണ്ടതാണ്.**

**ദൈവാസ്തികൃത്തിന്റെ സ്പഷ്ടമായ തെളിവുകൾ നല്കാനും തൗഹീദും ധാർമികഗുണങ്ങളും വീണ്ടും പുതുതായി സ്ഥാപിക്കാനും വേണ്ടിയാണ് അഹ്മദിയ്യാ ജമാഅത്തും സ്ഥാപിതമായിരിക്കുന്നത്.**

**ഖിലാഫത്തുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങൾ ലഭ്യമാകുന്നതിന് അല്ലാഹു എന്തൊക്കെ കാര്യങ്ങൾ എന്തൊക്കെ കർമങ്ങൾ ചെയ്യാനാണോ ഉദ്ബോധിപ്പിച്ചത് അവയനുസരിച്ച് നമ്മുടെ ജീവിതം വാർത്തെടുക്കാൻ നമ്മൾ ശ്രമിക്കുന്നുണ്ടോ എന്നും അതിന്റെ നിലവാരമെന്താണെന്നും എപ്പോഴും വിലയിരുത്തേണ്ടതാണ്. നമ്മുടെ ഇബാദത്തുകൾ എങ്ങനെയുള്ളതാണ്? നമ്മുടെ നമസ്കാരങ്ങൾ എപ്രകാരമാണ്? നമ്മുടെ വാക്കും പ്രവൃത്തിയും ശിർക്കിൽനിന്ന് മുക്തമാണോ? നമ്മുടെ സാമ്പത്തികത്യാഗങ്ങളുടെ നിലവാരമെന്താണ്? നമ്മുടെ അനുസരണത്തിന്റെ നിലവാരം എത്ര മാത്രമാണ്? അല്ലാഹുവും അവന്റെ റസൂലും ആഗ്രഹിക്കുന്നതുപോലുള്ള നിലവാരം നാം നേടിയിട്ടുണ്ടോ? ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിൽ വിശ്വസിക്കുന്നവരെ ഏതൊരു നിലവാരത്തിൽ കാണാൻ ആഗ്രഹിക്കുന്നുവോ അതിലേക്കെത്താൻ നമ്മൾ ശ്രമിക്കുന്നുണ്ടോ?**

**ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്‌ബ ജുമുഅ 2018 മെയ്25/1397 ഹിജ്റത്ത് 25**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-
وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِي الْأَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ ۪ وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِي ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْ بَعْدِ خَوْفِهِمْ أَمْنًا ؕ يَعْبُدُوْنَنِيْ لَا يُشْرِكُوْنَ بِيْ شَيْـًٔا ؕ وَمَنْ كَفَرَ بَعْدَ ذٰلِكَ فَأُولٰٓئِكَ هُمُ الْفٰسِقُوْنَ ۝ وَأَقِيْمُوا الصَّلٰوةَ وَاٰتُوا الزَّكٰوةَ وَأَطِيْعُوا الرَّسُوْلَ لَعَلَّكُمْ تُرْحَمُوْنَ ۝ (سورة النور:56 تا 57)

നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്; എന്നോട് മറ്റാന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ. നിങ്ങൾ നമസ്കാരം നിലനിറുത്തുകയും സക്കാത്ത് കൊടുക്കുകയും ദൈവദൂതനെ അനുസരിക്കുകയും ചെയ്യുക. നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി.(24:56-57)

അല്ലാഹുവിന്റെ ഒരു വാഗ്ദാനത്തെക്കുറിച്ചാണ് ഈ വചനങ്ങളിൽ വിവരിച്ചിരിക്കുന്നത്. നിങ്ങളിങ്ങനെ ആകുകയാണെങ്കിൽ നിങ്ങളെ പാരിതോഷികം നല്കി അനുഗ്രഹിക്കുമെന്ന് അല്ലാഹു ഒരു വാഗ്ദാനം ചെയ്തിരിക്കുന്നു. അത് ഖിലാഫത്തിന്റെ പാരിതോഷികമാണ്. അതിന്റെ ഫലമായി നിങ്ങൾക്ക് പ്രബലത കൈവരുന്നതാണ്. ഭയത്തിന്റെ അവസ്ഥയ്ക്കുശേഷം സമാധാനത്തിന്റെ അവസ്ഥയും ലഭിക്കുന്നതാണ്. അല്ലാഹു തീർച്ചയായും തരുമെന്നുള്ള വാഗ്ദാനമാണ് ഇത്; പ്രവചനമല്ല. അതേ അവൻ തരും, തീർച്ചയായും തരുമെന്നല്ല അല്ലാഹു പറഞ്ഞത്. അതിന്റെ നിബന്ധനകൾ പൂർത്തിയാക്കുന്നവരോടാണ് ഈ വാഗ്ദാനം ചെയ്തിട്ടുള്ളത്. ആ നിബന്ധനകളെന്തൊക്കെയാണ്? അല്ലാഹു പറയുന്നു: അവർ എന്നെ ആരാധിക്കുന്നവരായിരിക്കും. ശിർക്ക് അഥവാ ബഹുദൈവാരാധനയെ പൂർണമായും വർജിക്കുന്നവരായിരിക്കും. ആരാധനയോടുള്ള കടമ നിറവേറ്റുന്നവരും ശിർക്കിനെ പൂർണമായും ഉപേക്ഷിക്കുന്നവരും അല്ലാഹു ആഗ്രഹിക്കുന്നതുപോലെ അതിൽനിന്ന് രക്ഷപ്പെടുന്നവരും അല്ലെങ്കിൽ അത്തരക്കാർക്ക് ഈ വാഗ്ദാനത്തിൽ നിന്ന് പൂർണമായും പ്രയോജനം നേടാനാവുകയില്ല. ഖിലാഫത്തുണ്ടെങ്കിൽത്തന്നെയും ഈ നിബന്ധന പൂർത്തിയാക്കാത്തവർക്കും അതനുസരിച്ച് പ്രവർത്തിക്കാത്തവർക്കും ഖിലാഫത്തിൽനിന്ന് ഫലമെടുക്കാൻ സാധിക്കുകയില്ല.

അവസാനകാലത്ത് നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുമെന്നാണ് വിശുദ്ധ ഖുർആനിൽനിന്ന് നമുക്ക് വ്യക്തമാകുന്നത്. നുബുവ്വത്തിന്റെ സരണിയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുമെന്നും അതു ശാശ്വതമായിരിക്കുമെന്നും ഹദീഥുകളിൽനിന്നും നമുക്ക് മനസ്സിലാകുന്നു. തനിക്കു ശേഷം ഖിലാഫത്ത് ഉണ്ടായിരിക്കുമെന്നും അത് എന്നെന്നും നിലനിൽക്കുന്നതായിരിക്കുമെന്നും ഹദ്റത്ത് മസീഹ് മൗഊദും(അ) തുറന്ന നിലയിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ, ഖിലാഫത്തിന്റെ വാഗ്ദാനത്തിൽനിന്ന് അനുഗ്രഹം തേടുന്നതിനും ഈ അനുഗ്രഹത്തിൽ ഭാഗഭാക്കാകുന്നതിനും തങ്ങളുടെ അവസ്ഥകളും അതോടൊപ്പം മാറ്റേണ്ടതുണ്ടെന്നും അല്ലാഹു അതിനോടൊപ്പം ഈ വചനങ്ങളിൽ മുസ്‌ലീംകൾക്ക് വ്യക്തമാക്കികൊടുത്തിരിക്കുന്നു. മുസ്‌ലിം എന്നു വിളിക്കപ്പെടുന്നതുകൊണ്ടും വെറും ബാഹ്യമായ വിശ്വാസം പ്രകടമാക്കിയതുകൊണ്ടും ഖിലാഫത്തിന്റെ അനുഗ്രഹത്തിന് അർഹമാക്കുകയില്ല. ഇബാദത്തിന്റെ കടമ നിറവേറ്റുന്നതിനും ശിർക്കിൽനിന്ന് വിട്ടുനില്ക്കുന്നതിനും നമസ്കാരം നിലനിറുത്തുകയും സക്കാത്ത് നല്കുകയും റസൂലിനെ അനുസരിക്കുകയും ചെയ്യുക എന്നും അല്ലാഹു മുസ്‌ലിംകളെ ഉപദേശിക്കുന്നു. അപ്പോഴേ നിങ്ങൾക്ക് അല്ലാഹുവിന്റെ കാരുണ്യം നേടാനാവൂ. റസൂലിനോടുള്ള അനുസരണത്തിൽ നബി(സ) തിരുമേനി നമുക്കു പറഞ്ഞുതന്ന ഒരു കാര്യം ഓർക്കേണ്ടതാണ്. അതായത് ഏതൊരാൾ ഞാൻ നിശ്ചയിച്ച അമീറിനെ അനുസരിച്ചുവോ അയാൾ

എന്നെ അനുസരിച്ചു. ഏതൊരാൾ ഞാൻ നിശ്ചയിച്ച അമീറിനെ ധിക്കരിച്ചുവോ അയാൾ എന്നെ ധിക്കരിച്ചു. ഖിലാഫത്ത് വ്യവസ്ഥിതിയിൽ മറ്റാരേക്കാളും നബി(സ)തിരുമേനി നിശ്ചയിച്ച അമീർ എന്നത് ഖലീഫ തന്നെയാണ്. ഇക്കാര്യത്തിൽനിന്ന് ഖിലാഫത്തിനോടുള്ള അനുസരണവും നബി(സ) തിരുമേനിയെ അനുസരിക്കുന്നതുപോലെ നിർബന്ധമാണെന്ന് വ്യക്തമാണ്. പക്ഷേ, ഇവിടെ ബലാൽക്കാരമായി തട്ടിപ്പറിച്ചെടുത്ത് ലൗകികരായ മേലാളന്മാരുടെ സഹായത്താൽ കരസ്ഥമാക്കുന്ന ഖിലാഫത്തല്ല ഉദ്ദേശ്യം. നുബുവ്വത്തിന്റെ സരണിയിൽ ഉണ്ടാകുന്ന ഖിലാഫത്താണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇതുസംബന്ധമായി നബി(സ)തിരുമേനി വ്യക്തമായ നിർദേശം നല്കിക്കഴിഞ്ഞിട്ടുള്ളതാണ്; അതു മസീഹ് മൗഊദ് വന്നതിനുശേഷം നിലവിൽ വരേണ്ടതായിരുന്നു. അദ്ദേഹത്തിൽനിന്ന് ഖിലാഫത്തിന്റെ ഈ പരമ്പര തുടരേണ്ടതായിരുന്നു. കാരണം ആ മസീഹ് മൗഊദ് ഖാത്തമുൽഖുലഫാ ആയിരിക്കും എന്നതുതന്നെ. ആ ഖിലാഫത്ത് പിന്നീട് യുദ്ധം ചെയ്യുകയില്ല. അക്രമം ചെയ്യുകയില്ല. പ്രത്യുത നമസ്കാരം നിലനിറുത്താനും ദീൻ പ്രചരിപ്പിക്കാനും ജനങ്ങളോടുള്ള കടമകൾ നിറവേറ്റാനും സക്കാത്തു കൊടുക്കാനും ധനത്യാഗം ചെയ്യാനും ജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നതായിരിക്കും. ഈ ഖിലാഫത്ത് ഇപ്പോൾ അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് നടന്നു വരുന്നത്.

ഇപ്രകാരംതന്നെ റസൂലിനെ അനുസരിക്കുന്നതു കൊണ്ടുള്ള ഒരു ഉദ്ദേശ്യം ഐക്യത്തിന്റെ മാലയിൽ കോർക്കപ്പെടുക എന്നതാണ്. അതും ഖിലാഫത്തില്ലാതെ നടക്കുകയില്ല. മറ്റു മുസ്‌ലീംകളും നമസ്കരിക്കുന്നുണ്ടെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, ഒരു ഐക്യമില്ലാത്ത കാരണത്താൽ അവരുടെ മനസ്സുകളിൽ ഭിന്നിപ്പുണ്ട്. ഒരൊറ്റ ആദർശത്തിൽ ആയിരുന്നിട്ടും വിഭാഗീയതയിൽ ആപതിച്ച് ഭിന്നിപ്പുണ്ടാക്കിയിരിക്കുന്നു. ഉലമാക്കൾ തങ്ങളുടെ പ്രസംഗപീഠത്തിനും സ്വാർഥതാൽപര്യത്തിനുംവേണ്ടി – ഇപ്പോൾ പാക്കിസ്താനിൽ ഉലമാക്കൾക്ക് രാഷ്ട്രീയ ഉദ്ദേശ്യങ്ങളും ഉണ്ടായിരിക്കുന്നു– പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്നു. പിന്നീട് അവരുടെ പിന്നാലെ കൂടുന്നവരുടെ അവസ്ഥയും അതുതന്നെയാണ്.

കുറച്ചു കാലമായി പാക്കിസ്താനിൽ ധർണയും മറ്റും നടന്നുവരികയായിരുന്നു. അതിനുശേഷം ഉലമാക്കളുടെ രണ്ടു കക്ഷിയിൽ പരസ്പരം സംഘർഷമുണ്ടായി. ചിലർ ലബൈക്ക് യാ റസൂലുല്ലായുടെ പേരിൽ തങ്ങളുടെ സ്വാർഥനേട്ടങ്ങൾ കരസ്ഥമാക്കുന്നതിന് നേതാവാകാൻ ശ്രമിക്കുകയായിരുന്നു. ചിലർ ഖത്തമുന്നുബുവ്വത്തിന്റെ പേരിൽ തങ്ങളുടെ കച്ചവടം മോടിപിടിപ്പിക്കാൻ ഒരുങ്ങുകയായിരുന്നു. ഈ തമാശ ടി.വിയിലൂടെ ജനങ്ങൾ കണ്ടുകൊണ്ടിരുന്നു. പാക്കിസ്താൻ ടി.വി അതു കാണിച്ചു. ഇങ്ങനെയൊക്കയായിട്ടും അവരുടെ പിന്നാലെ നടക്കുന്നവർക്ക് തങ്ങൾ ആരുടെ പിന്നാലെയാണ് നടക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ഇക്കൂട്ടർ പൊതുജനങ്ങൾക്കും പൊതുമുസ്‌ലീംകൾക്കും ദീനിന്റെ പ്രബലതയ്ക്കുള്ള മാർഗമായി തീരുന്നതെങ്ങനെ? ഇവർക്ക് ശരിയായ മാർഗദർശനം നല്കാൻ കഴിയുമോ? അതൊരിക്കലും സാധ്യമല്ല. കാരണം അവർ സ്വയം വഴിപിഴച്ചവരാണ്. അക്കാലത്ത് ഉലമാക്കൾ ആകാശത്തിൻ കീഴിൽ ഏറ്റവും നികൃഷ്ട ജീവികളായിരിക്കുമെന്ന നബി(സ)തിരുമേനിയുടെ ഹദീഥ് അനുസരിച്ച് വഴിപിഴച്ചുപോയവരാണ്!"(അൽജാമിഉ ലി ശഅ്ബിൽ ഈമാൻ വാല്യം 3, പേജ് 317–318 ഹദീഥ് 1763)

സക്കാത്തു കൊടുക്കുന്നുണ്ടെങ്കിലും അതിന്റെ ഉപയോഗത്തെ കുറിച്ച് സർക്കാറിന് ഒരു വിവരവുമില്ല. ദരിദ്രർക്കുവേണ്ടി ചെലവഴിക്കുന്നുവെന്നാണ് അവരുടെ വാദം. പക്ഷേ, സക്കാത്ത് ഫണ്ടിൽ ശതകോടികളുടെ വെട്ടിപ്പു നടക്കുന്നു. ഇതിനെ കുറിച്ചുള്ള വിവരങ്ങൾ മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. ഇസ്‌ലാമിക പ്രചാരണത്തിന്റെ കാര്യം പറയാനില്ല! ഇസ്‌ലാമിന്റെ പേരിൽ നിലവിൽവന്നിട്ടുള്ള സർക്കാറുകളും എണ്ണപ്പണംകൊണ്ട് അനുഗൃഹീതമായ ഭരണകൂടങ്ങളും എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? ഇസ്‌ലാമിക പ്രചാരണത്തിന്റെ ഒരു പ്രവർത്തനവും അവരിൽനിന്നുണ്ടാകുന്നില്ല. ത്യാഗങ്ങൾ വരിച്ച് ഈ പ്രവർത്തനം ആരെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്താണ് ചെയ്തുകൊണ്ടിരിക്കുന്നത്! ഖിലാഫത്ത് വ്യവസ്ഥിതി ഉണ്ടെങ്കിലേ ഈ വ്യവസ്ഥിതിയും മുന്നോട്ടു പോകുകയുള്ളു. ഖിലാഫത്ത് വ്യവസ്ഥിതി വേണമെന്ന് ചില പണ്ഡിതന്മാരും ഉദ്ബുദ്ധരായവരും തുറന്നു പറയാറുണ്ടെങ്കിലും അവരോട് അല്ലാഹു സ്ഥാപിച്ച വ്യവസ്ഥിതിയിൽ വിശ്വസിക്കൂ എന്ന് പറയുമ്പോൾ വിശ്വസിക്കാൻ തയ്യാറല്ല. എന്നല്ല, അവർ ശക്തമായി എതിർക്കുകയും ചെയ്യുന്നു.

ആ എതിർപ്പിന്റെ പുതിയ സംഭവമാണ് രണ്ടു ദിവസം മുമ്പേ സിയാൽക്കോട്ടിലെ നമ്മുടെ മസ്ജിദിൽ ഉണ്ടായത്. മസ്ജിദിന്റേയും അതിനോടൊപ്പമുണ്ടായിരുന്ന വീടിന്റേയുംമേൽ പോലീസും ഭരണകർത്താക്കളും ചേർന്ന് എന്നല്ല മൗലവിമാരും അവരുടെ ചില ശിങ്കിടികളും ആക്രമിക്കുകയും തകർക്കുകയും ചെയ്തു. വളരെ വലിയ 'ശ്ലാഘനീയ കർമം' ആണ് ചെയ്തത്. അവർ ഇസ്‌ലാമിനെ 'രക്ഷിക്കുന്നതിനുവേണ്ടി' കഠിനാധ്വാനം ചെയ്തു! കുറച്ചു ദിവസംമുമ്പേ പോലീസ് നേരിട്ട് അകാരണമായി സീൽ വെച്ചു കഴിഞ്ഞ വീടായിരുന്നു അത്. അതിന് അനുവാദമൊന്നുമുണ്ടായിരുന്നില്ല. അവിടെ ആരും ഇല്ലാതിരുന്നിട്ടും ആ സീൽ വച്ച വീട് പോലീസ് ആസൂത്രിതമായ പദ്ധതിയനുസരിച്ച് ആക്രമിച്ച് കേടുവരുത്തി. ഉള്ളിൽ കടന്നു തകർത്തു നശിപ്പിച്ചു. ഇത് പാക്കിസ്താൻ ഉണ്ടാകുന്നതിന് ദീർഘകാലംമുമ്പേ എന്നല്ല നൂറുവർഷത്തിലും കൂടുതൽ കാലംമുമ്പേ നിർമിച്ച വീടും മസ്ജിദുമായിരുന്നു. അഹ്മദികൾ ഇന്നുണ്ടാക്കിയതാണെന്നതി ന് ഒരു തെളിവുമില്ല. എന്തായാലും അവർക്ക് മിനാരം തകർത്തെറിയണമായിരുന്നു! ഗുമ്പദ് വീഴ്ത്തണമായിരുന്നു! ഇതാണ് ശത്രുതയിൽ അതിരുകടക്കുന്നവരുടെ അവസ്ഥ! മറ്റു മസ്ജിദുകളും തങ്ങൾ ആക്രമിച്ച് നിലംപരിശാക്കുമെന്ന് പരസ്യപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഹാഫിളാണ്! ഒരു രാഷ്ട്രീയ പാർട്ടിയുടെ ഏതോ സാഹിബാണ്! ഖാരിയാണ്! പറയുമ്പോൾ ഹാഫിളാണ്. പക്ഷേ, വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തിന്റെ ആത്മാവ് ഒട്ടുംതന്നയില്ല. എന്തായാലും ഒട്ടുംതന്നെ അവർക്ക് ഉണ്ടാകാൻ പാടില്ലല്ലോ. അല്ലാഹു അയച്ച ഖാത്തമുൽ ഖുലഫായുടേയും ഇക്കാലത്തെ നീതിമാനായ വിധികർത്താവിന്റേയും ശത്രുതയിൽ അതിരു കടന്നവരാകുമ്പോൾ വിശുദ്ധ ഖുർആനിന്റെ ജ്ഞാനത്തിൽനിന്നും തികച്ചും ശൂന്യമാകേണ്ടതു തന്നെയായിരുന്നു! ഇതും അല്ലാഹുവിൽനിന്ന് അവർക്കുള്ള ഒരു ശിക്ഷയാണ്. എന്നാൽ, അവർക്കു മനസ്സിലാകുകയില്ല. കലഹങ്ങളുടേയും കുഴപ്പങ്ങളുടേയും പ്രശ്നം നോക്കുമ്പോൾ അതിൽ അവരുടെ ബുദ്ധി വളരെ ദ്രോഹപരമാണ്. വളരെ തുറന്നതാണ്. എത്രവേണമെങ്കിലും അവരെക്കൊണ്ട് കലഹവും കുഴപ്പവും ചെയ്യിക്കാം! അതിനുവേണ്ടി പുതിയ പുതിയ മാർഗങ്ങൾ കണ്ടുപിടിക്കുന്നു. ഇക്കാര്യങ്ങളിൽ നമുക്കൊരിക്കലും അവരെ നേരിടാൻ കഴിയില്ല. എന്തായാലും ഇതാണ് അവരുടെ അവസ്ഥ. സ്വന്തം മസ്ജിദുകളിലും ഒരു കൂട്ടർ മറ്റേ കൂട്ടർക്കെതിരിൽ സംസാരിക്കുന്നു. ഫിത്നകളും കുഴപ്പങ്ങളും പദ്ധതിയിട്ട് സ്വന്തം മസ്ജിദുകളുടെ പവിത്രത നഷ്ടപ്പെടുത്തുന്നു. അല്ലാഹുവിനെ ആരാധിക്കാൻവേണ്ടിമാത്രം നിർമിച്ചിട്ടുള്ള നമ്മുടെ മസ്ജിദുകളും താഴിട്ടുപൂട്ടി പിന്നീട് ആസൂത്രിതമായി ആക്രമണം നടത്തി നഷ്ടം വരുത്തി അവയുടെ പവിത്രതയേയും നശിപ്പിക്കുന്നു. അവരുടെ സ്വാർഥതാൽപര്യങ്ങൾക്ക് ദീനിനുമേൽ മുൻഗണന നല്കുന്നതിന്റെ ഫലമാണിത്. ഏതുവരെ നബി(സ)തിരുമേനിയുടെ പ്രവചനപ്രകാരം സ്ഥാപിതമായ ഖിലാഫത്തിൽ വിശ്വസിക്കുന്നില്ലയോ അതുവരെ ഇവർ ഇത്തരം പ്രവർത്തനങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നതാണ്. അവരിൽനിന്ന് ഒരു വിധത്തിലുള്ള നന്മയും പ്രതീക്ഷിക്കാൻ കഴിയില്ല.

അതേ, കുറച്ചു നല്ലയാളുകളുണ്ട്. സെനറ്റിൽ ഒരു സ്ത്രീ വളരെ തന്റേടത്തോടുകൂടി ഇതിനെ ഇന്നലെ അപലപിച്ചിരുന്നു. അത് നിഷേധിക്കുകയും ചെയ്തു. ഇനി ആ പാവത്തെ മൗലവിമാരും മൗലവി സ്വഭാവക്കാരുമായ ആളുകളും സ്വാർഥമതിക്കാരായ രാഷ്ട്രീയക്കാരും എന്താണ് ചെയ്യുന്നതെന്ന് കാണാം. ഇന്നുവരെ കണ്ടു വരുന്നത് എത്രത്തോളം അത്തരം മാന്യരായ വ്യക്തികളുടെ പിന്നാലെ കൂടുന്നുവെന്നാൽ ഒന്നുകിൽ അവർക്ക് രാഷ്ട്രീയത്തിൽനിന്ന് പിന്മാറേണ്ടിവരുന്നു, അല്ലെങ്കിൽ ഖേദം പ്രകടിപ്പിക്കേണ്ടിവരുന്നു.

നമ്മുടെ വികാരത്തെ സംബന്ധിച്ച് പറയുമ്പോൾ എതിരാളികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തെ ഒരു സ്മാരകത്തിന് കേടുവരുത്തി. സർക്കാർ അത് പിടിച്ചെടുത്തിരിക്കുകയാണ്. എന്നത്തേയുംപോലെ ഇതിനുള്ള നമ്മുടെ മറുപടി **ഇന്നമാ അശ്കൂ ബസ്സീ വ ഹുസ്നീ ഇലല്ലാഹ്** എന്നാണ്. 'എന്റെ മനോവ്യഥയും വ്യസനവും ഞാൻ അല്ലാഹുവിന്റെ സന്നിധിയിൽ ബോധിപ്പിക്കുന്നു'(12:87) എന്നതുതന്നെയാണ്; ഇതുതന്നെയാണ് ആയിരിക്കേണ്ടതും! നമുക്ക് അതിനോടു വൈകാരികമായ ബന്ധമുണ്ടെന്നത് ശരിതന്നെ. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള ഉദാത്തമായ ബന്ധത്തിന്റെ പ്രകടനം കേവലം കെട്ടിടങ്ങളുടെ സംരക്ഷണത്തിലല്ല; മറിച്ച് ആ മഹാത്മാവിന്റെ അധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിലാണ്; അദ്ദേഹത്തിനുശേഷം ഖിലാഫത്തു വ്യവസ്ഥിതിയുമായി കൂടിച്ചേർന്നിരിക്കുന്നതിലാണ്. ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് പ്രയോജനം ഉൾക്കൊള്ളുന്നതിനു വേണ്ടി അല്ലാഹു പറഞ്ഞുതന്നിട്ടുള്ള കാര്യങ്ങൾ സ്വായത്തമാക്കുന്നതിലാണ്; സ്വന്തം ഇബാദത്തുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിലാണ്; അല്ലാഹുവിന്റെ കല്പനകൾ പ്രാവർത്തികമാക്കുന്നതിലാണ്; അനുസരണത്തിന്റെ നിലവാരം വർധിപ്പിക്കുന്നതിലാണ്. അതിനാൽ അതിനുവേണ്ടി നമ്മൾ ശ്രമിക്കേണ്ടതാണ്.

ഖലീഫയുടെ ആഗമനത്തിന്റെ ലക്ഷ്യമെന്തെന്ന് ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചോദിച്ചു. ഇതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) നല്കിയ മറുപടി നമ്മൾ എപ്പോഴും മുന്നിൽ വെയ്ക്കേണ്ടതാണ്. 'പരിഷ്കരണം' എന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)മറുപടി പറഞ്ഞത്. പിന്നീട് അത് വിശദീകരിക്കുകയും ചെയ്തു. നോക്കൂ! ഹദ്റത്ത് ആദമിൽനിന്ന് ഈ മനുഷ്യ പരമ്പര ആരംഭിച്ചു. ഒരു ദീർഘമായ കാലത്തിനുശേഷം മനുഷ്യന്റെ കർമപരമായ അവസ്ഥ ബലഹീനമാകുകയും അവൻ ജീവിതത്തിന്റെ യഥാർഥ ലക്ഷ്യവും ദൈവ ഗ്രന്ഥത്തിന്റെ യഥാർഥ ഉദ്ദേശ്യവും മറന്ന് സന്മാർഗത്തിന്റെ വഴിയിൽനിന്ന് അകന്നുപോകുകയും ചെയ്തപ്പോൾ അല്ലാഹു അവന്റെ കൃപയൊന്നുകൊണ്ടുമാത്രം ഒരു ദൈവദൂതൻ മുഖേന ലോകത്തിന് സന്മാർഗം നല്കി. വഴികേടിന്റെ ഗർത്തത്തിൽനിന്ന് അവരെ പുറത്തെടുത്തു." അവിടന്ന് പറയുന്നു: 'പ്ര


അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."
(ഖുത്ബ ജുമുഅ,2017 മെയ് 5.)

ത്വാലിബെ ദുആ:
സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

ത്വാലിബെ ദുആ:
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളുരുത്തി (കേരള)

താപവാന്റെ ജ്യോതിർവിലാസം ദിവ്യജ്യോതിസ് കാണിച്ചു. ഒരു വിളക്കെന്നപോലെ ദിവ്യജ്ഞാനത്തിന്റെ പ്രകാശം ലോകത്ത് വീണ്ടും സ്ഥാപിതമാക്കപ്പെട്ടു. വിശ്വാസത്തെ പ്രകാശമയവും തിളക്കമാർന്നതുമായ വിശ്വാസമാക്കി.' അവിടന്ന് പറയുന്നു: 'ചുരുക്കത്തിൽ അല്ലാഹുവിന്റെ ഇതേ നടപടിക്രമം എന്നെന്നും നടന്നുവരുന്നതാണ്.' ഹദ്റത്ത് ആദം മുതൽ നബി(സ)തിരുമേനിവരെ ഇതുതന്നെയാണ് നമ്മൾ കണ്ടത്. വീണ്ടും പറഞ്ഞു: "ആദ്യനബിയുടെ അധ്യാപനങ്ങൾ വിസ്മരിച്ചുകൊണ്ട് ജനങ്ങൾ സന്മാർഗവും ഈമാനിക സമ്പത്തും ജ്ഞാനവെളിച്ചവും നഷ്ടപ്പെട്ടവരാവുകയും ലോകത്ത് അന്ധകാരത്തിന്റേയും വഴികേടിന്റേയും ദുർവൃത്തികളുടേയും ഭയാനകമായ ഇരുട്ട് നാലുപാടും വ്യാപിക്കുകയും ചെയ്യുമ്പോൾ, അല്ലാഹുവിന്റെ സിഫത്തുകൾ ആവേശം കൊള്ളുകയും ഉന്നതനായ മഹാത്മാവു മുഖേന ലോകത്ത് വീണ്ടും ദിവ്യജ്ഞാനം സ്ഥാപിച്ചു കൊണ്ട് ആയിരമായിരം തെളിവുകളാൽ ദൈവാസ്തിക്യം സ്ഥാപിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന്റെ തുടർന്നുവരുന്ന നടപടിക്രമമാണ്. നഷ്ടപ്പെട്ട ദൈവജ്ഞാനവും കളഞ്ഞുപോയ ദൈവഭയവും പരിശുദ്ധയും ലോകത്ത് സ്ഥാപിക്കുന്നു." (മുസ്‌ലിംകളിലും അമുസ്‌ലിംകളിലും വിശ്വാസവും ഭക്തിയും നഷ്ടപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഇക്കാലഘട്ടത്തിൽ അല്ലാഹു നബി(സ)തിരുമേനിയുടെ പ്രവചനപ്രകാരം 'ഖാത്തമുൽ ഖുലഫാ'യെ അയച്ചു. അവിടന്ന് അത് സ്ഥാപിച്ചു). അവിടന്ന് പറയുന്നു: അതേ സനാതനമായ നടപടിക്രമമനുസരിച്ച് ഒരു മഹത്തായ വിപ്ലവമുണ്ടാകുന്നു. (ഇത് ശ്രദ്ധിച്ചു കേൾക്കേണ്ട കാര്യമാണ്).അവിടന്ന് പറയുന്നു: "ഈ സനാതനമായ നടപടിക്രമമനുസരിച്ചാണ് നമ്മുടെ ജമാഅത്ത് സ്ഥാപിതമായിരിക്കുന്നത്."(മൽഫൂദാത്ത് വാല്യം 10 പേജ് 274-275, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ ദൈവാസ്തിക്യത്തിന്റെ സ്പഷ്ടമായ തെളിവുകൾ നല്കാനും തൗഹീദും ധാർമികഗുണങ്ങളും വീണ്ടും പുതുതായി സ്ഥാപിക്കാനും വേണ്ടിയാണ് അഹ്മദിയ്യാ ജമാഅത്തും സ്ഥാപിതമായിരിക്കുന്നത്. മുസ്‌ലീംകളിൽ ഭൂരിപക്ഷത്തിന്റേയും കർമപരമായ അവസ്ഥ ദുർബലമായിരിക്കുന്നതായി നമ്മൾ കാണുന്നു. ഖബ്ർ പൂജ, ശിർക്ക്, ബിദ്അത്ത് തുടങ്ങിയ കാര്യങ്ങളിൽ അവർ അകപ്പെട്ടിരിക്കുന്നു. ദുഷ്കർമങ്ങളും നീചപ്രവൃത്തികളും സാധാരണമായിരിക്കുന്നു." സ്വയം ഇക്കാര്യം ഇവർ സമ്മതിക്കുന്നുണ്ട്. അതിനെക്കുറിച്ച് പത്രങ്ങളിൽ കോളമെഴുതുകയും ചെയ്യുന്നുണ്ട്. പക്ഷേ, ഞാൻ പറഞ്ഞതുപോലെ ആരെയാണോ അല്ലാഹു നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ സന്മാർഗം നല്കുന്നതിനും വഴികേടിന്റെ ഗർത്തത്തിൽനിന്ന് കരകയറ്റുന്നതിനും അയച്ചത് ആ ആളെ വിശ്വസിക്കാൻ ഇവർ തയ്യാറല്ല. മറഞ്ഞതായ ശിർക്കിൽ ഇവർ അകപ്പെട്ടിരിക്കുകയാണ്. ഉൽകൃഷ്ട സ്വഭാവങ്ങളുടെ നാമമോ അടയാളമോ പോലുമില്ല

എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒടുവിലത്തെ വാക്യം, ഞാൻ മുമ്പേയും പറഞ്ഞതുപോലെ, നമ്മളെ എപ്പോഴും ജാഗരൂകരാക്കി വെക്കേണ്ടതാണ്. ആ സനാതനമായ നടപടിക്രമമനുസരിച്ചാണ് നമ്മുടെ ജമാഅത്തും സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. അതായത്, ലോകത്ത് ദുഷ്പ്രവൃത്തികളും നീചകൃത്യങ്ങളും വ്യാപിക്കുകയും ധാർമികഗുണങ്ങൾ ഇല്ലാതാകുകയും ജനങ്ങൾ ഏകദൈവവിശ്വാസം മറക്കുകയും ശിർക്ക് പരക്കാൻ തുടങ്ങുകയും ചെയ്യുമ്പോൾ അല്ലാഹു തന്റെ നടപടിക്രമമനുസരിച്ച് തന്റെ ഇഷ്ടദാസനെ അയച്ചുകൊണ്ട് ദീനിനെ പുനരുദ്ധരിക്കുന്നു. അതിനാൽ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് നമ്മിൽ ഒരു മാറ്റം ഉണ്ടാക്കുന്നില്ലെങ്കിൽ അത് ആശങ്കാജനകമായ സംഗതിയാണ്. ഖിലാഫത്തുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങൾ ലഭ്യമാകുന്നതിന് അല്ലാഹു എന്തൊക്കെ കാര്യങ്ങൾ എന്തൊക്കെ കർമങ്ങൾ ചെയ്യാനാണോ ഉദ്ബോധിപ്പിച്ചത് അവയനുസരിച്ച് തങ്ങളുടെ ജീവിതം വാർത്തെടുക്കാൻ നമ്മൾ ശ്രമിക്കുന്നുണ്ടോ എന്നും അതിന്റെ നിലവാരമെന്താണെന്നും എപ്പോഴും വിലയിരുത്തേണ്ടതാണ്. നമ്മുടെ ഇബാദത്തുകൾ എങ്ങനെയുള്ളതാണ്? നമ്മുടെ നമസ്കാരങ്ങൾ എപ്രകാരമാണ്? നമ്മുടെ വാക്കും പ്രവൃത്തിയും ശിർക്കിൽ നിന്ന് മുക്തമാണോ? നമ്മുടെ സാമ്പത്തികത്യാഗങ്ങളുടെ നിലവാരമെന്താണ്? നമ്മുടെ അനുസരണത്തിന്റെ നിലവാരം എത്രമാത്രമാണ്? അല്ലാഹുവും അവന്റെ റസൂലും ആഗ്രഹിക്കുന്നതുപോലുള്ള നിലവാരം നാം നേടിയിട്ടുണ്ടോ? ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിൽ വിശ്വസിക്കുന്നവരെ ഏതൊരു നിലവാരത്തിൽ കാണാൻ ആഗ്രഹിക്കുന്നുവോ അതിലേക്കെത്താൻ നമ്മൾ ശ്രമിക്കുന്നുണ്ടോ? ഇബാദത്തിന്റേയും നമസ്കാരത്തിന്റേയും പ്രാധാന്യത്തെക്കുറിച്ച് നബി(സ)തിരുമേനിയുടെ ഒരു നിർദേശമുണ്ട്. ഹദീഥിൽ വന്നിരിക്കുന്നു, ഹദ്റത്ത് അബൂഹുറയ്റ(റ)വിവരിക്കുന്നു:നബി(സ)തിരുമേനി പറഞ്ഞു: ഖിയാമത്തുന്നാളിൽ ഏറ്റവും ആദ്യം നമസ്കാരത്തിന്റെ കണക്കാണ് എടുക്കുന്നത്. ഈ കണക്ക് ശരിയായാൽ അവൻ വിജയിച്ചു; മോക്ഷം പ്രാപിച്ചു. ശരിയായില്ലെങ്കിൽ അവൻ പരാജിതനായി; നഷ്ടപ്പെട്ടവനായി." പറഞ്ഞു:"അവന് ഫർളാക്കപ്പെട്ട കാര്യങ്ങളിൽ എന്തെങ്കിലും കുറവുണ്ടായാൽ തന്റെ ദാസന്റെ കുറച്ച് ഐച്ഛികകർമങ്ങളുണ്ടെന്നും അതുനോക്കാനും അല്ലാഹു പറയും. ഐച്ഛികകർമങ്ങളുണ്ടെങ്കിൽ ഫർളാക്കപ്പെട്ട കാര്യങ്ങളിലുള്ള കുറവ് അതുമുഖേന നികത്തപ്പെടുന്നാതായിരിക്കും. ഇപ്രകാരം അവന്റെ മറ്റു കർമങ്ങളും പരിശോധിക്കുന്നതാണ്; അത് വിലയിരുത്തപ്പെടുന്നതാണ്.(സുനൻ അത്തുർമുദി, കിതാബുസ്സ്വലാത്ത് ഹദീഥ് 413)

ഇതാണ് നമസ്കാരങ്ങളുടെ പ്രാധാന്യം. ഈയിടെ റമളാൻ കാരണത്താൽ നമസ്കാരങ്ങളിലേക്കും മസ്ജിദുകളിലേക്കും എല്ലാവർക്കും വലിയ ശ്രദ്ധയാണുള്ളത്. പക്ഷേ, ഇത് റമളാൻ മാസത്തിലെ മാത്രം കാര്യമല്ല. വെറും റമളാൻ മാസത്തെ നമസ്കാരങ്ങളെ കുറിച്ച് അല്ലാഹു ചോദിക്കുകയില്ല. പ്രത്യുത ജീവിതത്തിലെ മുഴുവൻ നമസ്കാരങ്ങളുടേയും കണക്കെടുക്കുന്നതാണ്. അതുകൊണ്ട് ഇത് വളരെ ചിന്തനീയമായ കാര്യമാണ്.

അല്ലാഹു തന്റെ ദാസരോടു അതിരറ്റ് കരുണ കാണിക്കുന്നു. അവൻ പറഞ്ഞു: ഫർളാക്കപ്പെട്ട കാര്യങ്ങളിലുണ്ടാകുന്ന കുറവുകൾ-മാനുഷികമായ ദൗബല്യം കാരണത്താൽ മനുഷ്യസ്വഭാവത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ചിലപ്പോൾ കടമകൾ നിറവേറ്റാൻ കഴിയുകയില്ല. അപ്പോൾ ജീവിതത്തിൽ ചെയ്തിട്ടുള്ള ഐച്ഛിക കർമങ്ങൾ മുഖേന ഫർളാക്കപ്പെട്ട കാര്യങ്ങളിൽ ഉണ്ടായിട്ടുള്ള കുറവുകൾ നികത്തുന്നതായിരിക്കുമെന്ന് അല്ലാഹു പറയുന്നു.

വേറൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് ജാബിർ(റ) വിവരിക്കുന്നു: നബി(സ)തിരുമേനി ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: 'നമസ്കാരം ഉപേക്ഷിക്കുക എന്നത് മനുഷ്യനെ ശിർക്കിലേക്കും അവിശ്വാസത്തിലേക്കും അടുപ്പിക്കുന്നു.'(സ്വഹീഹ് മുസ്‌ലിം, കിതാബുൽഈമാൻ, ഹദീഥ് 246)

അതുകൊണ്ട് വളരെ ഭയപ്പെടേണ്ട ഘട്ടമാണിത്. അല്ലാഹുവിന് അങ്ങേയറ്റം അനിഷ്ടകരമാണ് ശിർക്ക്. ശിർക്ക് അല്ലാഹു മാപ്പാക്കുന്നതല്ല. അത്തരത്തിലുള്ള കുറ്റം ചെയ്തുകൊണ്ട് നമുക്ക് ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ സ്വായത്തമാക്കാനാകുമോ? ഒരിക്കലുമില്ല.

നമസ്കാരം എങ്ങനെയുള്ളതായിരിക്കണം? അതിന്റെ യാഥാർഥ്യവും ചൈതന്യവും ഏതു നിലവാരമാണ് പുലർത്തേണ്ടത്? ഈ കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ചിലർ മസ്ജിദുകളിൽ പോവുകയും നമസ്കാരം അനുഷ്ഠിക്കുകയും ചെയ്യുന്നതോടൊപ്പം ഇസ്‌ലാം കാര്യങ്ങളിലെ മറ്റു കർമങ്ങളും നിർവഹിക്കുന്നു. എന്നാൽ, ദൈവത്തിന്റെ സഹായവും പിന്തുണയും അവർക്കു ലഭിക്കുന്നില്ല. അവരുടെ സ്വഭാവങ്ങളിലും ശീലങ്ങളിലും വേണ്ടത്ര മാറ്റം കാണുന്നില്ല." (നമസ്കാരം അനുഷ്ഠിക്കുന്നവരുടെ ശീലങ്ങളിലും സ്വഭാവങ്ങളിലും വ്യക്തമായ മാറ്റം പ്രകടമാകേണ്ടതാണ്). ഇതിൽനിന്ന് അവരുടെ ആരാധനകളും ആചാരപരമാണെന്നും അതിൽ യാഥാർഥ്യമൊന്നുമില്ലെന്നും മനസ്സിലാകുന്നു. എന്തെന്നാൽ, ദൈവകല്പന നിർവഹിക്കുകയെന്നത് ഒരു ബീജംപോലെയാണ്. അതിന്റെ സ്വാധീനം ആത്മാവിലും ശരീരത്തിലും പതിയുന്നു."(ബീജമുണ്ടെങ്കിൽ അവന്റെ ആത്മാവിലും അതിന്റെ സ്വാധീനമുണ്ടാകണം. ചെടി നടുമ്പോൾ പൂർണമായും വളരുകയും കാണാൻ കഴിയുകയും ചെയ്യുന്നതുപോലെ! ഇപ്രകാരം നമ്മുടെ ആത്മാവിലും നമ്മുടെ ശരീരത്തിലും ബാഹ്യമായ സ്വഭാവങ്ങളിലും നമസ്കാരത്തിന്റെ സ്വാധീനം കാണാൻ കഴിയേണ്ടതാണ്). അവിടന്ന് പറയുന്നു:'ഒരാൾ തന്റെ കൃഷിയിടത്തിൽ ജലസേചനം ചെയ്യുകയും വളരെ കഠിനാധ്വാനം ചെയ്ത് അതിൽ വിത്തിറക്കുകയും ചെയ്യുന്നു. ഒന്നു രണ്ടുമാസംകൊണ്ട് അതു മുളക്കുന്നില്ലെങ്കിൽ വിത്ത് മോശമാണെന്ന് അംഗീകരിക്കേണ്ടി വരുന്നു.'(അതായത് 'അൻഗൂരി'എന്നു പറഞ്ഞാൽ വിത്ത്. വിത്ത് മുളച്ചില്ലെങ്കിൽ അതിന്റെ മുള അത് വെളിയിൽകൊണ്ടുവന്നില്ലെങ്കിൽ അതു മോശമായിരിക്കും. 'അൻഗൂരി'എന്ന പദം ഞാൻ വ്യക്തമാക്കാൻ കാരണം താങ്കൾ പ്രയോഗിക്കുന്ന ചില പദങ്ങൾ തങ്ങൾക്കു മനസ്സിലാകുന്നില്ലെന്ന് ചില പരിഭാഷകർ പറയുന്നതുകൊണ്ടാണ്). "ഇതേ അവസ്ഥ തന്നെയാണ് ആരാധനകളുടേതും. ഒരാൾ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി മനസ്സിലാക്കുകയും നോമ്പു പിടിക്കുകയും കഴിവിന്റെ പരമാവധി ദൈവകല്പന അനുസരിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ, അല്ലഹുവിൽനിന്ന് എന്തെങ്കിലും പ്രത്യേക സഹായം അയാൾക്ക് ഉണ്ടാകുന്നില്ല. അതിന്റെ അർഥം താൻ വിതയ്ക്കുന്ന വിത്ത് നല്ലതല്ലെന്നാണ്!(മൽഫൂദാത്ത് വാല്യം 10 പേജ് 43, 1985 ലണ്ടൻ പതിപ്പ്)

ഈയൊരു സംഗതിയാണ് നമ്മൾ എപ്പോഴും മുന്നിൽ വെക്കേണ്ടത്. സ്വന്തം ഇബാദത്തുകളുടേയും സ്വഭാവഗുണങ്ങളുടേയും ജീവിതരീതികളുടേയും മികവിന്റെ നിലവാരംകൊണ്ട് ദൈവസാമീപ്യത്തെ തിരിച്ചറിയുക. നമ്മുടെ നിലവാരം മെച്ചപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ അർഥം നമസ്കാരം നമുക്ക് ഫലം നല്കിക്കൊണ്ടിരിക്കുന്നുവെന്നാണ്. നമ്മൾ അല്ലാഹുവിന്റെ അടുത്തെത്തിക്കൊണ്ടിരിക്കുന്നുവെന്നാണ്. നമ്മുടെ ബാഹ്യമായ അവസ്ഥകൾ മാറുന്നില്ലെങ്കിൽ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാകുകയില്ല. നമസ്കാരങ്ങളും ഫലമൊന്നും ചെയ്യുകയില്ല.

നമസ്കാരത്തിന്റെ യാഥാർഥ്യം വിവരിച്ചു കൊണ്ട് വാഗ്ദത്ത മസീഹ്(അ)പറയുന്നു: 'നമസ്കാരം എന്താണ്? അതൊരു ദുആയാണ്; അല്ലാഹുവിനെ സ്തുതിച്ചും അവന്റെ പരിശുദ്ധിയെ വാഴ്ത്തിയും ഇസ്തിഗ്ഫാറോടും സ്വലാത്തോടുംകൂടി താഴ്മയോടെ ചെയ്യപ്പെടുന്ന ദുആ. നിങ്ങൾ നമസ്കരിക്കുമ്പോൾ അജ്ഞരായ ആളുകളെപ്പോലെ നിങ്ങളുടെ ദുആകളിൽ വെറും അറബി പദങ്ങൾ ഉരുവിടുന്നവരാകരുത്. (അതായത് അറബി നിങ്ങളുടെ മാതൃഭാഷയല്ല. അറബി അറിയാത്തവർ അതുംകൊണ്ടിരിക്കരുത്. ഇക്കാരണത്താൽ ദുആ ചെയ്യുന്നവന്റെ മനസ്സിൽ ഉണ്ടാകേണ്ടതായ അവസ്ഥ ഉണ്ടാകുകയില്ല).

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'കാരണം അവരുടെ നമസ്കാരവും അവരുടെ ഇസ്തിഗ്ഫാറുമെല്ലാം ആചാരപരമാണ്. അതിനോടൊപ്പം യാഥാർഥ്യമൊന്നുമില്ല. എന്നാൽ, നിങ്ങൾ നമസ്കരിക്കുമ്പോൾ ദൈവവചനമായ വിശുദ്ധ ഖുർആനും തിരുനബിയുടെ പ്രാർഥനകളും ഒഴിച്ച് ബാക്കി എല്ലാ ദുആകളും ഹൃദയ നൊമ്പരത്തോടെ സ്വന്തം ഭാഷയിൽ നിർവഹിക്കുക." (ചില പ്രാർഥനകൾ നബി(സ)തിരുമേനിയുടേതാണ്. ചിലത് വിശുദ്ധ ഖുർആനിലേതാണ്. അതു ചൊല്ലുകയും മനസ്സിലാക്കുകയുംവേണം. അതിന്റെ ആത്മാവ് മനസ്സിലാക്കുന്നതിന് അർഥവും ഹൃദിസ്തമാക്കേണ്ടതാണ്. ചിലർ തങ്ങളുടേയതായ ചില ദുആകളും ഉണ്ടാക്കി വെച്ചിട്ടുണ്ട്. അല്ലെങ്കിൽ മറ്റു ദുആകൾ ഹൃദിസ്ഥമാക്കുന്നു).ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'നിങ്ങളുടെ മനസ്സുകളിൽ വിനയത്തിന്റേയും നമ്രതയുടേയും സ്വാധീനമുണ്ടാകുന്നതിന് മറ്റെല്ലാ ദുആകളിലും സ്വന്തം മാതൃഭാഷയിലുള്ള വാക്കുകൾ ഉപയോഗിക്കുക.'(കശ്തിയെ നൂഹ് റൂഹാനീ ഖസാഇൻ വാല്യം 19 പേജ് 68-69)

അവിടന്ന് വീണ്ടും പറയുന്നു: 'നമസ്കാരം എങ്ങനെയുള്ള കാര്യമാണെന്നാൽ ആകാശം പേ

ാലും മനുഷ്യനുമേൽ കുനിയുന്നു.'(ആകാശം മനുഷ്യനുമേൽ കുനിയുന്നു;അല്ലാഹു അടുത്തുവരുന്നു.) നമസ്കാരത്തിന്റെ കടമ നിറവേറ്റുന്നവൻ താൻ മരിച്ചുവെന്നും തന്റെ ആത്മാവ് ഉരുകി ദൈവസമക്ഷം വീണുവെന്നും വിചാരിക്കുന്നു.'..... പറയുന്നു: 'ഈ രീതിയിൽ നമസ്കാരം നിർവഹിക്കുന്ന വീട് ഒരിക്കലും നശിക്കുകയില്ല.' 'നൂഹിന്റെ കാലത്ത് ഈ നമസ്കാരമുണ്ടായിരുന്നെങ്കിൽ ആ ജനത നശിക്കുമായിരുന്നില്ലെന്ന് ഹദീഥു ശരീഫിൽ വന്നിരിക്കുന്നു.' അവിടന്ന് പറയുന്നു: 'ഹജ്ജുകർമവും മനുഷ്യന് വെച്ചിട്ടുള്ളത് നിബന്ധനയോടുകൂടിയാണ്. (ചില നിബന്ധനകളുണ്ട്. അതുപാലിച്ചുകൊണ്ടാണ് ഹജ്ജ് നിർവഹിക്കപ്പെടുന്നത്. എല്ലാവർക്കും ഹജ്ജ് നിർബന്ധമല്ല)."നോമ്പും നിബന്ധനയോടുകൂടിയുള്ളതാണ്.' (ഇതും രോഗികൾക്കും യാത്രക്കാർക്കും നിർബന്ധമല്ല. യാത്രക്കാർക്ക് പിന്നീട് പിടിക്കാവുന്നതാണ്. പക്ഷേ, രോഗികൾക്ക് ചിലപ്പോൾ സ്ഥിരമായി പിടിക്കാൻ കഴിയില്ല. ചില നിബന്ധനകളുണ്ട്. നോമ്പും നിബന്ധനയോടുകൂടിയുള്ളതാണ്). "സക്കാത്തും നിബന്ധനയോടുകൂടിയാതാണ്." (ആരുടെ കൈയലാണോ ധനമുള്ളത് അവരാണ് സക്കാത്തു കൊടുക്കേണ്ടത്). "എന്നാൽ, നമസ്കാരം നിബന്ധനയോടുകൂടിയുള്ളതല്ല. മറ്റുള്ളതെല്ലാം വർഷത്തിൽ ഓരോ തവണയാണ്.'(ബാക്കി ഫർളാക്കപ്പെട്ട ആരാധനകളും വർഷത്തിലൊരിക്കലാണ്). "എന്നാൽ, ഈ നമസ്കാരത്തിന്റെ കല്പന നിത്യവും അഞ്ചു തവണ അനുഷ്ഠിക്കാനാണ്. അതുകൊണ്ട് മുഴുവൻ നമസ്കാരവും അനുഷ്ഠിക്കാത്തിടത്തോളം അതിൽനിന്ന് കരസ്ഥമാകുന്ന ബർക്കത്തുകൾ കിട്ടുകയില്ല. ഈ ബയ്അത്തിന്റെ പ്രയോജനവും കരസ്ഥമാകുകയികയില്ല.'(മൽഫൂദാത്ത് വാല്യം 6 പേജ് 421 –422, 1985 ലണ്ടൻ പതിപ്പ്)

അവിടന്ന് പറയുന്നു: മുഴുവനും നമസ്കരിക്കാത്തിടത്തോളം അതിൽനിന്ന് ലഭിക്കേണ്ട അനുഗ്രഹങ്ങൾ ലഭിക്കുകയില്ല. പിന്നീട് അവിടന്ന് പറഞ്ഞു: നിങ്ങൾ എനിക്കു ചെയ്തിട്ടുള്ള ബയ്അത്തിനും ഒരു ഫലവും കിട്ടുകയില്ല. ഈ നിലവാരമാണ് നിങ്ങൾ കരസ്ഥമാക്കാൻ ശ്രമിക്കേണ്ടത്.

ശിർക്കിൽ നിന്ന് വിട്ടു നില്ക്കുക എന്ന് അല്ലാഹു പറയുന്നു. ഇതുസംബന്ധമായി ഒരു രിവായത്തിൽ വന്നിരിക്കുന്നു: നബി(സ)തിരുമേനിക്ക് തന്റെ ഉമ്മത്തിൽ ശിർക്ക് പ്രചരിക്കുമോ എന്ന ആശങ്കയുണ്ടായിരുന്നു. ഒരു ഹദീഥുണ്ട്, ഉബാദ ബിൻ നസീ ഞങ്ങളോടു ശദ്ദാദ് ബിൻ ഔസിനെ കുറിച്ച് പറഞ്ഞു. അദ്ദേഹം കരയുകയായിരുന്നു. എന്തിനാണ് താങ്കൾ കരയുന്നതെന്ന് അദ്ദേഹത്തോടു ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനിയിൽനിന്ന് കേട്ട ഒരു കാര്യം എനിക്കു ഓർമ വന്നപ്പോൾ ഞാൻ കരഞ്ഞുപോയതാണ്. ഞാൻ നബി(സ)തിരുമേനിയിൽനിന്ന് കേട്ടു. അവിടന്ന് പറഞ്ഞു: ഞാൻ എന്റെ ഉമ്മത്തിനെ കുറിച്ച് ശിർക്കും രഹസ്യമായ ആഗ്രഹങ്ങൾകൊണ്ടും ഭയപ്പെടുന്നു. നിവേദകൻ പറയുന്നു: ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ! അങ്ങയുടെ സമുദായം അങ്ങയ്ക്കു ശേഷം ശിർക്കിൽ അകപ്പെട്ടുപോകുമോ? അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അതേ! എന്റെ സമുദായം സൂര്യനേയും ചന്ദ്രനേയും ബിംബങ്ങളേയും കല്ലുകളേയും ആരാധിക്കുകയില്ല. എന്നാൽ, തങ്ങളുടെ കർമങ്ങൾ പ്രദർശനപരതയോടുകൂടി ചെയ്യുന്നതായിരിക്കും. (അതായത് അവരുടെ സ്വന്തം കർമങ്ങളിൽ വഞ്ചനയുണ്ടാകും. കൃത്രിമമുണ്ടാകും. കപടനാട്യമുണ്ടാകും). ഗോപ്യമായ ആഗ്രഹങ്ങളിൽ ആളുകൾ അകപ്പെടുന്നതയിരിക്കും. അവരിലാരെങ്കിലും നോമ്പുകാരനായിരിക്കുന്ന അവസ്ഥയിൽ നേരം വെളുപ്പിച്ചാൽ പിന്നീട് അവന്റെ എന്തെങ്കിലും ആഗ്രഹം എതിരാകുമ്പോൾ അവൻ നോമ്പ് ഉപേക്ഷിച്ച് ആ ആഗ്രഹത്തിൽ പെട്ടപോകുന്നതായിരിക്കും.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 5, പേജ് 835, ഹദീഥ് 17250)

നോമ്പിന് പ്രാധാന്യം നല്കുകയില്ല. ബാഹ്യമായി നോക്കുമ്പോൾ നോമ്പായിരിക്കും. കഴിഞ്ഞ പ്രാവശ്യവും അബ്ബായ്ക്കും അമ്മായക്കും വേണ്ടിയാണ് താൻ നോമ്പുപിടിക്കുന്നതെന്ന് ഒരാൾ പറഞ്ഞ സംഭവം ഞാൻ കേൾപിച്ചിരുന്നു. പക്ഷേ, ഉച്ചയ്ക്കുപോയി ഹോട്ടലിൽനിന്ന് ഭക്ഷണം കഴിക്കും. പിന്നീട് പകലു മുഴുവൻ നോമ്പു പിടിച്ചതുപോലെ വൈകുന്നേരം വീട്ടുകാരോടൊപ്പമിരുന്ന് നോമ്പുതുറക്കുകയും ചെയ്യുന്നു. ഇതാണ് ചിലയാളുകളുടെ അവസ്ഥ. ഇവിടെത്തെ പത്രങ്ങൾ തങ്ങളുടെ ഒരു ആർട്ടിക്കിൾ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ഞാൻ കഴിഞ്ഞ പ്രാവശ്യം പറഞ്ഞ കാര്യം എഴുതിയിരുന്നു.

അതുകൊണ്ട് വളരെ ഭയപ്പെടേണ്ട സ്ഥാനമാണ്. നമ്മൾ ആഴത്തിൽ നമ്മളെ വിലയിരുത്തുകയാണെങ്കിൽ ഗോപ്യമായ ശിർക്കിന്റെ ഉദാഹരണങ്ങൾ കാണാൻ കഴിയും. നമ്മുടെ നമസ്കാരങ്ങളും ചിലപ്പോൾ നമ്മുടെ ആഗ്രഹങ്ങളെ പിൻപറ്റുന്നകാരണത്താൽ നിഷ്ഫലമായിപ്പോകുന്നു. നമ്മുടെ നോമ്പുകളും ലൗകികമായ ഒഴികഴിവുകൾക്ക് വിധേയമായിപ്പോകുന്നു. അല്ലെങ്കിൽ വിട്ടുപോകുന്നു. എന്നെ ഒരു യുവാവ് കണ്ടു. അയാൾ പറഞ്ഞു, 'ഞാൻ പിസാ ഉണ്ടാക്കുന്ന ആളാണ്. പിസാ ഉണ്ടാക്കുമ്പോൾ പല പ്രാവശ്യവും രുചിക്കേണ്ടി വരുന്നു. അതുകൊണ്ട് ഞാൻ നോമ്പ് പിടിക്കാറില്ല. കുറച്ചു നോമ്പു വിട്ടുകളയാറുണ്ട്.' നമ്മൾ അഹമദിയായിക്കൊണ്ട് ഇത്തരത്തിൽ പ്രവർത്തിക്കുമ്പോൾ അതിന് ഇന്നാ ലില്ലാഹ് ചൊല്ലുകയല്ലാതെ എന്തു ചെയ്യാനാണ്. അയാൾക്ക് എന്തെങ്കിലും ബോധമുണ്ടോ എന്നറിയില്ല. പക്ഷേ, ചില അത്തരക്കാരുടെ കാര്യങ്ങൾ കേട്ട് എനിക്ക് ലജ്ജ തോന്നുന്നു. അല്ലാഹുവിന്റെ സമ്മാനം കരസ്ഥമാക്കുമെന്ന വാദമുണ്ട്. പക്ഷേ, അവന്റെ കല്പനകളിൽനിന്ന് അകന്നിരിക്കുകയാണെങ്കിൽ ആ വാദം വ്യാജമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **വ യഗ്ഫിറു മാദൂന ദാലിക്**. അതായത്, ശിർക്കൊഴികെ എല്ലാ പാപങ്ങളും അല്ലാഹു പൊറുത്തു കൊടുക്കുന്നതാണ്. അതുകൊണ്ട് ശിർക്കിനെ സമീപിക്കരുത്; അതിനെ വിലക്കപ്പെട്ട വൃക്ഷമായി കണക്കാക്കുക."(തുഹ്ഫ ഗോൾഡ്‌വിയ്യ, റൂഹാനീ ഖസാഇൻ വാല്യം 17, പേജ് 323–324, അടിക്കുറിപ്പ്)

ഇനി ശിർക്കിനെ കുറിച്ചാണ് പറയുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മനസ്സിൽ ആയിരക്കണക്കിന് ബിംബങ്ങളെ പ്രതിഷ്ഠിച്ചിരിക്കെ വായ കൊണ്ട് വെറും ***ലാ ഇലാഹ ഇല്ലല്ലാഹ്*** എന്ന് ഉരുവിടുന്നതിനെയല്ല തൗഹീദ് എന്നു പറയുന്നത്. മറിച്ച്, ആരാണോ തന്റെ ജോലികൾക്കും തന്ത്രങ്ങൾക്കും വഞ്ചനകൾക്കും ദൈവത്തിന്റെ മഹത്ത്വം കല്പിക്കുന്നത്, അല്ലാഹുവിൽ വിശ്വാസമർപ്പിക്കേണ്ടിടത്ത് ഏതെങ്കിലും മനുഷ്യനിൽ വിശ്വാസമർപ്പിക്കുന്നത്, അല്ലെങ്കിൽ ആ സ്ഥാനം സ്വന്തം ആത്മാവിനു നല്കുന്നത്, അയാൾ ദൈവസമക്ഷം വിഗ്രഹാരാധകനാണ്.' ഇത് ആ ഹദീഥിന്റെ വിശദീകരണമാണ്. ബിബം എന്ന് പറയുന്നത് കേവലം സ്വർണമോ വെള്ളിയോ പിത്തളയോ കല്ലു തുടങ്ങിയവ കൊണ്ടോ ഉണ്ടാക്കുകയും അതിൽവിശ്വാസം കൊള്ളുകയും ചെയ്യുക എന്നതല്ല. മറിച്ച് അല്ലാഹുവിനു കൊടുക്കുന്നതുപോലുള്ള ആദരവും ബഹുമാനവും നല്കപ്പെടുന്ന ഓരോ വസ്തുവും വാക്കും പ്രവൃത്തിയുമാണ്. അത് അല്ലാഹുവിന്റെ ദൃഷ്ടിയിൽ ബിംബമാണ്.'(സിറാജുദ്ദീൻ ഈസായികെ ചാർ സവാലോം കാ ജവാബ്, റൂഹാനീ ഖസാഇൻ വാല്യം 12 പേജ് 349)

ഖിലാഫത്തിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നതിന് സക്കാത്തും സാമ്പത്തിക ത്യാഗവും നിർബന്ധമാക്കിയിരിക്കുന്നു. ഹദീഥിൽ വന്നിരിക്കുന്നു, ഹദ്റത്ത് ഇബ്നു മസ്ഊദ്(റ) നിവേദനം: നബി(സ) തിരുമേനി പറഞ്ഞു: 'രണ്ടു പേരോട് മാത്രം അസൂയപ്പെടാവുന്നതാണ്. ഒരാൾക്ക് അല്ലാഹു സമ്പത്ത് നല്കുകയും അത് അയാൾ ദൈവമാർഗത്തിൽ ചെലവഴിക്കുകയും ചെയ്യുന്നു. രണ്ടാമത്തെ ആൾക്ക് അല്ലാഹു അറിവും വിവേകജ്ഞാനവും നല്കുകയും അയാൾ അതിന്റെ സഹായത്തോടെ ജനങ്ങളിൽ തീർപ്പ് കല്പ്പിക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യുന്നു.' (സ്വഹീഹുൽബുഖാരി, കിതാബുൽ ഇൽമ് ഹദീഥ് 73)

ഹദ്റത്ത് ഹസൻ വിവരിക്കുന്നു. റസൂലുല്ലാഹി (സ) പറഞ്ഞു: നിങ്ങളുടെ ധനങ്ങൾക്ക് സക്കാത്ത് കൊടുത്തുകൊണ്ട് സുരക്ഷിതമാക്കുക. നിങ്ങളുടെ രോഗികളെ ദാനധർമങ്ങൾകൊണ്ട് ചികിത്സിക്കുക.'(അൽജാമിഅ് ലിശിഅ്ബിൽഈമാൻ വാല്യം 5 പേജ് 185, ഹദീഥ് 3280)അതായത് സക്കാത്ത്, സ്വദഖാത്ത്, എല്ലാ രീതിയിലുമുള്ള ധനത്യാഗത്തിലേക്കും ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു.

അതിനാൽ സക്കാത്ത് വാജിബായിട്ടുള്ളവർ സക്കാത്ത് കൊടുക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ എല്ലാവർക്കും സക്കാത്ത് നിർബന്ധമല്ല. അവരോടു ദാനധർമങ്ങൾ കൊടുക്കാൻ പറഞ്ഞു. നിർധനരേയും ദരിദ്രരേയും ശ്രദ്ധിക്കുക. ഇവിടെ നിർധനരുടെ ആവശ്യത്തെ കുറിച്ച് പറഞ്ഞിടത്ത് –അത് അത്യാവശ്യമായ കാര്യമാണ്– ഐക്യമുണ്ടാക്കുന്നതിലേക്ക് ശ്രദ്ധിക്കാനും പറഞ്ഞിരിക്കുന്നു. കാരണം ഖിലാഫത്തിന് വിധേയമായി മാത്രമേ നല്ല നിലയിൽ സക്കാത്ത് കൊടുക്കാനും ധനം ചെലവഴിക്കാനും സാധിക്കുകയുള്ളൂ. ജമാഅത്തിന് വ്യവസ്ഥിതിയുമുണ്ട്. നിർധനരെ കുറിച്ചുള്ള വിവരങ്ങളും മറ്റും അവരുടെ കൈയിലെ സത്യസന്ധമായ നിലയിൽ ഉണ്ടാകാൻ തരമുള്ളൂ. ജമാഅത്തുകൾ അവരെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് കൊടുക്കുക. പൊതുവെ അവരെ കുറിച്ചുള്ള ലിസ്റ്റുകൾ വരാറുണ്ട്. കാലത്തിന്റെ ഖലീഫയുടെ പക്കൽ വിവിധസ്ഥലങ്ങളിൽനിന്നും വിവിധ ആളുകളിൽനിന്നും വരുന്ന വിവരങ്ങളുണ്ട്. ചിലയാളുകൾ നേരിട്ടും അയക്കാറുണ്ട്. അവർ അവിടെ സ്വയം ചെലവഴിച്ചുകൊള്ളാൻ വ്യവസ്ഥിയോടു പറയുകയും ചെയ്യാറുണ്ട്. ഇക്കാരണം കൊണ്ടാണ് ആഫ്രിക്കയിലും മറ്റു രാജ്യങ്ങളിലും ജമാഅത്ത് അവിടെത്തെ ആളുകളെ എത്രത്തോളം സഹായിക്കാൻ കഴിയുമോ സഹായിക്കാൻ ശ്രമിക്കുന്നത്. ചികിത്സയ്ക്കുള്ള സഹായം നല്കുന്നു. വിദ്യാഭ്യാസത്തിനുള്ള സഹായം നല്കുന്നു. ഭക്ഷണങ്ങൾ തുടങ്ങിയവയ്ക്കും സഹായം നല്കുന്നു. ഭൂരിപക്ഷം അഹ്മദികളേയും ഞാൻ കണ്ടിട്ടുണ്ട് അവർ വളരെ വേദനയോടുകൂടി തങ്ങളുടെ പാവപ്പെട്ട സഹോദരങ്ങളെ സഹായിക്കുന്നതിന് ധനത്യാഗം ചെയ്യുന്നു. ഇപ്രകാരം ഒരു ഐക്യവുമുണ്ടാകുന്നു.

നമസ്കാരവും സക്കാത്തും തമ്മിലുള്ള പരസ്പരബന്ധത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ജനങ്ങൾ തങ്ങളുടെ നമസ്കാരങ്ങളിൽ ഭക്തി അവലംബിക്കുമ്പോൾ അതിന്റെ ഫലമായി




"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ
കൊടുംപാപമാകുന്നു." (ബുഖാരി)

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

സ്വാഭാവികമായി അവർ അനാവശ്യകാര്യങ്ങളിൽ നിന്ന് വിട്ടു നില്ക്കുകയും ചെയ്യുന്നു."(ശരിയായ നിലയിൽ നമസ്കാരം അനുഷ്ഠിക്കുമ്പോൾ വ്യർഥമായ കാര്യങ്ങളിൽനിന്ന് പിൻവാങ്ങുന്നതാണ്). വ്യത്തിഹീനമായ ഈ ലൗകികതയിൽനിന്ന് മോക്ഷം ലഭിക്കുകയും ലൗകികതയോടുള്ള സ്നേഹം തണുത്തുകൊണ്ട് ദൈവസ്നേഹം അവരിൽ ഉടലെടുക്കുകയും ചെയ്യുന്നു. **ഹും ലിസക്കാത്തി ഫാഇലൂൻ** (23:5)എന്നതായിരിക്കും അതിന്റെ ഫലം. അതായത്, അവർ ദൈവമാർഗത്തിൽ ചെലവഴിക്കുന്നു.' (വ്യർഥമായ കാര്യങ്ങളിൽനിന്ന് പിന്മാറുമ്പോൾ വ്യർഥമായ കാര്യങ്ങൾക്കായി ചെലവഴിക്കുകയില്ല. അപ്പോൾ ആരാധനകളിലേക്ക് ശ്രദ്ധയുണ്ടാകുന്നു. സമ്പന്നനാണെങ്കിൽ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാൻ ശ്രദ്ധയുണ്ടാകുന്നു). പറഞ്ഞു: **അനില്ലഗ് വി മുഅ്രിളൂൻ** എന്നതിന്റെ ഒരു ഫലമാണിത്. (വ്യർഥമായ കാര്യങ്ങളിൽനിന്ന് പിന്മാറുന്നു. അതിന്റെ ഫലമായി ദൈവവഴിയിൽ ചെലവഴിക്കാൻ ശ്രദ്ധിക്കുന്നു. മറ്റുള്ളവരെ കുറിച്ച് ബോധമുണ്ടാകുന്നു). കാരണം ദുൻയാവിനോടുള്ള സ്നേഹം തണുക്കുമ്പോൾ അവൻ ദൈവവഴിയിൽ ചെലവഴിക്കുമെന്നത് അതിന്റെ നിർബന്ധമായ ഫലമാണ്. ഖാറൂനിന്റെ ഖജനാവുതന്നെ അവന്റെ പക്കലുണ്ടെങ്കിലും അവൻ അത് വകവെക്കുകയില്ല. ദൈവവഴിയിൽ കൊടുക്കാൻ അറയ്ക്കുകയുമില്ല." അവിടന്ന് പറയുന്നു:സക്കാത്ത് കൊടുക്കാത്തവരായി ആയിരക്കണക്കിനാളുകളുണ്ട്. എത്രത്തോളമെന്നാൽ അവരുടെ ജനതയിലെ ധാരാളമാളുകൾ നാശമടയുന്നു. എന്നാൽ, ഇക്കൂട്ടർ അവരെ ശ്രദ്ധിക്കുകയില്ല. വാസ്തവത്തിൽ അല്ലാഹുവിൽനിന്ന് ഓരോ വസ്തുവിനും സക്കാത്ത് കൊടുക്കാൻ കല്പനയുണ്ട്. ആഭരണങ്ങൾക്കുമുണ്ട്. രത്നങ്ങൾ തുടങ്ങിയ വസ്തുക്കൾക്കില്ല. സമ്പന്നന്മാരോടും നവ്വാബുമാരോടും മുതലാളിമാരോടുമുള്ള കല്പനയാണ് ശരീഅത്ത് കല്പനയനുസരിച്ച് സ്വത്തുക്കൾ കണക്കുകൂട്ടി സക്കാത്ത് കൊടുക്കുക എന്നത്." റൊക്കം പണവും ഒരു കാലംവരെ ചെലവഴിക്കാതെ കൈയിൽ വെക്കുകയാണെങ്കിൽ സക്കാത്ത് കൊടുക്കേണ്ടതാണ്. പക്ഷേ, അവർ കൊടുക്കുന്നില്ല. അതുകൊണ്ടാണ് അല്ലാഹു പറയുന്നത് **അനില്ലഗ്വി മുഅ്രിളൂൻ** എന്ന അവസ്ഥ അവരിലുണ്ടാകുന്നത് സക്കാത്തും കൊടുക്കുമ്പോഴായിരിക്കുമെന്ന്. (സക്കാത്തു കൊടുക്കുകയാണെങ്കിൽ വ്യർഥമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടാൻ ശ്രമമുണ്ടാകും. ഏകാഗ്രചിത്തമായി നമസ്കരിക്കാനും കഴിയും. ശരിയായ നമസ്കാരമാണെങ്കിൽ വ്യർഥമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടും. വ്യർഥമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുമ്പോൾ ധനത്യാഗത്തിലേക്ക് ശ്രദ്ധയുണ്ടാകും)."ചുരുക്കിപ്പറഞ്ഞാൽ സക്കാത്ത് കൊടുക്കുക എന്നത് വ്യർഥമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന്റെ ഫലമാണ്."(മൽഫൂദാത്ത് വാല്യം 10 പേജ് 4, 1985 ലണ്ടൻ പതിപ്പ്) അതിനാൽ നമസ്കാരം വ്യർഥമായ കാര്യങ്ങളിൽനിന്ന് പിന്മാറാൻ പ്രേരിപ്പിക്കുന്നു. വ്യർഥമായ കാര്യങ്ങളിൽനിന്നുള്ള പിന്മാറ്റം അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിലേക്ക് കൊണ്ടുപോകുന്നു. പിന്നീട് സ്വന്തം ധനം അനുവദനീയമല്ലാത്ത കാര്യങ്ങൾക്ക് ചെലവഴിക്കുന്നതിനുപകരം അല്ലാ ഹുവിന്റെ വഴിയിൽ ചെലവഴിക്കാൻ പ്രേരിപ്പിക്കു ന്നു. അവിടന്ന് പറഞ്ഞു: അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നത് നിരവധി നിരർഥ കാര്യങ്ങളിൽനി ന്ന് മനുഷ്യനെ രക്ഷിക്കുന്നു.

ഖിലാഫത്തിന്റെ അനുഗ്രഹം നേടുന്നവരെ അല്ലാഹു ഉപദേശിച്ചത് അവർ അനുസരണത്തിന്റെ നിലവാരത്തെ ഉയർത്തണമെന്നാണ്. ഒരു ഹദീഥിൽ വന്നിരിക്കുന്നു, ഹദ്റത്ത് ഉബാദ(റ) നിവേദനം ചെയ്യുന്നു: 'ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നതാണെന്നും എവിടെയായിരുന്നാലും അർഹതപ്പെട്ട വ്യക്തിയുടെ കാര്യത്തിൽ കലഹിക്കുകയില്ലെന്നും സത്യത്തിൽ നിലകൊള്ളുമെന്നും സത്യം മാത്രമേ പറയുകയുള്ളുവെന്നും അല്ലാഹുവിന്റെ കാര്യത്തിൽ ശകാരിക്കുന്നവന്റെ ശകാരത്തെ ഭയപ്പെടുകയില്ലെന്നുമുള്ള കാര്യത്തിൽ നബി(സ)തിരുമേനിയ്ക്ക് ഞങ്ങൾ ബയ്അത്തു ചെയ്തു.'(സ്വഹീഹുൽ ബുഖാരി, ഹദീഥ് 7199).

അനുസരണത്തെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവിനേയും റസൂലിനേയും ഭരണാധികാരികളേയും അനുസരിക്കുക. അനുസരണം എങ്ങനെയുള്ള കാര്യമാണെന്നാൽ സത്യഹൃദയത്തോടുകൂടി അനുസരണം പുലർത്തുകയാണെങ്കിൽ ഹൃദയത്തിൽ ഒരു പ്രകാശവും ആത്മാവിൽ ഒരു അനുഭൂതിയും വെളിച്ചവും ഉണ്ടാകുന്നതാണ്. എത്രമാത്രം അനുസരണം ആവശ്യമാണോ അത്രത്തോളം ദൈവമാർഗത്തിലുള്ള കഠിനാധ്വാനത്തിന്റെ ആവശ്യമില്ല. എന്നാൽ, അനുസരണം ആത്മാർഥമായിട്ടായിരിക്കണം എന്നത് നിബന്ധനയാണ്. ഈ സംഗതിയാണ് വളരെ പ്രയാസകരമായിട്ടുള്ളതും.

"അതുകൊണ്ട് മസീഹ് മൗഊദിന്റെ ജമാഅത്തെന്ന് പറഞ്ഞ് സ്വഹാബാക്കളുടെ ജമാഅത്തിൽ ചേരാൻ ആഗ്രഹിക്കുന്ന നിങ്ങൾ നിങ്ങളുടെ ഉള്ളിൽ സ്വഹാബാക്കളുടെ വർണം ഉണ്ടാക്കുക. അനുസരണമുണ്ടെങ്കിൽ അങ്ങനെ ഉണ്ടാകണം. പരസ്പരം സ്നേഹവും സാഹോദര്യവുമുണ്ടെങ്കിൽ അങ്ങനെയുണ്ടാകണം. ചുരുക്കത്തിൽ എല്ലാ വർണ്ണത്തിലും എല്ലാ രീതിയിലും നിങ്ങൾ സ്വഹാബാക്കളുടെ രൂപം സ്വീകരിക്കുക."(തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) സൂറത്തുന്നിസാ 59-ാം വചനം)

ഇക്കാര്യം അവിടന്ന് തന്റെ അക്കാലത്തെ സ്വഹാബിമാരോടാണ് പറയുന്നതെങ്കിലും ജമാഅത്തിന്റെ പുരോഗതി എന്നെന്നും നിലനിറുത്തുകയും ഖിലാഫത്ത് വ്യവസ്ഥിതി ശാശ്വതമായി നിലനില്ക്കാൻ ശ്രമിക്കുകയും ചെയ്യണമെങ്കിൽ ജമാഅത്തിന്റെ ഉള്ളിൽ ആ മാതൃകയും സ്ഥിരചിത്തതയോടുകൂടി നിലനിറുത്തേണ്ടിവരും. അപ്പോൾ മാത്രമേ മുമ്പേ ലഭിച്ചുകൊണ്ടിരുന്ന പുരോഗതി ലഭിക്കുകയുള്ളു.

അല്ലാഹവിന്റെ പാരിതോഷികത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ നിലവാരം നിർബന്ധമാണ്. നമ്മുടെ ഇബാദത്തിന്റെ നിലവാരം നമുക്ക് ഉയർത്തേണ്ടിവരും; നമസ്കാരങ്ങളെ നമുക്ക് കാത്തു സൂക്ഷിക്കേണ്ടിവരും; നമ്മുടെ ഓരോ വാക്കും പ്രവൃത്തിയും എല്ലാത്തരം ശിർക്കിൽ നിന്നും പൂർണമായും ശുദ്ധീകരിക്കേണ്ടിവരും; സ്വന്തം സമ്പത്തുംദൈവമാർഗത്തിൽചെലവഴിക്കേണ്ടിവരും; ഖിലാഫത്തിനോടുള്ള കൂറും അനുസരണത്തിന്റെ നിലവാരവും സംരക്ഷിക്കേണ്ടിവരും; എങ്കിൽ മാത്രമേ ഖിലാഫത്തിന്റെ പാരിതോഷികവും അതിനോടൊപ്പം വെച്ചിട്ടുള്ള അല്ലാഹുവിന്റെ അനുഗ്രഹവും പ്രാപിക്കാൻ കഴിയുകയുള്ളു. ഖിയാമത്തുന്നാൾവരെ നിലനില്ക്കുന്ന ഖിലാഫത്തുമായി ചേർന്നിരിക്കാനും നമ്മുടെ സന്താനങ്ങളേയും അതുമായി ചേർത്തുനിറുത്താനും കഴിയുകയുള്ളു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ശാശ്വതമായ ഖിലാഫത്തിനെ കുറിച്ച് സുവാർത്ത അറിയിച്ചുകൊണ്ട് പറയുന്നു: "നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതു വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനിൽക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുന്നാൾവരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. ഞാൻ പൊയ്ക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു ബറാഹീനെ അഹ്മദിയ്യായിൽ വാഗ്ദത്തം ചെയ്തതുപ്രകാരം എന്നെന്നും നിങ്ങളിലുണ്ടായിരിക്കും. ആ വാഗ്ദത്തം എന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതല്ല. അത് നിങ്ങളെ സംബന്ധിച്ചുള്ള വാഗ്ദത്തമാണ്. അല്ലാഹു പറയുന്നു: 'നിന്നെ പിൻപറ്റിയ ജമാഅത്തിന് ഖിയാമത്തുന്നാൾവരെ മറ്റുള്ളവരുടെമേൽ ഞാൻ വിജയം നല്കും.' അതുകൊണ്ട് ശാശ്വതമായ വാഗ്ദത്തത്തിന്റെ നാളുകൾ വരാൻവേണ്ടി ഞാൻ നിങ്ങളിൽനിന്ന് വേർപ്പെടുപോകുന്നദിവസം വരേണ്ടത് അനുപേക്ഷണീയമാകുന്നു. നമ്മുടെ അല്ലാഹു വാഗ്ദത്തങ്ങൾ പൂർത്തിയാക്കുന്നവനും കൂറുപുലർത്തുന്നവനും വിശ്വസ്തനുമായ അല്ലാഹു ആകുന്നു. അവൻ വാഗ്ദത്തം ചെയ്ത സകലതുംതന്നെ നിങ്ങൾക്കു കാണിച്ചുതരുന്നതാണ്. ഈ നാളുകൾ ലോകത്തിന്റെ അവസാന നാളുകൾ ആകുന്നു. അനേകം വിപത്തുകളും ദുരന്തങ്ങളും ഇറങ്ങുന്ന നാളുകളാണ്. അല്ലാഹു അറിയിച്ചുതന്ന കാര്യങ്ങളെല്ലാം പൂർത്തിയാകുന്നതുവരെ ഈ ലോകം നിലനില്ക്കേണ്ടതുതന്നെയാകുന്നു. ഞാൻ അല്ലാഹുവിൽനിന്നുള്ള ഒരു ശക്തി പ്രഭാവത്തിന്റെ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്നു. ഞാൻ അല്ലാഹുവിന്റെ ഒരു ശരീരധാരിയായ ഖുദ്റത്താകുന്നു. എനിക്കുശേഷം ചില മറ്റു വ്യക്തുകളുമുണ്ടാകും. അവർ രണ്ടാമത്തെ ഖുദ്റത്തിന്റെ-ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും."(അൽവസിയ്യത്ത് പുസ്തകം, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 305-306)

അല്ലാഹു നമുക്ക് ആ പാരിതോഷികം നല്കി. കഴിഞ്ഞ ഏതാണ്ട് 110 വർഷമായി നാം അവന്റെ കൃപാകടാക്ഷത്തിന്റെ ദൃശ്യങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത വാഗ്ദാനങ്ങളുടെ പുലർച്ചയും കണ്ടുകൊണ്ടിരിക്കുന്നു. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നിട്ടുള്ള എല്ലാ ഓരോരുത്തർക്കും അല്ലാഹുവിന്റെ നിർദേശങ്ങൾ മുന്നിൽ വെച്ചുകൊണ്ട് ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കികൊണ്ടുപോകാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

കഴിഞ്ഞ ആഴ്ചയും ഞാൻ പാക്കിസ്താനികൾക്കുവേണ്ടി പ്രത്യേകം ദുആ ചെയ്യാൻ പറഞ്ഞിരുന്നു. പാക്കിസ്താനികൾ പ്രത്യേകമായ നിലയിൽ ദുആയിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. നിങ്ങളുടെ നമസ്കാരങ്ങളും നഫ്ലുകളും ദിക്റുകളും മുമ്പേയുള്ളതിനെക്കാൾ വർധിപ്പിക്കേണ്ടതാണ്. അല്ലാഹു നമുക്കെല്ലാം അതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

## മറ്റുള്ളവരുടെ ഉള്ളിലുള്ളത് പ്രവാചകന്മാർക്ക് വെളിപ്പെടുത്തുന്നു

"ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, ധാരാളമാളുകൾ എന്റെ മുമ്പിൽ വരുമ്പോൾ അവരുടെ ഉള്ളിൽനിന്ന് ജ്വാലകൾ പുറപ്പെട്ടു വരുന്നതായി എനിക്ക് മനസ്സിലാകുന്നു. അപ്പോൾ അവരുടെ ഉള്ളിൽ ഇന്ന ഇന്ന ന്യൂനതകൾ ഉണ്ടെന്ന് അല്ലെങ്കിൽ ഇന്ന ഇന്ന നല്ല ഗുണങ്ങൾ ഉണ്ടെന്ന് എനിക്കറിയാൻ കഴിയുന്നു. എന്നാൽ, അതിനെക്കുറിച്ച് അവരോട് പറയാൻ അനുവാദമുണ്ടായിരിക്കുകയില്ല. അല്ലാഹുവിന്റെ നടപടിക്രമവും ഇതുതന്നെയാണ് മനുഷ്യൻ തന്റെ സ്വഭാവത്തെ സ്വയം വെളിപ്പെടുത്താത്തിടത്തോളം അവൻ അവനെ കുറ്റക്കാരനെന്ന് നിശ്ചയിക്കുകയില്ല. അതുകൊണ്ട് ഈ സുന്നത്തനുസരിച്ച് നബിമാരുടേയും അവരുടെ ഛായകളുടേയും രീതിയും ഇതുതന്നെയാണ്. അതായത് സ്വയം തന്റെ ന്യൂനത പ്രകടിപ്പിക്കാത്തിടത്തോളം അവരും ആരുടെ എങ്കിലും ഉള്ളിലുള്ള കാര്യം ആരോടും പറയുകയില്ല.

**(അൽഫ്ളൽ 1938 മാർച്ച് 9 പേജ് 3 നമ്പർ 55 വാല്യം 26)**

### ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

### ത്വാലിബെ ദുആ:

**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

### ഹദീസുന്നബ്വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

### ത്വാലിബെ ദുആ:

**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

**യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം മുഴുലോകത്തും തീർച്ചയായും എത്തുന്നതാണ്.**

**യുവതലമുറയെ വിദ്യാസമ്പന്നരാക്കുക. അവരുടെ പരിശീലനത്തിന് പരിപാടികൾ തയ്യാറാക്കുക. ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രതിജ്ഞ അവരുടെ മനസ്സുകളിൽ കുടിയിരുത്തുക; നിങ്ങൾ ഈ പ്രതിജ്ഞ ചെയ്തിരിക്കുകയാണെന്നും അതുകൊണ്ട് ത്യാഗം ചെയ്യണമെന്നും പൂർണമായും അനുസരിക്കണമെന്നും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണമെന്നും അവരോടു പറയുക.**

**തർബിയ്യത്തിന് ഒരു ചെറിയ പദ്ധതി ഉണ്ടാക്കുക. ഒരു ദീർഘമായ പദ്ധതിയും ഉണ്ടാക്കുക. ചെറിയ പദ്ധതിയിൽ നമസ്കാരങ്ങൾ നിർവഹിക്കുന്നതിലേക്ക് ശ്രദ്ധ ഉണ്ടാകണം. കുറച്ചു ദീനീപരമായ അറിവുണ്ടാകണം. യോഗങ്ങളിൽ ഹാജർനില വർധിപ്പിക്കണം. ജമാഅത്തിന്റെ പ്രവൃത്തികളിൽ അവരെ പങ്കെടുപ്പിക്കണം. ഖുദ്ദാമിനെ കളികളിൽ ചേർക്കുക. ഇപ്രകാരം ഒരു അറ്റാച്ച്മെന്റുണ്ടാകും. സാമ്പത്തികവ്യവസ്ഥിതിയിൽ അവരെ ചേർക്കുക. സാമ്പത്തികത്യാഗത്തിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കുക. എം.ടി.എയുടെ പ്രാധാന്യം പറയുകയും എം.ടി.എയുമായി അറ്റാച്ചുണ്ടാക്കുകയും ചെയ്യുക.**

**മുബല്ലിഗുമാർക്ക് സയ്യിദുനാ അമീറുൽമുഅ്മിനീന്റെ നിർദ്ദേശങ്ങളും സുവർണമായ ഉപദേശങ്ങളും**

**യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം ലോകം മുഴുവനും തീർച്ചയായുമെത്തുമെന്ന അതിയായ പ്രതീക്ഷയിലും പോസിറ്റീവായിട്ടുള്ള ചിന്തയിലുമാണ് ഞാനുള്ളത്. തങ്ങൾക്കൊരു സ്രഷ്ടാവുണ്ടെന്നും, ഒരു സർവശക്തനായ അല്ലാഹു ഉണ്ടെന്നും ലോകത്തിന് ബോധമുണ്ടാകണമെന്നതാണ് ഞങ്ങളുടെ ഉദ്ദേശ്യം. പരസ്പരം ആദരിച്ചുകൊണ്ട് ഞങ്ങൾക്ക് ഈ ഉദ്ദേശ്യം കരസ്ഥമാക്കണം; ഖിയാമത്തുന്നാൾവരെ ഈ ഉദ്ദേശ്യം കൈവിടുകയില്ല.**

**( ഹുദൂർ അൻവർ അയ്യദഹുല്ലായുമായി ബി.ബി.സി വേൾഡിന്റെ ജേർണലിസ്റ്റു നടത്തിയ അഭിമുഖം)**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

പരിഭാഷ:മൗലവി അമീൻ മുഹമ്മദ്, മാത്ര

## 2017 ആഗസ്ത് 8, ഞായറാഴ്ച

2017 ആഗസ്ത് 8 മുതൽ 15 വരെ കേന്ദ്രപ്രതിനിധികൾ, അമീറുമാർ, നാഷണൽ പ്രസിഡന്റുമാർ, മുബല്ലിഗ് ഇൻചാർജുമാർ, മറ്റു ജമാഅത്ത് ഭാരവാഹികൾ തുടങ്ങിയവരുമായുള്ള ഹുദൂറിന്റെ ഓഫീസുപരമായ കൂടിക്കാഴ്ചകളുടെ പരിപാടി നടന്നുകൊണ്ടിരുന്നു. കൂടിക്കാഴ്ച നടത്തിയവർ തങ്ങളുടെ കൂടിക്കാഴ്ചയിൽ വരും വർഷത്തെ പരിപാടികൾ, തങ്ങളുടെ തബ്ലീഗുപരവും തർബിയ്യത്തുപരമായ പദ്ധതികൾ, പ്ലാനിംഗുകൾ, മസ്ജിദുകളുടേയും മിഷൺഹൗസുകളുടേയും സെന്ററുകളുടേയും നിർമാണപരിപാടികൾ അവരവരുടെ രാജ്യത്തെ അല്ലെങ്കിൽ സ്ഥാപനങ്ങളുടെ മറ്റു പദ്ധതികളും വിവിധ കാര്യങ്ങളും അവതരിപ്പിച്ച് നിർദ്ദേശങ്ങൾ കരസ്ഥമാക്കി.

ആഗസ്ത് 8 ചൊവ്വാഴ്ച നടന്ന കൂടിക്കാഴ്ചകളുടെ ഈ പരിപാടി രാവിലെ 10.30 ന് ആരംഭിച്ചു. നാഇബ് നാളിർ സാഹിബ് രശ്ത്തനാത്വ റബ്‌വ, അഫ്സർ സാഹിബ് ഖസാന, നാളിർ സാഹിബ് തഅ്ലിം റബ്‌വ എന്നിവർ ഓഫീസുപരമായ കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം നേടുകയും വിവിധ കാര്യങ്ങൾ അവതരിപ്പിച്ച് ഹുദൂറിൽനിന്ന് നിർദ്ദേശങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

ഇവർക്കു പുറമെ അഡീഷണൽ വക്കീലുത്തസ്നീഫ് സാഹിബ് ലണ്ടൻ, അഡീഷണൽ വക്കീലുൽമാൽ സാഹിബ് ലണ്ടൻ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ, ഡയരക്ടർ ഓഫ് പ്രൊഡക്ഷൻ എം.ടി.എ. ഇന്റർനാഷണൽ എന്നിവരും ഹുദൂറുമായി കൂടിക്കാഴ്ച നടത്തുകയും തങ്ങളുടെ വിവിധ കാര്യങ്ങൾ അവതരിപ്പിച്ച് നിർദ്ദേശങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

കൂടിക്കാഴ്ചകളുടെ ഈ പരിപാടി 1.45 വരെ നീണ്ടുനിന്നു. രണ്ടു മണിക്ക് ഹുദൂർ മസ്ജിദ് ഫള്‌ലിലെത്തി. ളുഹർ അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് മടങ്ങി.

### വ്യക്തിപരവും കുടുംബപരവുമായ കൂടിക്കാഴ്ചകൾ

പരിപാടിയനുസരിച്ച് ഇന്ന് വൈകുന്നേരം 5.15ന് വിവിധ രാജ്യങ്ങളിൽനിന്ന് വന്നെത്തിയ ജമാഅത്തംഗങ്ങളും കുടുംബങ്ങളുമായി ഹുദൂറിന്റെ കൂടിക്കാഴ്ചകൾ ആരംഭിച്ചു. ഇന്ന് 34 കുടുംബങ്ങളിലെ 170 അംഗങ്ങൾക്കു പുറമെ 15 പേർ വ്യക്തിപരമായ നിലയിലും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഇങ്ങനെ മൊത്തം 185 ആളുകളാണ് കൂടിക്കാഴ്ച നടത്തിയത്. കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ താഴെപറയുന്ന 16 രാജ്യങ്ങളിൽനിന്ന് വന്നവരായിരുന്നു.

പാക്കിസ്താൻ, അമേരിക്ക, കനഡ, ആസ്ത്രേലിയ, ദുബായ്, അബൂദാബി, യു.കെ, ഇന്ത്യ, ജർമനി, നൈജീരിയ, ഐവറികോസ്റ്റ്, നൈജർ, ഗിനികൊണാക്രി, ഇറ്റലി, ഷാർജ, ഘാന.

ഇവരിൽ എല്ലാവരും ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി. കൂടിക്കാഴ്ചയുടെ ഈ പരിപാടി വൈകുന്നേരം 8.45 വരെ നടന്നു. തുടർന്ന് ഹുദൂർ മസ്ജിദ് ഫള്‌ലിലെത്തി. മഗ്‌രിബ് ഇശാഅ് ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ വീട്ടിലേക്ക് മടങ്ങി.

## 2017 ആഗസ്ത് 29 ബുധൻ:

ഇന്ന് വക്കീൽ സാഹിബ് തഅ്മീൽ വ തൻഫീദും (ഇന്ത്യ, നേപ്പാൾ, ഭൂട്ടാൻ), പ്രൈവറ്റ് സെക്രട്ടറി സാഹിബും ഹുദൂറുമായി ഓഫീസ് സംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്തു. വിവിധ കാര്യങ്ങളും പദ്ധതികളും അവതരിപ്പിച്ച് നിർദ്ദേശങ്ങൾ കരസ്ഥമാക്കി. ഓഫീസ് സംബന്ധമായുള്ള ഈ കൂടിക്കാഴ്ചയുടെ പരിപാടി രാവിലെ 10.30 മണി മുതൽ ഒന്നര മണിവരെ നീണ്ടു.

അതിനുശേഷം ഹുദൂർ മസ്ജിദ് ഫള്‌ലിലെത്തി. ളുഹർ അസ്ർ നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്കു പോയി.

### വ്യക്തിപരവും കുടുംബപരവുമായ കൂടിക്കാഴ്ചകൾ:

പരിപാടി അനുസരിച്ച് ഇന്ന് വൈകുന്നേരം 5.15ന് വിവിധ രാജ്യങ്ങളിൽനിന്നെത്തിയ ജമാഅത്തംഗങ്ങളും കുടുംബങ്ങളും ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ തുടങ്ങി. ഇന്ന് 26 കുടുംബങ്ങളിൽനിന്നുള്ള 130 അംഗങ്ങളും അതിനു പുറമെ 21 ആളുകൾ വ്യക്തിപരമായും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഇപ്രകാരം മൊത്തം 151 പേരാണ് കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കിയത്. കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ താഴെ പറയുന്ന 17 രാജ്യങ്ങളിൽനിന്ന് വന്നവരായിരുന്നു. പാക്കിസ്താൻ, അമേരിക്ക, കനഡ, ആസ്ത്രേലിയ, ഇന്ത്യ, ജർമനി, സ്വീഡൻ, ഗിയാന, കോംഗോ, ഘാന, ഫിൻലാന്റ്, തുർക്കുമനിസ്താൻ, ബ്ലീസ്, കുവൈത്ത്, ഫ്രാൻസ്, മസ്കറ്റ്, ഒമാൻ.

ഇവരിലോരോരുത്തരും ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി. ഈ പരിപാടി വൈകുന്നേരം 8.45 വരെയായിരുന്നു. പിന്നീട് ഹുദൂർ മസ്ജിദ് ഫള്‌ലിലെത്തി മഗ്‌രിബ് ഇശാഅ് ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്കു പോയി.

## 2017 ആഗസ്ത് 10 വ്യാഴാഴ്ച:

ഇന്ന് രാവിലെ മുതൽ ഹുദൂർ ഓഫീസ് സംബന്ധമായ കാര്യങ്ങളിൽ മുഴുകി. കത്തുകൾ വായിക്കുകയും വിവിധ കാര്യങ്ങളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

രണ്ട് മണിക്ക് ഹുദൂർ മസ്ജിദ് ഫള്‌ലിലെത്തി. ളുഹർ, അസ്ർ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

### വ്യക്തിപരവും കുടുംബപരവുമായ കൂടിക്കാഴ്ചകൾ:

പരിപാടിയനുസരിച്ച് ഇന്ന് വൈകുന്നേരം അഞ്ചേകാലിന് വിവിധ രാജ്യങ്ങളിൽനിന്ന് വന്ന ജമാഅത്തംഗങ്ങളും കുടുംബങ്ങളുമായി ഹുദൂറിന്റെ കൂടിക്കാഴ്ച ആരംഭിച്ചു. ഇന്ന് 28 കുടുംബങ്ങളിൽനിന്നുള്ള 240 അംഗങ്ങളും ഇതിനു പുറമെ 18 ആളുകൾ വ്യക്തിപരമായും കൂടിക്കാഴ്ച നടത്തി. ഇപ്രകാരം 258 ആളുകളാണ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയത്. കൂടിക്കാഴ്ച നടത്തിയ കുടുംബങ്ങൾ താഴെ പറയുന്ന 19 രാജ്യങ്ങളിൽനിന്ന് വന്നവരായിരുന്നു.

പാക്കിസ്താൻ, അമേരിക്ക, സ്പെയിൻ, കനഡ, ഫ്രാൻസ്, ദുബായ്, അബൂദാബി, യു.കെ, ഇന്ത്യ, ജർമനി, ഘാന, ബെൽജിയം, ട്രിനിഡാഡ് ആന്റ് ടുബാഗോ, അയർലാന്റ്, ഫിൻലാന്റ്, ടൻസാനിയ, സെനിഗൾ, ഉർഗ്വേ, കെനിയ.

ഇവരിലോരോരുത്തരും ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു. ഹുദൂർ വിദ്യാർഥിനി വിദ്യാർഥികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റുകളും നല്കി. ഈ പരിപാടി വൈകുന്നേരം 8.45വരെ നടന്നുകൊണ്ടിരുന്നു. തുടർന്ന് ഹുദൂർ മസ്ജിദ് ഫള്‌ലിലെത്തി മഗ്‌രിബ്, ഇശാഅ് ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്കു പോയി.

## 2017 ആഗസ്ത് 11 വെള്ളിയാഴ്ച:

ഹുദൂർ രാവിലെ തന്റെ ഓഫീസിൽ ഓഫീസ് സംബന്ധമായ വിവിധ കാര്യങ്ങളിൽ മുഴുകി. ഒരു മണിക്ക് മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹിലെത്തി ഖുത്‌ബ ജുമുഅ നിർവഹിച്ചു. ജുമുഅ നമസ്കാരവും അസ്റും ജം ആക്കി നമസ്കരിപ്പിച്ചു. തുടർന്ന് ഹുദൂർ മസ്ജിദ് ഫള്‌ലിലേക്കു പോയി.

### ഖാദിയാനിൽനിന്ന് വന്ന സംഘവുമായി കൂടിക്കാഴ്ച:

പരിപാടിയനുസരിച്ച് വൈകുന്നേരം അഞ്ചരമണിക്ക് ഖാദിയാനിൽ (ഇന്ത്യ) നിന്നുവന്ന കേന്ദ്രസംഘത്തിന്റെ അംഗങ്ങൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഈ വർഷം ഖാദിയാനിൽനിന്ന് നാളിർമാ

രും, നാഇബ് നാളിർമാരും ഉപസംഘടനകളുടെ (മജ്‌ലിസ് അൻസ്വാറുല്ലാഹ്, ലജ്ന ഇമാഇല്ലാഹ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യ) പ്രതിനിധികളും മുബല്ലിഗുമാരും, മുഅല്ലിമീംകളും, ജമാഅത്തിന്റെ മറ്റു ഉദ്യോഗസ്ഥരും ഭാരവാഹികളുമുൾപ്പെടെ 19 പേരടങ്ങുന്ന സംഘമാണ് ജൽസയിൽ പങ്കെടുത്തത്. സംഘത്തിലെ അംഗങ്ങൾ ഹുദൂറുമായി ഫോട്ടോ എടുക്കാനുള്ള ഭാഗ്യവും കരസ്ഥമാക്കി. ഹസ്തദാനവും ലഭിച്ചു. പരിപാടിയനുസരിച്ച് അടുത്ത ദിവസം 12ന് ശനിയാഴ്ച ഈ സംഘത്തിലെ അംഗങ്ങൾ തിരിച്ച് ഇന്ത്യയിലേക്ക് പോകേണ്ടതാണ്.

9 മണിക്ക് ഹുദൂർ മസ്ജിദ് ഫള്‌ലിലെത്തി മഗ്‌രിബ് ഇശാ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനു ശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്കു പോയി.

## 2017 ആഗസ്ത് 12 ശനിയാഴ്ച:

ഇന്ന് രാവിലെ ഓഫീസുപരമായ കൂടിക്കാഴ്ചകളുടെ പരിപാടി പത്തരമണിക്ക് ആരംഭിച്ചു. ഏറ്റവും ആദ്യം ഘാനയിലെ സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യയാണ് ഹുദൂറുമായി കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കിയത്. വിവിധ കാര്യങ്ങളും പദ്ധതികളും അവതരിപ്പിച്ച് ഹുദൂറിൽനിന്ന് നിർദ്ദേശങ്ങൾ കരസ്ഥമാക്കി.

● അതിനുശേഷം അഹ്‌മദിയ്യാ ലോയേർസ് അസോസിയേഷൻ ജർമനിയുടെ പ്രസിഡണ്ട് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. തന്റെ വകുപ്പ് ഉദ്ധരിച്ചുകൊണ്ട് വിവിധ കാര്യങ്ങൾ അവതരിപ്പിച്ച് ഹുദൂരിൽനിന്ന് മാർഗദർശനം തേടി.

തുടർന്ന് അബ്ദുൽ ഫാതിഹ് സാഹിബ് (സ്ട്രെക്ചറൽ എഞ്ചിനീയർ ഇസ്‌ലാമാബാദ്, യുകെ പ്രൊജക്ട്) ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. നിർമാണപരമായ ചില കാര്യങ്ങളിൽ ഹുദൂറിൽനിന്ന് ഉപദേശം നേടി.

അതുകഴിഞ്ഞ് അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത് ആർക്കിടെക്ട് ഫാഇസ് നൗ ശേർവാൻ സാഹിബ് സ്വീഡനിലെയും സ്വിറ്റ്സർലാന്റിലെയും ചില നിർമാണപരമായ പ്രൊജക്ടുകൾ അവതരിപ്പിച്ച് നിർദ്ദേശങ്ങൾ കരസ്ഥമാക്കി.

● തുടർന്ന് ന്യൂസിലാന്റ് ഇൻ ചാർജ് മുബല്ലിഗ് കൂടിക്കാഴ്ചയ്ക്കുള്ള സൗഭാഗ്യം കരസ്ഥമാക്കി. കൂടിക്കാഴ്ചയ്ക്കിടയിൽ ഹുദൂർ അയ്യദഹുല്ലാഹ് ഓക്കിലാന്റിലെ മസ്ജിദ് 'ബയ്ത്തുൽ മുഖീത്തി'ന്റെ വളപ്പിൽ നിർമിക്കാൻ പോകുന്ന ഗസ്റ്റ് ഹൗസിന്റെ പ്ലാൻ വിശദമായി നോക്കി. വിവിധ കാര്യങ്ങൾ അന്വേഷിച്ചു. ചില സംഘടനാപരമായ നിർദ്ദേശങ്ങൾ നല്കി. ഈ ഗസ്റ്റ്ഹൗസ് നിങ്ങൾ നിങ്ങളുടെ സ്രോതസ്സുകൊണ്ട് നിർമിക്കണമെന്നും പറഞ്ഞു.

ന്യൂസിലാന്റിന്റെ ആദ്യത്തെ മാഉരി അഹ്‌മദി മാത്യു അബൂബക്കർ സാഹിബും അദ്ദേഹത്തിന്റെ ഭാര്യ ഡോണാലിൻ ഡോഗ്ലസ് സാഹിബയും 2017ലെ യു.കെ. ജൽസയിൽ പങ്കെടുത്തതും ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയതും മുബല്ലിഗ് സാഹിബ് ഓർമിപ്പിച്ചു. അവർ രണ്ടുപേരിലും ജൽസ വളരെ നല്ല സ്വാധീനം ചെലുത്തിയെന്നു പറഞ്ഞു. അപ്പോൾ ഹുദൂർ പറഞ്ഞു: 'ശരി. തങ്ങളുടെ ആളുകളുമായി ബന്ധമുണ്ടാക്കുന്നതിനും അവരിൽ ജമാഅത്തിനെ പരിചയപ്പെടുത്തുന്നതിനുമായി അവരെ മുമ്പിൽ കൊണ്ടുവരിക. സ്വയം പരിപാടികളുണ്ടാക്കുക. അവരുടെ പ്രദേശങ്ങളിൽ കൂടുതൽ പോകുക. അവരുമായി ബന്ധം വെക്കുന്നതിന് ടീമുണ്ടാക്കുക. അവരുടെ പ്രദേശങ്ങളിൽ കൂടുതൽ പോകുക. ഇതിൽ ഒരു കോംപ്ലക്സും ഉണ്ടാകാൻ പാടില്ല. അവരുടെ മതപരമായ അറിവ് വർധിക്കുന്നതിന് അവർക്ക് വിദ്യാഭ്യാസവും ശിക്ഷണവും നല്കുക

മുബല്ലിഗ് ഇൻചാർജ് സാഹിബ് പറഞ്ഞു: ന്യൂസിലാന്റ് ജമാഅത്തിന്റെ ചുമതയിലുള്ളത് Tokelau ദ്വീപും Cook Islands മാണ്. കഴിഞ്ഞ കാലത്ത് ഇവിടെ ബയ്അത്ത് നടന്നിരുന്നു. പക്ഷേ, പിന്നീട് ബന്ധപ്പെടാൻ കഴിഞ്ഞില്ല. ഇവിടെ വീണ്ടും പ്രവർത്തിക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. പക്ഷേ, ക്രിസ്ത്യാനികളുടെ സ്വാധീനശക്തികൊണ്ട് വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

അപ്പോൾ ഹുദൂർ പറഞ്ഞു: ആരുമുഖേനയാണോ ആദ്യം ബയ്അത്ത് നടന്നത് അവരുമായി ബന്ധപ്പെടുക. ചില സംഘടനാപരമായ നിർദ്ദേശങ്ങളും ഹുദൂർ നല്കി.

ഹുദൂർ പറഞ്ഞു: നിരാശരാവാൻ പാടില്ല. സ്ഥിരമായി ശ്രമിച്ചുകൊണ്ടിരിക്കുക. വഖ്ഫെ ആർസിയ്ക്കുള്ള ഏർപാട് ചെയ്യുക. ഖുദ്ദാം, ലജ്ന, സ്വഫ്ഫെ ദോമിലെ അൻസ്വാർ എന്നിവരിൽനിന്ന് വഖ്ഫെ ആർസി ചെയ്യുന്നവരെ അന്വേഷിക്കുക. ഏതെങ്കിലും കുടുംബത്തിന് വഖ്ഫെ ആർസി ചെയ്യാൻ കഴിയുമെങ്കിൽ അവിടെ പോകുക.

ന്യൂസിലാന്റിൽ തായ്‌ലാന്റിൽനിന്ന് വന്ന പുതിയ അഹ്‌മദി അഭയാർഥി കുടുംബങ്ങളെ സംബന്ധിച്ച് പറഞ്ഞു. അവരിൽ ഭൂരിപക്ഷവും ഹാമിൽടണിൽ (Hamilton)താമസം തുടങ്ങിയിരിക്കുന്നു.

അപ്പോൾ ഹുദൂർ പറഞ്ഞു: അവരെ ശക്തിപ്പെടുത്തുക. അവരുടെ ശിക്ഷണപരമായ കാര്യത്തിൽ ശക്തിചെലുത്തുക. എത്രയും വേഗം സെന്റർ എടുക്കുക. അവരെ ആദ്യ ദിവസം മുതൽതന്നെ സ്വന്തം കാലിൽ നിറുത്തുക. ഉദ്യോഗവും ജോലിയും അന്വേഷിക്കുന്നതിൽ അവരെ സഹായിക്കുക.

ഹുദൂർ തബ്‌ലീഗും തർബിയ്യത്തും സംബന്ധിച്ച് നിർദ്ദേശം നല്കിക്കൊണ്ട് പറഞ്ഞു: തബ്‌ലീഗ് ജോലി കൂടുതലായി ചെയ്യുക. തർബിയ്യത്ത് സംബന്ധമായ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ഫിജിയൻകാരും പാക്കിസ്താനികളും തമ്മിലുള്ള വിടവ് കുറയ്ക്കുക. തർബിയ്യത്തിന്റെ നിലവാരത്തിൽ കുറവുണ്ട്. അതുകൊണ്ട് ചില ഘട്ടങ്ങളിൽ കാര്യങ്ങൾ മറച്ചുവെച്ചുകൊണ്ട് മനസ്സിലാക്കിക്കൊടുക്കേണ്ടിവരും. വഴക്കു പറയേണ്ടിവന്നാൽ, അല്പം ശകാരിച്ചതിനുശേഷം അവരെ ജമാഅത്തുമായി ബന്ധപ്പെടുത്തുക.

ഹുദൂർ പറഞ്ഞു: പ്രസിഡണ്ടിന്റേയും മുറബ്ബിയുടേയും ഇടയിൽ ഭിന്നിപ്പുണ്ടാകാൻ പാടില്ല. അഥവാ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടായാൽത്തന്നെ അത് ജമാഅത്തംഗങ്ങൾ അറിയാൻ ഇടവരരുത്.

മുസ്തൻസ്വർ സാഹിബിൽനിന്ന് (മുറബ്ബി, ഫാരിഗുത്തഹ്സ്വീൽ ജാമിഅ അഹ്‌മദിയ്യാ യു.കെ.) ഫലമെടുക്കാവുന്നതാണ്. ഇംഗ്ലീഷ് ഭാഷയെ സംബന്ധിച്ച് അദ്ദേഹത്തിന് പാണ്ഡിത്യമുണ്ട്.

● അതിനുശേഷം സിയറാ ലിയോൺ അമീർ സാഹിബ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. വിവിധ പരിപാടികളും പദ്ധതികളും അവതരിപ്പിച്ച് നിർദ്ദേശങ്ങൾ കരസ്ഥമാക്കി. കെനീമായിൽ ആശുപത്രി നടത്തുന്നതിനെ സംബന്ധിച്ച് ഹുദൂർ അന്വേഷിച്ചു. അവിടത്തെ ഡോക്ടർമാരും എഞ്ചിനീയർമാരുമായും ചർച്ച നടത്തിയോ എന്ന് ഹുദൂർ ചോദിച്ചു. ഹുദൂർ പറഞ്ഞു: എപ്പോൾ ആശുപത്രി ഉണ്ടാക്കിയാലും വിവിധ ഫെയ്സുകളിലായിരിക്കണം നിർമിക്കേണ്ടത്. Phase wise ആയി അതിന്റെ പ്ലാൻ തയ്യാറാക്കുക.

തബ്‌ലീഗ് തർബിയ്യത്തിനെ സംബന്ധിച്ച് നിർദ്ദേശം നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു: ബയ്അത്തുകൾ സത്യസന്ധമായിരിക്കണം. എണ്ണം വർധിപ്പിക്കുന്നതിനോടു എനിക്ക് താല്പര്യമില്ല. അഹ്‌മദിയാകുന്നവരുടെ തർബിയ്യത്തിനുള്ള ഏർപ്പാട് ചെയ്യുക. അവരെ ജമാഅത്തിന്റെ സാമ്പത്തികവ്യവസ്ഥിതിയിൽ ചേർക്കുക. ഇതുസംബന്ധമായി മുമ്പേ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്; പുതിയതായി വരുന്നവർക്ക് ധനത്യാഗശീലമുണ്ടാകുന്നതിന് അല്പസ്വല്പം ചന്ദ കൊടുപ്പിക്കണം; ഇങ്ങനെ തങ്ങൾ വ്യവസ്ഥിതിയുടെ ഭാഗമാണെന്ന് അവർ സ്വയം മനസ്സിലാക്കും.'

സിയറ ലിയോൺ അമീർ സാഹിബ് പറഞ്ഞു: സിയറ ലിയോണിലെ ഒരു നഗരമായ മക്കീനയിൽ റേഡിയോ സ്റ്റേഷൻ ഇൻസ്റ്റാൾ ചെയ്യാനുള്ള പരിപാടിയുണ്ട്. ഹുദൂർ പറഞ്ഞു: അതിന് ആദ്യം പ്ലാനിംഗ് ചെയ്യുക. മുഴുവൻ കാര്യങ്ങളും പരിശോധിച്ച് ഫെസിബിലിറ്റി റിപ്പോർട്ട് ചെയ്യുക. സിയറലിയോണിലെ ട്രാൻസ്പോർട്ട് സംബന്ധമായ ആവശ്യങ്ങളെ സംബന്ധിച്ചും ഹുദൂർ ചില സംഘടനാപരമായ നിർദ്ദേശങ്ങൾ നല്കി.

● അതിനുശേഷം ഗിനികൊമാക്രി മുബല്ലിഗ് ഇൻചാർജ്ജ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. തബ്‌ലീഗ് സംബന്ധമായി നിർദ്ദേശങ്ങൾ നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു. തബ്‌ലീഗ് ചെയ്യുമ്പോൾ, സന്ദേശമെത്തിക്കുമ്പോൾ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ശരീഅത്തില്ലാത്ത നബിയായാണ് മനസ്സിലാക്കുന്നതെന്ന് വ്യക്തമായും അവരോട് പറയണം. ജനങ്ങൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെക്കുറിച്ചും വിശ്വാസാദർശങ്ങളെ സംബന്ധിച്ചും വിവരമുണ്ടാകേണ്ടതാണ്. അവിടന്ന് ളില്ലിനബിയാണെന്ന അറിവ് ജനങ്ങൾക്കുണ്ടാകേണ്ടതാണ്. ഇക്കാര്യം അവരുടെ മനസ്സുകളിൽ കുടിയിരുന്നാൽ, അവർ എതിർപ്പുകളേയും സഹിച്ചുകൊള്ളും.

ഹുദൂർ പറഞ്ഞു. മുഅല്ലിമുമാർ ജോലിയെടുത്തിട്ടുള്ള സ്ഥലങ്ങളെയെല്ലാം വിലയിരുത്തുക; അവർക്കെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നുബുവ്വത്ത് വാദത്തെക്കുറിച്ച് അറിവുണ്ടോ? എന്ന് എല്ലാവർക്കും വ്യക്തമായി മനസ്സിലാക്കി കൊടുക്കണം.

ഹുദൂർ പറഞ്ഞു. എതിർപ്പ് എന്തായാലും ഉണ്ടാകും. കുവൈറ്റിൽനിന്നും സൗദിഅറേബ്യയിൽനിന്നുമുള്ള എതിർപ്പിന്റെ പ്രശ്നം എല്ലായിടത്തുമുണ്ട്. പക്ഷേ നിങ്ങളുടെ ജോലി തബ്‌ലീഗ് ചെയ്തുകൊണ്ടേ പോകുക എന്നതാണ്; സന്ദേശമെത്തിക്കുക എന്നതാണ്.

ഹുദൂർ പറഞ്ഞു അഹ്‌മദിയാകുന്നവരെ ചന്ദ വ്യവസ്ഥിതിയിൽ ചേർക്കേണ്ടതാണ്. എല്ലാവരും ചേരണം എന്തെങ്കിലും കൊടുക്കണം. എനിക്ക് എണ്ണം വർദ്ധിക്കുന്നതിനോടു താല്പര്യമില്ല. അഹ്‌മദിയാകുന്നവർ യഥാർത്ഥ അഹ്‌മദിയായിരിക്കണം. വ്യവസ്ഥിതിയുടെ ഭാഗമായിരിക്കണം. എല്ലാവരേയും നിങ്ങളുടെ വ്യവസ്ഥിതിയിൽ ചേർക്കുക. സ്ഥിരമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുക.

ഹുദൂർ പറഞ്ഞു. അവിടെ ആളുകൾക്ക് പാക്കിസ്താനിലും ഇന്തോനേഷ്യയിലും ജമാഅത്തിന്നെതിരിൽ നടക്കുന്ന എതിർപ്പുകളുടെ വീഡിയോ കാണിക്കുക. ചില മറ്റു രാജ്യങ്ങളിലേയും ജമാഅത്തംഗങ്ങളുടേയും ഇസ്തിഖാമത്തിന്റെ സംഭവങ്ങളും പറയുക.

ഹുദൂർ പറഞ്ഞു. എല്ലാ മാസവും ഒന്നുരണ്ടാഴ്ച ജമാഅത്തുകൾ സന്ദർശിക്കേണ്ടതാണ്. തദ്ദേശാടിസ്ഥാനത്തിൽ നിങ്ങളുടെ മുഅല്ലിമീംകളെ തയ്യാറാക്കുക. അവരൊരിക്കലും പിന്നാക്കം പോകാത്തനിലയിൽ വിശ്വാസപരമായി പ്രബലരാക്കുക. സെക്കന്ററി സ്കൂൾ വിദ്യാഭ്യാസം പാസായവരിൽനിന്ന് തിരഞ്ഞെടുത്ത് അവരെ മുബശ്ശിർ അല്ലെങ്കിൽ ശാഹിദ് ചെയ്യിക്കുന്നതിനുവേണ്ടി ഘാന ജാമിആയിൽ അയക്കുക.

മസ്ജിദുകളുടെ നിർമാണത്തെ സംബന്ധിച്ച് നിർദ്ദേശം നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു. പത്തു ചെറുതും ഒരു വലുതുമായ മസ്ജിദിന്റെ പ്ലാൻ തയ്യാറാക്കി അയക്കുക.

ഹുദൂർ പറഞ്ഞു 5 അർഹരായ വിദ്യാർത്ഥികൾക്ക്


**കലാമുൽ ഇമാം:-**

"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."
(മൽഫൂദാത്ത്, വാള്യം 5, പേജ് 121)

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്‌മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**കലാമുൽ ഇമാം:-**

"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാള്യം 4, പേജ് 344).

**ത്വാലിബെ ദുആ:**
അഹ്‌മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

സ്കോളർഷിപ്പ് നല്കി യൂണിവേഴ്സിറ്റിയിൽ അയക്കുക. അതിന് ആദ്യം രണ്ടുവർഷത്തെ പദ്ധതി തയ്യാറാക്കി അയക്കുക; ഞങ്ങൾ ചെലവ് തരുന്നതാണ്.

ഹുദൂർ പറഞ്ഞു. ബുർക്കിനോഫാസോയിൽ ജാമിഅ പൂർത്തിയായി കഴിഞ്ഞാൽ അവിടെ പോകുക. പക്ഷേ, ശാഹിദ് ചെയ്യുന്നതിനും ഖുർആൻ മനഃപാഠമാക്കുന്നതിനും ഘാനയിൽത്തന്നെ പോകേണ്ടിവരും.

ഹുദൂർ നിർദ്ദേശം നല്കിക്കൊണ്ടു പറഞ്ഞു. നിങ്ങളുടെ ജമാഅത്തുകളിൽ എം.ടി.എ ഘടിപ്പിക്കുക. എല്ലാവരേയും എം.ടി.എയുമായി ബന്ധപ്പെടുത്തുക.

ഹുദൂർ പറഞ്ഞു. മോഡൽവില്ലേജ് ഉണ്ടാക്കാൻ ശ്രമിക്കുക. അതിനുവേണ്ടി IAAAE യുമായി ബന്ധപ്പെടുകയും പ്ലാൻ തയ്യാറാക്കുകയും ചെയ്യുക.

പ്രൈമറി സ്കൂൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു. ഈ രണ്ട് ക്ലാസ് റൂമോടുകൂടി ആദ്യം താഴ്ന്നനിലയിൽനിന്ന് ജോലി തുടങ്ങുക. ഇതിനുവേണ്ടി ബന്ധപ്പെട്ട മിനിസ്റ്ററി അല്ലെങ്കിൽ സ്ഥാപനത്തിൽനിന്ന് അനുവാദം വാങ്ങേണ്ടിവരും.

സർക്കാരിന്റെ അനുമതിയോടുകൂടി ഈ പ്രൊജക്ടുകൾ തുടങ്ങുക. പിന്നീട് മെല്ലെ മെല്ലെ വളർത്തിക്കൊണ്ടുപോകുക.

ഹുദൂർ പറഞ്ഞു. പൊതുജനങ്ങളുമായുള്ള നിങ്ങളുടെ ബന്ധം വർദ്ധിപ്പിക്കുക. ഞങ്ങൾ നിങ്ങൾക്കെതിരല്ലെന്ന് എതിരാളികളോടു പറയുക. എന്നല്ല, ഞങ്ങൾ മുസ്ലിംകളെന്നനിലയിൽ ഏറ്റവുമധികം കൂറുള്ളവരാണ്. വിവിധ മേഖലയിലുള്ള സർക്കാർ ഉദ്യോഗസ്ഥരുമായി നിങ്ങൾക്ക് ബന്ധമുണ്ടാകേണ്ടതാണ്. പോലീസ് കമ്മീഷണറുമായും ബന്ധമുണ്ടാക്കുക. അവിടത്തെ ഇമാമുമായും സുഹൃത്ത്ബന്ധം സ്ഥാപിക്കുക. അഹ്മദി രാജ്യത്തോടു ഏറ്റവുമധികം കൂറുള്ളവരാണെന്ന് എല്ലാവർക്കും മനസ്സിലാക്കേണ്ടതാണ്; നിയമങ്ങൾ പാലിക്കേണ്ടിവരും.

ഗിനികൊണാക്രിയിൽ കൂടുതൽ മുറബ്ബിമാരെ അയക്കാൻ ഹുദൂർ നിർദ്ദേശിച്ചു. അവരെ ജൽസസാലാനയിൽ പ്രതിനിധികളെ അയക്കുന്നതിനും നിർദ്ദേശിച്ചു. ഹുദൂർ എബോള ബാധിച്ച കുട്ടികളെ സംബന്ധിച്ച് പറഞ്ഞു. 10, 15 കുട്ടികളെ തിരഞ്ഞെടുത്ത് അവരുടെ വിദ്യാഭ്യാസ ചെലവുകൾ നല്കുക.

- അതിനുശേഷം ജപ്പാനിലെ മുബല്ലിഗ് സ്വബാഹുസ്സഫർ സഹാബി ഹുദൂറുമായി കൂടിക്കാഴ്ച നടത്തുകയും നിർദ്ദേശങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. ഹുദൂർ പറഞ്ഞു. നിങ്ങളുടെ നിയമനം ടോക്യോയിലാണ് നടന്നത്. അവിടെ ആരുടേയും പാർട്ടി ഉണ്ടാക്കേണ്ട ആവശ്യം താങ്കൾക്കില്ല. താങ്കൾ സ്വതന്ത്രനായിരിക്കേണ്ടതാണ്. അവിടെ പഴയകാല അഹ്മദികുടുംബം താമസിക്കുന്നുണ്ട്. അവരെ നിങ്ങളുടെ സമീപസ്ഥരാക്കുക. പിന്നീട് അവരുടെ മക്കളുടെ വിവാഹവും നടന്നുകൊണ്ടിരിക്കുന്നുണ്ട്. അവരെയെല്ലാം അടുത്തുകൊണ്ടുവരിക. അവരെ മതപരമായ വിഷയം പഠിപ്പിക്കുക. ജമാഅത്തിന്റെ പരിപാടികളിൽ പങ്കെടുപ്പിക്കുക. തെറ്റുതിരുത്തേണ്ട ആവശ്യം വരുമ്പോൾ വളരെ യുക്തിപൂർവ്വം കൈകാര്യം ചെയ്യുക.

ജമാഅത്തിന്റെ പരിപാടികളിലും മീറ്റിംഗുകളിലും പങ്കെടുക്കാത്തവർക്ക് വേറിട്ട് നില്ക്കുന്നത് നല്ല കാര്യമൊന്നുമല്ലെന്ന് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുക; അത് ഭീരുത്വമാണ്. പുരുഷത്വമല്ല. ജമാഅത്തിന്റെ വ്യവസ്ഥിതിയിൽ ഇരുന്നുകൊണ്ട് ശരിയാക്കുക എന്നതാണ് വസ്തുത. ഒരൊറ്റ ജീവനായിരുന്നാൽ അഭിവൃദ്ധി ഉണ്ടാകും.

ഹുദൂർ പറഞ്ഞു: പിന്നിലായിപോയവരോട് പറയുക, നിങ്ങളിൽ ഒത്തൊരുമ ഉണ്ടാകാത്തിടത്തോളം റൂഹമാഉബയ്നഹും ഉണ്ടാകുകയില്ലെന്ന്. നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല; ഒരു അഭിവൃദ്ധിയുമുണ്ടാകുകയില്ല. ഒത്തൊരുമിച്ച് പണിയെടുക്കുക. എന്നിട്ട് നോക്കുക ജമാഅത്ത് എങ്ങനെയാണ് അഭിവൃദ്ധിപ്പെടുന്നതെന്ന്.

ടോക്യോയിൽ മസ്ജിദിന് സ്ഥലം വാങ്ങുന്നതിനെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു. വിലയിരുത്തിക്കൊണ്ടിരിക്കുക. റിയൽഎസ്റ്റേറ്റുകാരുമായും ബന്ധം വെക്കുക.

ഹുദൂർ പറഞ്ഞു. തബ്ലീഗ് പരിപാടികളുണ്ടാക്കുക. അവിടത്തെ സാഹചര്യമനുസരിച്ച് ഏതേതെല്ലാം രീതിയിലൂടെ തബ്ലീഗ് ചെയ്യാമെന്ന് നോക്കുക. വഴികൾ അന്വേഷിക്കുക എന്നത് നിങ്ങളുടെ ജോലിയാണ്.

- അതുകഴിഞ്ഞ് അഹ്മദിയ്യാ ആർക്കിടെക്ട് ആന്റ് എഞ്ചിനിയേഴ്സ് അസോസിയേഷൻ യൂറോപ്യൻ ചാപ്റ്ററിന്റെ ചെയർമാൻ ഇക്റാം അഹ്മദി സാഹിബ് തന്റെ ടീമിനോടൊപ്പം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഈ അസോസിയേഷനു കീഴിൽ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നടന്നുവരുന്ന സോളാർ എനർജി, വാട്ടർ പമ്പ്സ്, മോഡൽ വില്ലേജ് തുടങ്ങിയ വിവിധ നിർമാണപരമായ പ്രൊജക്ടിനെ കുറിച്ച് ഹുദൂറിന്റെ സന്നിധിയിൽ വിവിധ കാര്യങ്ങൾ അവതരിപ്പിച്ച് നിർദ്ദേശങ്ങൾ കരസ്ഥമാക്കി.

ഓഫീസുസംബന്ധമായ ഈ കൂടിക്കാഴ്ചാ പരിപാടി രണ്ടുമണിവരെ തുടർന്നു. തുടർന്ന് ഹുദൂർ മസ്ജിദ് ഫള്‌ലിലെത്തി. ളുഹ്ർ അസ്ർ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്കു പോയി.

## വ്യക്തിപരവും കുടുംബപരവുമായ കൂടിക്കാഴ്ചകൾ:

പരിപാടി അനുസരിച്ച് ഇന്ന് വൈകുന്നേരം 5.15ന് വിവിധ രാജ്യങ്ങളിൽനിന്നുവന്ന ജമാഅത്തംഗങ്ങളും കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച തുടങ്ങി. ഇന്ന് 16 കുടുംബങ്ങളിലെ 80 അംഗങ്ങളും അതിനുപുറമെ 23 ആളുകൾ വ്യക്തിപരമായും ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. ഇങ്ങനെ മൊത്തം 103 ആളുകളാണ് കൂടിക്കാഴ്ച നടത്തിയത്. കൂടിക്കാഴ്ച നടത്തിയ കുടുംബങ്ങൾ താഴെ പറയുന്ന രാജ്യങ്ങളിൽനിന്ന് വന്നവരാണ്.

പാക്കിസ്താൻ, അമേരിക്ക, കനഡ, ദുബായ്, യു.കെ, ഇന്ത്യാ, ജർമനി, ഹോളണ്ട്, അയർലാന്റ്, ഷാർജ, ഗ്വാട്ടിമാല, സിയറലിയോൺ, ഫ്രാൻസ്, ഗാംമ്പിയ, കെനിയ, ന്യൂസിലാന്റ്.

ഇവരിലോരോരുത്തരും തങ്ങളുടെ പ്രിയങ്കരനായ ഇമാമുമൊത്ത് ഫോട്ടോയുമെടുത്തു. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി. ഈ പരിപാടി 8.45 വരെയായിരുന്നു. പിന്നീട് ഹുദൂർ മസ്ജിദ് ഫള്‌ലിലെത്തി. മഗ്രിബ് ഇശാ നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്കുപോയി.

(2018 ഫെബ്രുവരി ബദ്ർ വീക്കിലി)

(തുടരും)

(- പേജ് 1ൽ നിന്ന്)

രിക്കുന്നു. അദ്ദേഹത്തിന്റെ സഹനാമിയാണു ഞാൻ. മസീഹുബ്നു മർയമിനെ ഞാൻ ആദരിക്കുന്നില്ലെന്നു പറയുന്നവൻ ഉപദ്രവകാരിയും കറ്റുകെട്ടുകാരനുമാണ്. മസീഹ് എന്തായാലും മസീഹ് തന്നെ! ഞാൻ അദ്ദേഹത്തിന്റെ നാലു സഹോദരന്മാരേയും ബഹുമാനിക്കുന്നു.[4] കാരണം അഞ്ചുപേരും ഒരേ മാതാവിന്റെ മക്കളാകുന്നു. എന്നുമാത്രമല്ല ഞാൻ ഹദ്റത്ത് മസീഹിന്റെ കൂടപ്പിറപ്പായ രണ്ട് സഹോദരിമാരേയും വിശുദ്ധരായി മനസ്സിലാക്കുന്നു.

ഇവരെല്ലാം മഹാത്മാവായ കന്യാമർയത്തിന്റെ ഉദരത്തിൽനിന്നുള്ളവരാണ്. മർയമിന്റെ തേജോവിലാസം എന്താണെന്നുവെച്ചാൽ അവർ വളരെക്കാലം വിവാഹം കഴിക്കാതെ സ്വയംതന്നെ നിയന്ത്രിച്ചു നിറുത്തി. പിന്നീട് സമുദായത്തിലെ മഹനീയവ്യക്തികളുടെ നിർബന്ധംകൊണ്ട് ഗർഭം കാരണം വിവാഹം കഴിച്ചു. തൗറാത്തിന്റെ അധ്യാപനത്തിന് വിരുദ്ധമായി ഗർഭിണിയായ അവസ്ഥയിൽ എന്തിന് വിവാഹം കഴിച്ചെന്നും കന്യകയായിരിക്കുമെന്നുള്ള പ്രതിജ്ഞ എന്തിന് ലംഘിച്ചെന്നും എന്തിന് ബഹുഭാര്യത്വത്തിന് അടിത്തറയിട്ടുവെന്നും പറഞ്ഞ് ആളുകൾ അവരെ ആക്ഷേപിക്കുന്നു. അതായത്, യൂസുഫിന് ആദ്യഭാര്യയുണ്ടായിരിക്കെ മർയം എന്തിനാണ് അദ്ദേഹവുമായി വിവാഹം ഇഷ്ടപ്പെട്ടത്? എന്നാൽ, ഞാൻ പറയുന്നത് ഇതെല്ലാം നിർബന്ധസാഹചര്യം ഉണ്ടായതിനാലാണെന്നാണ്. ഈ പരിതഃസ്ഥിതികളിൽ അവരെല്ലാം സഹതാപാർഹരാകുന്നു; ആക്ഷേപാർഹരല്ല! **(കശ്തിയെ നൂഹ് റൂഹാനീ ഖസാഇൻ വാല്യം 19 പേജ് 15 –18)**

1. ക്രിസ്തീയ ഗവേഷകന്മാർ ഇതേ അഭിപ്രായം പ്രകടിപ്പിച്ചിരിക്കുന്നു. വിശദീകരണം ആഗ്രഹിക്കുന്നെങ്കിൽ നമ്മുടെ ഗ്രന്ഥമായ 'തുഹ്ഫഗോൾഡവിയ' 139-ാം പേജ് നോക്കുക.

2. ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നത് ഹദ്റത്ത് ഈസാനബി(അ)വീണ്ടും ഈ ലേകത്ത് വരുന്നതല്ലെന്നാണ്. കാരണം അദ്ദേഹം ഈ ലോകത്ത് വീണ്ടും വരുന്നതാണെങ്കിൽ, തനിക്ക് ക്രൈസ്തവർ പിഴച്ചുപോയതിനെപറ്റി അറിയുകയില്ലെന്ന് പറഞ്ഞത് കളവായിത്തീരും. കാരണം അദ്ദേഹം വീണ്ടും ദുൻയാവിൽ വരികയും നാ ല്പതുവർഷക്കാലം ഇവിടെ ജീവിക്കുകയും ചെയ്യുന്ന സ്ഥിതിക്ക് തന്റെ സമുദായമായ ക്രിസ്ത്യാനികൾ തന്നെ ദൈവമായി വിശ്വസിക്കുന്നതു കാണുകയും കുരിശുടയ്ക്കുകയും എല്ലാ ക്രിസ്ത്യാനികളേയും മുസൽമാന്മാരാക്കുകയും ചെയ്തതിനുശേഷം മരണാനന്തരം അല്ലാഹുവിനോടു 'ക്രിസ്ത്യാനികൾ വഴിപിഴച്ചതായ ഒരു വിവരവും തനിക്കറിയില്ല' എന്ന് എങ്ങനെയാണ് അദ്ദേഹത്തിന് ഒഴികഴിവ് പറയാൻ സാധിക്കുക!

3. വിശുദ്ധ ഖുർആനിലെ ഒരു വചനത്തിൽ മസീഹും അദ്ദേഹത്തിന്റെ മാതാവും കുരിശുസംഭവത്തിനുശേഷം കശ്മീരിലേക്ക് പോയിരുന്നതായി വ്യക്തമായും സൂചിപ്പിച്ചിരിക്കുന്നു. അതായത് *വ ആവയ്നാഹുമാ ഇലാ റബ്‌വത്തിൻ ദാത്തി ഖരാറിൻ വ്വ മഈൻ* ഈസായ്ക്കും അദ്ദേഹത്തിന്റെ മാതാവിനും വാസയോഗ്യവും നീരുറവുള്ളതുമായ ഒരു കുന്നിൻ പ്രദേശത്ത് അഭയം നല്കി. (23:51). ഈ ആയത്തിൽ കശ്മീരിനെ കുറിച്ചുള്ള ഒരു ചിത്രംതന്നെ കാണിച്ചുതന്നിരിക്കുന്നു. 'ആവാ' എന്ന വാക്ക് ഏറ്റവും ആപൽക്കരവും ദുരിതപൂർണവുമായ അവസ്ഥയിൽനിന്ന് അഭയം നല്കുന്നതിനായിട്ടാണ് പ്രയോഗിക്കപ്പെടുന്നത്. കുരിശു സംഭവത്തിനുമുമ്പേ ഹദ്റത്ത് ഈസാ നബിയക്കും അദ്ദേഹത്തിന്റെ മാതാവിനും അഭയം തേടത്തക്കവണ്ണം ആപൽക്കരമായ ഒരു അവസ്ഥയും ഉണ്ടായിട്ടില്ല. അല്ലാഹു ഈസാനബിയേയും അദ്ദേഹത്തിന്റെ മാതാവിനേയും കുരിശുസംഭവത്തിനുശേഷം പ്രസ്തുത കുന്നിൻ പ്രദേശത്തെ എത്തിക്കുകയാണുണ്ടായത്.

4. യേശുമസീഹിന് നാലു സഹോദരന്മാരും രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു. അവരൊക്കെ യൂസുഫിന്റേയും മർയമിന്റേയും സന്തതികളായിരുന്നു. നാലു സഹോദരന്മാരുടെ പേരുകൾ യഹോദാ, യഅ്ഖൂബ്, ശംഊൻ, യോസസ് എന്നും രണ്ടു സഹോദരിമാരുടെ പേരുകൾ ആസിയ, ലീദിയാ എന്നുമായിരുന്നു. (നോക്കുക അപ്പോസ്റ്റലിക് റിക്കാർഡ്സ്, ഗ്രന്ഥകർത്താവ് :പാതിരി ജോൺ ഈലൻ ഗായിൽസ്, പേജ് 159 - 166.ലണ്ടൻ, 1886)


## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെ ക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 05 July 2018 Issue-27

**MANAGER**
**NAWAB AHMAD**
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# സ്വർഗനരകങ്ങളുടെ യാഥാർഥ്യം
# ഇഹലോകത്ത് മനുഷ്യർ ശിക്ഷിക്കപ്പെടുമോ?

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**
**വിവ:മുഹമ്മദു ഇസ്മായീൽ ആലപ്പുഴ**

അല്ലാഹു പ്രവാചകന്മാർ മുഖേന നമുക്ക് പറഞ്ഞുതരികയും പിന്നീടുണ്ടായ സംഭവങ്ങൾ അത് സത്യമാണെന്ന് തെളിയിക്കുകയും ചെയ്തിട്ടുള്ളതിൽനിന്ന് രക്ഷാശിക്ഷയുടെ നിയമം ഈ ലോകത്തുനിന്നുതന്നെ ആരംഭിക്കുന്ന വിധത്തിലാണ് അവൻ നിശ്ചയിച്ചിട്ടുള്ളതെന്ന് മനസ്സിലാകുന്നു. മനുഷ്യർ ചെയ്തുകൂട്ടുന്ന അക്രമങ്ങളും അധർമങ്ങളും അവർ മനസ്സിലാക്കിയാലും ഇല്ലെങ്കിലും അതിന്റെ കഷ്ടവും നഷ്ടവും ഇവിടെത്തന്നെ ലഭിക്കുന്നു. കുറ്റവാളികൾ പശ്ചാത്താപവും പുനരാലോചനയും കൊണ്ട് തങ്ങളുടെ അവസ്ഥയിൽ വ്യക്തമായ മാറ്റമുണ്ടാക്കുന്നതിനും അല്ലാഹുമായിട്ടുള്ള ദാസത്വബന്ധം നിലനിറുത്തുന്നതിൽ വന്ന വീഴ്ച ബോധപൂർവ്വം പരിഹരിക്കുന്നതിനും വേണ്ടിയാണ് ഇവിടെ ശിക്ഷ നല്കുന്നത്. ശിക്ഷ ഉണ്ടാകുമ്പോൾ ഒന്നുകിൽ അവർ അല്ലാഹുവിന്റെ സഹായത്തോടെ തന്റെ ദുർബലതകൾ ചികിത്സിച്ച് ഭേദപ്പെടുത്തുന്നു. അല്ലെങ്കിൽ അവരുടെ നിർഭാഗ്യംകൊണ്ട് അക്രമങ്ങളും അനാവശ്യങ്ങളും കൂടുതൽ ചെയ്യാൻ അവർ തന്റേടം കാണിക്കുകയും അത് കൂടിക്കൂടി ഒടുവിൽ അവർ നരകാവകാശികളായിത്തീരുകയും ചെയ്യുന്നു. ഉപദേശം അല്ലെങ്കിൽ ഗുണപാഠം എന്ന നിലയിൽ ഈ ലോകത്ത് നല്കപ്പെടുന്ന ശിക്ഷയുടെ ഉദാഹരണം ക്ലാസുമുറിയുടേതാണ്. അശ്രദ്ധയും അലസതയും അകറ്റുന്നതിനുവേണ്ടി അധ്യാപകൻ പഠനമുറിയിൽ കുട്ടികളെ ലഘുവായി ശിക്ഷിക്കാറുണ്ട്. അറിവ് സമ്പാദിക്കുന്നതിൽനിന്ന് കുട്ടികളെ തടയുക എന്നതല്ല അധ്യാപകന്റെ ഉദ്ദേശ്യം. പ്രത്യുത അവർക്ക് നലവണ്ണം കാര്യങ്ങൾ പറഞ്ഞുകൊടുത്ത് അവരെ കൂടുതൽ ജാഗ്രത പാലിക്കുന്നവരും സമർഥരുമാക്കിത്തീർക്കുക എന്നതാണ്. ഇപ്രകാരം അല്ലാഹു കുറ്റവാളികൾക്കും ദുഷ്ടാത്മാക്കൾക്കും ഈ ലോകത്ത് ലഘുവായ നിലയിൽ ശിക്ഷ കൊടുക്കുന്നത്, ആ കുറ്റകൃത്യങ്ങളുടെ ഭവിഷ്യത്തറിഞ്ഞ് അല്ലാഹുവിന്റെ പ്രതാപത്തേയും മഹത്ത്വത്തേയും ഭയക്കുന്നതിനും അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുന്നതിനും വേണ്ടിയാണ്. എന്റെ ജമാഅത്തിന് ഞാൻ ഇത് പല പ്രാവശ്യം പറഞ്ഞുകൊടുത്തിട്ടുള്ളതാണ്. ഇപ്പോൾ വീണ്ടും വിശദീകരിക്കുന്നു. മനുഷ്യൻ ഒരു പ്രവൃത്തി ചെയ്യുമ്പോൾ അതേ തുടർന്ന് അല്ലാഹുവിൽനിന്ന് ഒരു പ്രതിപ്രവർത്തനം ഉണ്ടാകുന്നു. ഉദാഹരണത്തിന്, അളവിൽ കവിഞ്ഞ് വിഷം കഴിച്ചാൽ മരണം സംഭവിക്കുന്നു. ഇവിടെ വിഷം കഴിക്കൽ മനുഷ്യന്റെ പ്രവൃത്തിയാണ്. അപ്പോൾ അവനെ മരിപ്പിച്ചുകൊണ്ട് അല്ലാഹു അവന്റെ പ്രവൃത്തി വെളിപ്പെടുത്തി. വീടിന്റെ വാതിലുകളും ജനലുകളും അടയ്ക്കുന്ന പ്രവൃത്തി മനുഷ്യരുടേതാണ്. ആ പ്രവൃത്തി മനുഷ്യർ ചെയ്യുന്നതോടെ അല്ലാഹുവിന്റെ പ്രവൃത്തി ഇരുട്ടിന്റെ രൂപത്തിൽ വെളിപ്പെടുന്നു. ഇപ്രകാരം മനുഷ്യപ്രവൃത്തിയുടെ ഫലമെന്ന നിലയിൽ അല്ലാഹുവിന്റെ പ്രവൃത്തികൾ മുഖേന സംഭവിക്കുന്ന നിയമം ലോകത്ത് നടന്നു വരുന്നു. ഇത് ബാഹ്യപ്രവൃത്തികളുമായി ബന്ധപ്പെട്ടതും ലൗകികസംവിധാനത്തിൽ ഇതിന്റെ ഉദാഹരണങ്ങൾ നാം നിത്യവും കണ്ടുകൊണ്ടിരിക്കുന്നതുമാണ്. ഇതേ രീതിയിൽ ആന്തരികവുമായി ബന്ധപ്പെട്ട വ്യവസ്ഥിതികളുമുണ്ട്. ദൈവികശിക്ഷയെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഈ തത്ത്വം അറിഞ്ഞിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നമ്മൾ ചെയ്യുന്നത് നന്മയായാലും തിന്മയായാലും അതൊരു ഫലമുൾക്കൊള്ളുന്നുണ്ടെന്നും അത് നമ്മുടെ പ്രവൃത്തിക്കുശേഷമാണ് വെളിപ്പെടുന്നതെന്നും ഞാൻ പറഞ്ഞുവല്ലോ.

ഇനി നിങ്ങൾക്ക് പാപത്തിന്റെ ഫലമായി നല്കപ്പെടുന്ന ശിക്ഷയും നന്മയുടെ ഫലമായി നല്കപ്പെടുന്ന നിർവൃതിയും പെട്ടെന്ന് മനസ്സിലാകുന്നതാണ്. ഞാൻ പറഞ്ഞതത്ത്വം വിവരിക്കാൻ ഇസ്‌ലാമല്ലാത്ത മറ്റെല്ലാ മതങ്ങളും തികച്ചും നിസ്സഹായരും നിരാലംബരുമാണെന്ന് ഞാൻ പൂർണ ഉൾക്കാഴ്ചയോടും വാദത്തോടും കൂടി പറഞ്ഞുകൊള്ളട്ടെ.

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ദൈവത്തിനു വേണ്ടിയാണെന്ന കാര്യം ഓരോ വിശ്വാസിയും സമ്മതിക്കുന്നതാണ്. അതുകൊണ്ട് അവന്റെ സകല സന്തോഷങ്ങളുടേയും സുഖങ്ങളുടേയും പരമമായ അവസ്ഥ അവന് ലഭ്യമാകുന്നത് ദൈവവും അടിയാനുമായി ഉണ്ടായിരിക്കേണ്ട സുദൃഢബന്ധം കുറ്റമറ്റ നിലയിൽ അവനിൽ ഉണ്ടാകുകയും പരിപൂർണമായ നിലയിൽ അവൻ അല്ലാഹുവിന്റേതായി തീരുകയും ചെയ്യുമ്പോഴാണ്. ദൈവത്വവും ദാസത്വവും തമ്മിലുള്ള ആ ബന്ധം സുദൃഢമാകാത്തിടത്തോളം അതായത്, അതിനെ പ്രവർത്തനപഥത്തിൽ കൊണ്ടുവരാത്തിടത്തോളം യഥാർഥ നിർവൃതി അവന് ലഭ്യമല്ല. ദൈവത്വത്തിന്റേയും ദാസത്വത്തിന്റേയും ഇടയിലുള്ള ഈ ബന്ധം അറ്റുപോകുമ്പോൾ അതിനെ ബന്ധിപ്പിക്കുന്നതിനുവേണ്ടിയാണ് പ്രവാചകന്മാർ സമാഗതരാകുന്നത്. ഈ സുപ്രധാന ഉദ്ദേശ്യമാണ് അവരുടെ ആഗമനത്തിലുള്ളത്. എന്നാൽ, മനുഷ്യർ സ്വന്തം പ്രവൃത്തിയിലൂടെ ദൈവത്തിൽനിന്ന് അകലുന്നു. ദൈവവും മനുഷ്യനും തമ്മിൽ കോർത്തിണക്കപ്പെടേണ്ട സ്നേഹത്തിന്റെ ചങ്ങലയിൽനിന്ന് അവൻ തന്നെ സ്വയം വേർപ്പെടുത്തുന്നു. അപ്പോൾ അത്തരക്കാരിൽനിന്ന് അകലുക എന്നതാണ് അല്ലാഹുവിന്റെ പ്രവൃത്തി. അല്ലാഹു അകലുന്ന കാരണത്താൽ മനുഷ്യമനസ്സിൽ ഇരുൾ മൂടുന്നു; വാതിലുകൾ അടയ്ക്കുമ്പോൾ മുറി ഇരുട്ടുകൊണ്ട് നിറയുന്നതുപോലെ! ഇപ്രകാരം അല്ലാഹുവിൽനിന്ന് മുഖം തിരിക്കുന്ന മനുഷ്യന്റെ ഉള്ളിൽ ഇരുട്ട് വ്യാപിക്കുന്നു. അകൽച്ച കൂടുന്തോറും ഇരുട്ടും കൂടാൻ തുടങ്ങുന്നു. അവസാനം മനസ്സ് കറുകറാ കറുത്തുപോകുന്നു. അല്ലാഹുവിൽനിന്ന് അകലാനുണ്ടായ കാരണങ്ങൾ ഉപേക്ഷിച്ചുകൊണ്ട് ഈ ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ ഒരുവൻ കഠിനമായി പരിശ്രമിക്കുമ്പോൾ അല്ലാഹു തന്റെ കാരുണ്യംകൊണ്ട് അവനിലേക്കു മടങ്ങുന്നു; ജനലുകളും വാതിലുകളും തുറക്കുമ്പോൾ പ്രകാശം വീണ്ടും അകത്തുകടന്ന് ഇരുട്ടിനെ അകറ്റുന്നതുപോലെ! നന്മയുടെ കൈവിട്ടുപോയ പ്രകാശം പശ്ചാത്തപിച്ചു മടങ്ങുന്നവന് വീണ്ടും നല്കപ്പെടുകയും അതിനെ അവൻ പൂർണമായും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

## പശ്ചാത്താപത്തിന്റെ യാഥാർഥ്യം

ഇപ്പറഞ്ഞതുതന്നെയാണ് തൗബയുടെ യാഥാർഥ്യം. ഇതിനുള്ള ഉദാഹരണങ്ങൾ പ്രകൃതിനിയമത്തിൽ നമുക്ക് ദർശിക്കാൻ കഴിയും. പ്രവാചകന്മാരുടെ കാലഘട്ടങ്ങളിൽ ജനതയിൽ ഇറങ്ങുന്ന ശിക്ഷയെ സംബന്ധിച്ച് നാം അറിഞ്ഞിരിക്കേണ്ട ഒരു കാര്യമുണ്ട്. ഉദാഹരണം പറഞ്ഞാൽ ലൂത്തിന്റെ ജനതയുടെമേൽ ഇറങ്ങിയ ശിക്ഷ. അല്ലെങ്കിൽ ബുഖ്ത്നസർ മുഖേനയോ ത്വയ്തസ് റൂമി മുഖേനയോ യഹൂദർ നശിപ്പിക്കപ്പെട്ടത്. ആ ശിക്ഷകൾ ഇറങ്ങിയത് കേവലം ഭിന്നിപ്പ് കൊണ്ടായിരുന്നില്ല. അവർക്കു വന്നുഭവിച്ച ശിക്ഷയ്ക്കുള്ള പ്രധാന കാരണം അവർ പ്രവാചകന്മാരെ ഉപദ്രവിക്കുകയും പീഡിപ്പിക്കുകയും ചെയ്തതായിരുന്നു. അവരുടെ പീഡനങ്ങൾ അവസാനം അവരിലേക്കുതന്നെ മടങ്ങി. അത് അവരെ നശിപ്പിച്ചു. സമാധാനഭംഗം സൃഷ്ടിക്കുന്ന കള്ളന്മാരേയും കൊള്ളക്കാരേയും രാജ്യദ്രോഹികളേയും മറ്റു കുറ്റവാളികളേയും ശിക്ഷിക്കുക എന്നത് ഭരണകൂടത്തിന്റെ നിയമങ്ങളിൽപ്പെട്ടതാണ്. സമാധാനം നിലനിറുത്തുന്നതിനും മറ്റുള്ളവർക്ക് ഗുണപാഠം ലഭിക്കുന്നതിനും വേണ്ടിയാണിത്. ഇതേ പ്രകാരം തന്നെയാണ് അല്ലാഹുവും നിയമം വെച്ചിട്ടുള്ളത്. ഉപദ്രവകാരികളും അക്രമികളും അതിരു ലംഘിക്കാതിരിക്കാൻ അല്ലാഹു ശിക്ഷ ഇറക്കുന്നു. അങ്ങനെ അതിരുകടക്കാൻ ആഗ്രഹിക്കുന്നവർക്ക് മുന്നറിയിപ്പും നൽകുന്നു. മറ്റൊരു കാര്യവും ഓർമിക്കേണ്ടതുണ്ട്. ഈ ശിക്ഷയും മുന്നറിയിപ്പും ആർക്കാണോ നൽകുന്നത് അവർക്കും അതിൽനിന്ന് ഗുണപാഠം സ്വീകരിക്കുന്ന മറ്റുള്ളവർക്കും ഒരു കാരുണ്യമെന്ന നിലയിലാണിത്. കാരണം ശിക്ഷ നല്കുന്നില്ലെങ്കിൽ അസമാധാനം വ്യാപിക്കുകയും അതിന്റെ പരിണാമം അങ്ങേയറ്റം ദാരുണമായിരിക്കുകയും ചെയ്യുന്നതാണ്.

പ്രകൃതി നിയമത്തിലേക്ക് ഒന്ന് ദൃഷ്ടിപായിക്കുക. മനുഷ്യപ്രകൃതിയിൽത്തന്നെ ഇതിനുദാഹരണം കാണാം. *വലക്കും ഫിൽഖിസാസി ഹയാത്തുൻ യാ ഉലിൽഅൽബാബ്* നിങ്ങളുടെ ജീവിതത്തിന്റെ നിലനിൽപിന് പ്രതിക്രിയാ നിയമം അനിവാര്യമാണ്. കർമങ്ങൾക്ക് തക്കതായ പ്രതിഫലമുണ്ടാകുന്നില്ലെങ്കിൽ പിന്നെ ആ കർമങ്ങൾക്ക് എന്തു പ്രസക്തിയാണുള്ളത്? അതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്? ചുരുക്കത്തിൽ ഇവിടെ നല്കപ്പെടുന്ന ശിക്ഷ യഥാർഥമായ നിലയിലുള്ളതല്ല. അത് യഥാർഥമായ ശിക്ഷയുടെ നിഴലാണ്. അതുകൊണ്ടുള്ള ഉദ്ദേശ്യം ഗുണപാഠമാണ്.

പരലോകത്തെ ശിക്ഷയുടെ ഉദ്ദേശ്യം മറ്റൊന്നാണ്. അത് പരമമായതാണ്. അവിടെ *മൻയ്യഅ്മൽ മിഥ്ഖാല ദർറത്തിൻ ശർറയ്യറഹു* എന്നതിന്റെ പ്രതിബിംബാത്മകമായ മാതൃക ജനങ്ങൾ കാണും. മനുഷ്യൻ താൻ ചെയ്ത അതിസൂക്ഷ്മമായ പാപങ്ങളുടേയും കുറ്റകൃത്യങ്ങളുടേയും ശിക്ഷ അനുഭവിക്കേണ്ടി വരും. ഇഹലോകശിക്ഷയും പരലോകശിക്ഷയും തമ്മിലുള്ള ഒരു വലിയ വ്യത്യാസം, ഇഹലോക ശിക്ഷ സമാധാനം നിലനിറുത്തുന്നതിനും ഗുണപാഠം സ്വീകരിക്കുന്നതിനുമാണെങ്കിൽ പരലോകശിക്ഷ മനുഷ്യകർമങ്ങളുടെ അവസാനത്തെ ഫലമാകുന്നു എന്നതാണ്. അവിടെ അവന് ശിക്ഷ അനുഭവിച്ചേ പറ്റൂ. കാരണം അവൻ വിഷം തിന്നു കഴിഞ്ഞിരിക്കുകയാണ്. അതിന്റെ ദോഷഫലത്തിൽനിന്ന് രക്ഷപ്പെടാൻ ഔഷധമില്ലാതെ സാധ്യമല്ല.

## പരലോക ശിക്ഷയുടെ യാഥാർഥ്യം

പരലോകശിക്ഷ ഒരു തത്ത്വജ്ഞാനപരമായ യാഥാർഥ്യം ഉൾക്കൊള്ളുന്നതാണ്. ഇസ്‌ലാമിനല്ലാതെ മറ്റൊരു മതങ്ങൾക്കും അതിന്റെ പൂർണമായ അവസ്ഥ വിവരിക്കാൻ സാധിച്ചിട്ടില്ല. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: *വ മൻകാന ഫീ ഹാദിഹീ അഅ്മാ ഫഹുവ ഫിൽആഖിറത്തി അഅ്മാ വ അല്ലു സബീലാ* ഇഹലോകത്ത് അന്ധനായിട്ടുള്ളവൻ പരലോകത്തും അന്ധനായിരിക്കും.

**(തുടരും)**

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin